2019 SEP \ VOL 18 \ ISSUE 9 \ PAGE 48 \ PRICE ₹50

# കെയ്‌റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## മിഷൻ

ശരിക്കും യാത്രയ്ക്കിടയിലോ മുമ്പിലോ അതോ ഒടുവിലോ?

എൽസീന ജോസഫ്

## അവരും ഞാനും തമ്മിൽ

മീനു ജോസ്

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

ചൂട്ടും വെട്ടം

# വാഴ്ത്തപ്പെട്ട ഡീന ബെലാഞ്ചെർ

## മ്യൂസിക്ക് കരിയറിനോടു ഗുഡ്ബൈ പറഞ്ഞ് കർത്താവിന്റെ മണവാട്ടിയായിത്തീർന്നവൾ

ജനനം : ഏപ്രിൽ 30, 1897, ക്യൂബക്ക് – കാനഡ
മരണം : സെപ്റ്റംബർ 4, 1929
വയസ്സ് : 32
തിരുനാൾ : സെപ്റ്റംബർ 4



എട്ടാം വയസ്സു മുതൽ പിയാനോ പഠനം; പതിനൊന്നാം വയസ്സിൽ ആദ്യ ഡിപ്ലോമ; ശേഷം ന്യൂയോർക്കിൽ ഉപരിപഠനം. അനേകം കൺസേർട്ടുകളിൽ പിയാനോ വായിച്ച് കേൾവിക്കാരുടെ കൈയടികളും അഭിനന്ദനങ്ങളും വാങ്ങി കൗമാരകാലത്തുതന്നെ ഡീന ബെലാഞ്ചെർ ഒരു കൊച്ചു സൂപ്പർസ്റ്റാറായി മാറാൻ തുടങ്ങിയിരുന്നു. എന്നാൽ പ്രശസ്തിയും സൗഭാഗ്യങ്ങളും ഡീനക്ക് തുലോം വിലയുള്ളതായിരുന്നില്ല. കാരണം അവൾ എന്നേ തന്റെ ആത്മാവിനെ പ്രാണനാഥനായ ക്രിസ്തുവിനു സമർപ്പിച്ചിരുന്നു! കുഞ്ഞുനാൾ മുതലേ ഡീനയുടെ ആത്മാവ് ക്രിസ്തുവുമായി ഉറപ്പുള്ള ഒരു വ്യക്തിബന്ധം സ്ഥാപിച്ചിരുന്നു. കുഞ്ഞുഡീന ഒരൽപം കുസൃതിക്കാരിയും വാശിക്കാരിയുമായിരുന്നെങ്കിലും മാതാപിതാക്കളുടെ നല്ല ശിക്ഷണം വഴിതെറ്റിപ്പോകാതിരിക്കാൻ അവളെ സഹായിച്ചു.


ന്യൂയോർക്കിൽ തനിക്കു ലഭിക്കാമായിരുന്ന ശോഭനമായ ഭാവി ഉപേക്ഷിച്ച് കർത്താവിന്റെ മണവാട്ടിയായിത്തീരാൻ ഡീന തീരുമാനമെടുത്തപ്പോൾ അവളുടെ മാതാപിതാക്കൾ സന്തോഷപൂർവം തങ്ങളുടെ ഏകമകളെ (അവളുടെ സഹോദരൻ ജനിച്ച് മൂന്നു മാസമായപ്പോഴേക്കും മരണമടഞ്ഞിരുന്നു) ദൈവത്തിനു വിട്ടുകൊടുത്തു.

ഡീന, കൊച്ചുത്രേസ്യയെപ്പോലെ ചില കുറുക്കുവഴികളിലൂടെയാണ് കർത്താവിനു പ്രിയപ്പെട്ടവളായി മാറിയത്. ഏതു ചെറിയ കാര്യവും ഏററവും വിശ്വസ്തതയോടെയും തികഞ്ഞ സ്നേഹത്തോടെയും അവൾ ചെയ്തുപോന്നു. മററുള്ളവരുടെ മുമ്പിൽ തീർത്തും നിസ്സാരമെന്നു തോന്നിക്കുന്ന ജോലികളൊക്കെയും സസന്തോഷം ഏറെറടുത്തു നിർവഹിക്കാൻ ഡീനക്ക് യാതൊരു മടിയുമുണ്ടായിരുന്നില്ല.

തന്റെ 'കുഞ്ഞാത്മാവിനെ' ഈശോ അനേകം മിസ്റ്റിക് അനുഭവങ്ങളാലും ആത്മീയ സമ്മാനങ്ങളാലും അനുഗ്രഹിച്ചു. സഹനങ്ങളിൽ ആത്മീയാനന്ദം കണ്ടെത്തിയ ഡീന വീണ്ടും വീണ്ടും സഹനങ്ങളാൽ തന്നെ അനുഗ്രഹിക്കണമേയെന്ന് പ്രാർഥിച്ചതിന്റെ ഫലമായി അദൃശ്യ പഞ്ചക്ഷതങ്ങൾ അവൾക്കു നൽകപ്പെട്ടു. ക്ഷയരോഗബാധിതയായി മരണത്തോടു മല്ലടിക്കുമ്പോഴും അവളുടെ ചുണ്ടിൽ വിരിഞ്ഞത് സ്നേഹത്തിന്റെ ഹാല്ലേലുയ്യ ഗീതികളായിരുന്നു.

വിശുദ്ധിയുടെ സൗരഭ്യം ചുറ്റും പരത്തിക്കൊണ്ട് ആ കുഞ്ഞുപൂവ് മുപ്പത്തിരണ്ടാമത്തെ വയസ്സിൽ തന്റെ പ്രിയ മണവാളന്റെ സ്വർഗീയാരാമത്തിലേക്കു പറിച്ചുനടപ്പെട്ടു. 1993 മാർച്ച് 20-ന് വി. ജോൺ പോൾ പാപ്പ ഡീന ബെലാഞ്ചെറെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

അഡ്വ. കെ.ജെ. ജോൺസൺ





# ഓർമപ്പെടുത്തുന്ന ഓണം

"ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം എല്ലാ ദിവസവും ഓണമാണ്. ദിവ്യബലിയിൽ ദിവസവും അവൻ ദൈവത്തെ സ്വീകരിക്കുന്നു. ജീവിതത്തിൽ സമൃദ്ധിയും സൗഹൃദവും ആഹ്ലാദവും സത്യസന്ധതയും വളർത്തുവാൻ ഈ ദിവ്യബലി അവനെ സഹായിക്കുന്നു. ക്രിസ്തുവിന്റെ ശരീരം ഇവിടെ വിഭജിക്കപ്പെടുമ്പോൾ സഹോദരങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടാൻ നമ്മളും തയ്യാറാകണം."

അബ്രഹാം പള്ളിവാതുക്കലച്ചന്റെ ദിവ്യബലിക്കിടയിലുള്ള പ്രസംഗത്തിന്റെ തീക്ഷ്ണത കേൾവിക്കാരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുന്നതാണ്. ചിന്തോദ്ദീപങ്ങളായ പ്രസംഗങ്ങളും, പ്രവർത്തന നിരതമായ ജീവിതവും നിഷ്കളങ്കമായ സൗഹൃദവുമാണ് പള്ളിയച്ചനെ വേറിട്ടു നിറുത്തുന്നത്. ഹൃദയശസ്ത്രക്രിയ കഴിഞ്ഞ് വിശ്രമിക്കുമ്പോൾ കാണാനെത്തിയവരോട് ആവശ്യപ്പെട്ടത് ഒരു നിർധന കുടുംബത്തെ സഹായിക്കുമോയെന്നാണ്. ആർദ്രതയോടെ വ്യക്തികളെ കേൾക്കുന്നതിനും കരുതലോടെ തുടർക്ഷേമാന്വേഷണം നടത്തുമ്പോഴും ശരിയല്ലെന്നു തോന്നുന്ന കാര്യങ്ങളിൽ രോഷം അച്ചൻ പ്രകടിപ്പിക്കും. സുഹൃത്തുക്കൾ നൽകുന്ന സമ്മാനങ്ങൾ സ്വന്തമായി ഉപയോഗിക്കാതെ അർഹതപ്പെട്ടവർക്കു കൈമാറി ലളിത ജീവിതം നയിക്കാനാണ് അച്ചൻ ഇഷ്ടപ്പെടുന്നത്.

സത്യസന്ധത, സാഹോദര്യം, സൗഹൃദം, വിധേയത്വം എന്നീ മൂല്യങ്ങളുടെ വിലയെക്കുറിച്ചുള്ള ഓർമപ്പെടുത്തലാണ് ഓണം. ഈ മൂല്യബോധമാണ് മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നത്. ഓരോ ഹൃദയങ്ങളിലും ദൈവം ഈ നന്മയുടെ വിത്തുകൾ നിക്ഷേപിച്ചിട്ടുണ്ട്. അനുദിനമെടുക്കുന്ന തീരുമാനങ്ങൾ, നിലപാടുകൾ, ഇടപെടലുകൾ വഴി ആ വിത്തിനു വളരുന്നതിനാവശ്യമായ പരിപോഷണം ലഭിക്കുന്നു.

ശൈശവ, ബാല്യ കാലഘട്ടത്തിൽ മറ്റുള്ളവരും ജീവിതസാഹചര്യങ്ങളും മൂല്യബോധങ്ങളെ തളിരിടാൻ സഹായിക്കുമ്പോൾ കൗമാര കാലഘട്ടം മുതൽ ഒരു വ്യക്തിയുടെ സ്വതന്ത്ര തീരുമാനങ്ങളാണ് ഇതിനെ ബലപ്പെടുത്തുകയും ഫലഭൂയിഷ്ടമാക്കി മാറ്റുന്നതും.

തന്നിൽ ബലപ്പെടേണ്ട മൂല്യത്തെക്കുറിച്ചുള്ള അവബോധമാണ് മൂല്യബോധം വളരാൻ ആദ്യം നമ്മിൽ വേണ്ടത്. അനുദിന ജീവിതത്തിലെ നിലപാടുകളിൽ ഈ മൂല്യത്തെ മുറുകെ പിടിക്കാൻ ബോധപൂർവം ശ്രമിക്കണം. നിരന്തരമായ പരിശ്രമത്തിലൂടെ മാത്രമേ മൂല്യങ്ങളെ വളർത്തുവാൻ സാധിക്കുകയുള്ളൂ. ദൈവമാണ് എല്ലാ മൂല്യങ്ങളുടെയും ഉറവിടം. നാം ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ ദൈവം നമ്മോടും ചേർന്നു നിൽക്കും.

സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിങ്ങനെ, വളർത്തിയെടുക്കേണ്ട മൂല്യങ്ങളെക്കുറിച്ച് വേദപുസ്തകം പ്രതിപാദിക്കുന്നുണ്ട്. ജീവിതത്തിൽ ഇവ എത്രമാത്രം ഉണ്ടെന്നു വിലയിരുത്തുന്നത് നല്ലതാണ്. നമ്മൾ കൈപിടിക്കുന്ന മൂല്യങ്ങളും നന്മകളും നമ്മുടെ ജീവിതങ്ങളെ ദീപ്തമാക്കട്ടെ.

എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

കെയ്റോസ്

Kairos | September 2019 | Vol 18 | Issue 9

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

Patrons
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

Spiritual Director
Rev. Fr. Joseph Ezhumayil *(KJYC Animator)*

Printer and Publisher
RejiJ. Karot 9447394142

Executive Director
Ginees Francis 9562379515 *(KJYC Coordinator)*

Editor-in-Chief
Adv. K.J. Johnson 9447245745

Executive Editor
Sajan C.A 9895711718 (kairosmag@kairos.global)

Associate Editor
Sunny Kokkappillil 9446890744

Editorial Board
Dr.Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891

Circulation Managers
Aldrin Joseph +91 6238279115 circulations@kairos.global
Leema Alex +91 6238105775 circulations@kairos.global

Associate Circulation Managers
***Australia:*** Mintu Vijoy, Melbourne +61 452538785
***Bahrain:*** Roshan George, Manama + 973 36906995
***Cambodia:*** Sophearong Ravy, Phnom Penh +855 964265472
***Canada:*** Joby Joseph, Ontario +12899 686 074
***Germany:*** Anna Paul, Berlin +49 176 83495451
***India:*** Aldrin Joseph, Cochin +916238279115
Jackulin Sheela, Mumbai +91 9967329244
***Ireland:*** Suresh V Joy, Dublin. +35 3879630904
***Israel:*** Jaison K Thattil, Tel Aviv +972 559425308
***Kuwait:*** Anish Thomas Kappil, Salmiya +965 90063685
***Malaysia:*** Deepu James, KL Sentral +60 12649 4628
***Netherlands:*** Jojo Varghese, Utrecht +31 684974552
***New Zealand:*** Derick Daniel, Auckland +64 291270650
***Oman:*** Jiju Paul, Muscat +968 99467516
***Papua New Guniea:*** Abin Michael, Port Moresby +675 74794368
***Qatar:*** Jomichan P George, Doha + 974 33688437
***Singapore:*** Jilu Nobin, Sengkang +65 93294529
***Switzerland:*** Joseph C Robert, Zurich +41 762499295
***Thailand:*** Mary Harris, Bangkok +66 843138626
***UAE:*** Thomas Komban, Dubai + 971 553009006
***Uganda:*** Dominic Mathew, Kampala +256 757207200
***UK:*** Mathachan Madukkakuzhy Stoke on Trent + 44 7969365686
***USA:*** Denny Joseph, Houston +1 8326403106

Finance Manager
Rani George +91 9446563335 finance@kairos.global

Office
Smitha Jose: smitha.jose@kairos.global
Manu Antony +91 9656430440 manu.antony@kairos.global

Design
Shaji Joseph Arakkal +91 9895405631 arakkalshaji@gmail.com

Mailing Address
*INDIA*
Kairos Media, 8/174, Navodaya Studio Complex, Thengode P.O,
Kochi 682030, Kerala, India.
infoin@kairos.global +91 484 2984327

*USA*
Kairos International Inc., 3010 Mason Grove Ln
Pearland, TX 77584 USA
info@kairos.global +1 832 592 3675

www.kairos.global
Facebook.com/Readkairos Twitter.com/kairosmalayalam

# താളുകളിൽ




*Cover Model:*
Sharon Wilson
Film Maker, Ireland.
More information
on page 16

*Photo by:*
Ramji Madambi

14 യൂത്ത്ക്ലാസ്സ്
അഡ്വ. റൈജു വർഗീസ്
**സൗഹൃദോത്സവങ്ങൾ**



16 കവർസ്റ്റോറി
എൽസീന ജോസഫ്
**മിഷൻ**
ശരിക്കും യാത്രയ്ക്കിടയിലോ
മുമ്പിലോ അതോ ഒടുവിലോ?

കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT APP ONLINE (ENG) ONLINE (MAL)

# മറുപടീസ്

ആഗസ്റ്റ്മാസം കെയ്റോസ് കുറേക്കൂടി യൂത്ത്ഫുൾ ആയിട്ടുണ്ടെന്നു തോന്നുന്നു. എന്തായാലും നന്നായിട്ടുണ്ട്. ജിന്റോ ജോണിന്റെ 'ആഘോഷമായിരുന്നു അത്' എന്ന ലേഖനം വായിച്ചു. യുവജനങ്ങളുടെ മനസ്സും പ്രവർത്തന രീതികളും നന്നായി മനസ്സിലാക്കാൻ സാധിച്ചു. കവർ സ്റ്റോറിയിലെ അനുഭവങ്ങളും കൊള്ളാം. ഇതുപോലെ തുടർന്നാൽ നല്ലതാകും. കെയ്റോസ് പ്രവർത്തകർക്കു നന്ദി.

***റോബിൻ സ്റ്റീഫൻ, കൂനമ്മാവ്***

കെയ്റോസിലെ മിഷൻ എന്ന പംക്തിയിലെ 'ബൊമ്മിതി ഞങ്ങളെ പഠിപ്പിച്ചത്' എന്ന അനുഭവങ്ങൾ ഏറെ ഹൃദ്യമായി. ഇതുപോലെ കോളേജുകളിൽനിന്നു പോകുന്നതും ഇന്നത്തെ യുവജനങ്ങൾ ഒരുമിച്ചു പോകുന്നതുമായ മിഷൻ യാത്രകളും വളരെ നല്ലതാണ്. യുവസുഹൃത്തുക്കൾക്ക് കൂടുതൽ പ്രചോദനമാകുന്നതാണ് ഇത്തരം യാത്രാനുഭവങ്ങൾ. കൂടുതൽ യുവജനങ്ങൾ ഇങ്ങനെ സമൂഹത്തിലേയ്ക്ക് ഇറങ്ങിത്തിരിക്കുവാനും സാമൂഹ്യ ബോധമുള്ളവരും ഉയർന്ന ജീവിത നിലവാരമുള്ളവരായും ആയിത്തീരട്ടെയെന്നു പ്രാർഥിക്കുന്നു.

***ആനി ജോൺ, വടുതല***

## ശ്രദ്ധിക്കുമല്ലോ

പ്രിയമുള്ളവരേ കെയ്റോസ് മാസികയുടെ വരിക്കാരാകാനാഗ്രഹിക്കുന്നവർക്കും കെയ്റോസിന്റെ ഈ യുവജന ശുശ്രൂഷയിൽ, സാമ്പത്തികമായി സഹായിക്കുവാനാഗ്രഹിക്കുന്നവർക്കും NEFT വഴിയോ, മറ്റേതെങ്കിലും രീതിയിലൊ ബാങ്കിലേക്കു പണമടയ്ക്കാവുന്നതാണ്. ഇങ്ങനെ ബാങ്കിൽ പണമടയ്ക്കുന്നവർ ഈ വിവരം ദയവായി ഓഫീസിലേയ്ക്ക് അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

94976 79108, 0484 2984327

***ബാങ്കുവഴി പണമടയ്ക്കുവാൻ:***

KAIROS TRUST, SB A/c No. 13060100110898

IFSC - FDRL 0001012, FEDERAL BANK, KALAMASSERY

***ഓഫീസ് വിലാസം:***

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.,
കാക്കനാട്, കൊച്ചി 682030
0484 2984327, kairosmag@kairos.global



"നിങ്ങളോരോരുത്തരും സ്വന്തം ശരീരത്തെ വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കേണ്ടത് എങ്ങനെയെന്ന് അറിയണം"

1 തെസ 4: 4

## അവരും ഞാനും തമ്മിൽ



29 ഫാമിലി കഫേ
മീനു ജോസ്

### സ്ഥിരം പംക്തികൾ

06 ദൈവത്തിന്റെ മൗനം
ശശി ഇമ്മാനുവൽ

08 എഡ്ഡിസ്പീക്കിങ്
ഡോ. എഡ്‌വേർഡ് എടേഴത്ത്

38 മിഷൻ
ലിവിൻ വർഗീസ് പറവൂർ

40 സിനിടോക്സ്
ജോസഫ് അന്ത്രപ്പേർ

41 ബുക്ക്ഷെൽഫ്
അനിതാ ബാബു

42 വാർത്താവിചാരം
സണ്ണി കോക്കാപ്പിള്ളിൽ

44 സ്മാർട്ട്കിഡ്സ്
വെങ്കി & ആൽഡ്രിൻ ജോസഫ്



*തിരക്കുപിടിച്ച ഓട്ടങ്ങൾക്കിടയിൽ നമ്മെ അൽപമൊന്ന് ശാന്തമാക്കി ചെറിയൊരു ധ്യാനത്തിലേക്ക് കൈ പിടിച്ചു നടത്തുകയാണ് ഈ പംക്തി. വിദേശത്തെ ഉയർന്ന ജീവിത സൗകര്യങ്ങൾ ഉപക്ഷിച്ച് നാട്ടിൽ ലളിതമായ ജീവിതം നയിക്കുകയാണ് അധ്യാപകനും, പ്രഭാഷകനും, പരന്ന വായനക്കാരനുമായ ലേഖകൻ.* sasiimmanuel@gmail.com

**അപ്രതീക്ഷിത ദുരന്തം വിതച്ച ഈ പ്രളയകാലത്ത് കനിവിന്റെയും അതിജീവനത്തിന്റെയും അനേക ജീവിത മാതൃകകൾ മനുഷ്യനിലെ മനുഷ്യത്വത്തെയും ദൈവികതയെയും, നമുക്കു മുമ്പിൽ വരച്ചുകാട്ടുകയായിരുന്നു.**

# ദൈവം നിശ്ശബ്ദനാണ്, പ്രവാചകന്മാരും!

'സമൂഹ മാധ്യമങ്ങളിലൂടെയുള്ള കുപ്രചരണം നാടിന്റെ ശാപം' എന്നൊരു മുഖപ്രസംഗം എഴുതാൻ ഒരു പ്രശസ്ത ദിനപത്രം ഈ ദിവസങ്ങളൊന്നിൽ നിർബന്ധിതമാകത്തക്ക വിധം സാമൂഹ്യ മാധ്യമ ദുരുപയോഗം ഈ ദുരന്ത ദിനങ്ങളിലും ചിലർ തുടർന്നിരുന്നു. അപ്രതീക്ഷിത ദുരന്തം വിതച്ച ഈ പ്രളയകാലത്ത് കനിവിന്റെയും അതിജീവനത്തിന്റെയും അനേക ജീവിത മാതൃകകൾ മനുഷ്യനിലെ മനുഷ്യത്വത്തെയും ദൈവികതയെയും, നമുക്കു മുമ്പിൽ വരച്ചുകാട്ടുകയായിരുന്നു. കനത്ത മഴമേഘങ്ങൾക്കിടയിലും പ്രത്യാശയുടെ ഇത്തിരിവെട്ടം എങ്ങും പരത്തി മനുഷ്യ മഹത്വത്തെ ചിലർ ഉയർത്തിക്കാട്ടവേ, ചില രോഗാതുര ജീവിതങ്ങൾ തങ്ങളുടെ വൈകൃതം നിറഞ്ഞ മനസ്സിന്റെ മലിനതകൊണ്ട് പൊതു സമൂഹത്തെ ദ്രോഹിച്ച് അതിൽ ആനന്ദം കണ്ടെത്തുന്ന വിരോധാഭാസവും കാണപ്പെടുകയുണ്ടായി. സങ്കീർണമായ രക്ഷാപ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ സമർപ്പിത മനസ്സുമായി അനേകർ ദുരന്തമുഖത്ത് രാപകലില്ലാതെ ജോലിയെടുക്കുകയാണ്.

ആ കഠിന ദൗത്യങ്ങൾക്കു വിഘാതമുണ്ടാക്കുന്ന രീതിയിൽ വിനോദ സഞ്ചാരികളുടെ മനസ്സുമായി കാഴ്ച കാണാൻ പോകുന്നവരുടെ തിക്കും തിരക്കും രക്ഷാദൗത്യത്തെ ഒരു ഭാഗത്ത് തടസ്സപ്പെടുത്തുകയായിരുന്നു. സകല പരിധിയും ലംഘിച്ച് സാമൂഹ്യ മാധ്യമങ്ങൾ വഴിയായി കുപ്രചരണങ്ങൾ അഴിച്ചുവിട്ടാണ് മറുഭാഗത്ത്ചിലർ ദ്രോഹം അഴിച്ചുവിട്ടത്. സുരക്ഷിതമായ പ്രദേശങ്ങളിൽ ഉരുൾപൊട്ടലുണ്ടായെന്നും, എല്ലാ ഡാമുകളും തുറന്നുവിടുമെന്നും, പെട്രോളിനും, ഡീസലിനും കടുത്ത ക്ഷാമം ഉണ്ടാകുമെന്നും തുടങ്ങിയുള്ള വ്യാജ വാർത്തകൾ പ്രചരിപ്പിച്ചാണ് ചിലർ പൗരധർമം നിർവഹിച്ചതെങ്കിൽ, മുഖമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കെന്ന പേരിൽ പണം തട്ടിയെടുക്കാനുള്ള അവസരമാക്കി ഈ ദുരന്തത്തെ മാറ്റാനായിരുന്നു വേറെ ചിലരുടെ ശ്രമങ്ങൾ. ഇനി ഇത്തരം കുത്സിത പ്രവൃത്തികൾക്കിടയിൽ കണ്ട മറ്റൊരു കാഴ്ച ഏത് ജീവകാരുണ്യ ശുശ്രൂഷയിലും എല്ലാം മറന്ന് മറ്റാരേക്കാളും ഒരു മൈൽ മുമ്പേ സഞ്ചരിപ്പിക്കുന്ന ക്രൈസ്തവ സഭകളേയും, പുരോഹിതരേയും പരിഹസിക്കാനും, ദുഷിക്കാനും അങ്ങനെ കലക്ക വെള്ളത്തിൽ മീൻ പിടിത്തമെന്ന മട്ടിൽ ഈ അവസരവും ഉപയുക്തമാക്കാനുള്ള ചിലരുടെ വക്രതയായിരുന്നു. "വെള്ളത്തിനു മീതെ നടന്ന നിന്റെ ദൈവം എവിടെ? വട്ടായിലും വാളമ്നാലും എവിടെപ്പോയി... (ബഹു. വട്ടായിലച്ചനേയും, ഡൊമിനിക് അച്ചനേയുമൊക്കെ വിശ്വാസത്തേയും അഭിഷിക്തരേയുമൊക്കെ പരിഹസിച്ച് നിസ്സാരവത്ക്കരിക്കുന്നതിലായിരുന്നു ചില അൽപബുദ്ധികളുടെ ശ്രദ്ധ). 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം, എന്ന മട്ടിൽ ഇത്ര വലിയ അപ്രതീക്ഷിത ദുരന്തത്തിനിടയിലും

സഹജീവികളോടു കരുണകാണിക്കുന്നതിനെക്കാൾ തിടുക്കം അവരുടെ മതനിരാസത്തെ പ്രചരിപ്പിക്കാനും, സഭാധികാരികളിൽ നിന്ന് കിട്ടിയ ചില ചില്ലറ മുറിവിന്റെ ചൊരുക്കു തീർക്കാനൊക്കെയായിരുന്നു. ഈ വലിയ അതിജീവന സമരത്തിൽ കൈയും മെയ്യും മറന്ന് സഹജീവികളെ സഹായിക്കുന്ന അനേകം വോളണ്ടിയർമാരോടൊപ്പം, അനേകം സഭാസ്ഥാപനങ്ങളും സംവിധാനങ്ങളും ഉണർന്നിരുപ്പുണ്ട്. നുണയുടെ കുടകൊണ്ടൊന്നും മറച്ചു പിടിക്കാനാവില്ലത്. അതിജീവനത്തിനിടയിലും നാം മറക്കാൻ പാടില്ലാത്ത ചില ചിന്തകൾ ചേർക്കട്ടെ

ഒരു പഴയ ഗാനത്തിന്റെ വരികൾ എത്രയോ ചിന്തോദ്ദീപകമാണ്: "പനിനീരു പെയ്യുന്ന പറുദീസ നൽകി പാരിൽ മനുജനായ് ദൈവം അതിനുള്ളിൽ പാപത്തിൽ പാമ്പിനെ പോറ്റുന്നു അറിയാതെ മർത്യന്റെ കൈകൾ" പാരിസ്ഥിതിക ചൂഷണത്തിൽ ഏറെ മുൻപന്തിയിലാണ് വിദ്യാസമ്പന്നരുടെ ഈ നാട്. പ്രകൃതിയെ മറന്ന്, നാളെയെ വിസ്മരിച്ച്, വെട്ടിനിരത്താവുന്നതെല്ലാം നിരത്തി, നികത്താവുന്നിടത്തോളം നികത്തി കോൺക്രീറ്റ് വനം നട്ടു പിടിപ്പിക്കുന്നതിൽ എല്ലാ വിഭാഗങ്ങളും മത്സരിക്കുവാൻ തുടങ്ങിയിട്ട് നാളേറെയായി. കേട്ടിട്ടില്ലേ- മനുഷ്യൻ ദൈവത്തോട് തെറ്റു ചെയ്താൽ അവിടന്ന് എപ്പോഴും അവനോടു ക്ഷമിക്കും, മനുഷ്യൻ മനുഷ്യനോട് തെറ്റ് ചെയ്താൽ അവൻ ഇടയ്ക്കൊക്കെ ക്ഷമിച്ചേക്കും, മനുഷ്യൻ പ്രകൃതിയോട് തെറ്റ് ചെയ്താൽ പ്രകൃതി ഒരിക്കലും ക്ഷമിക്കില്ലത്രേ- എത്ര മാത്രം ശരിയാണ് എന്നറിയില്ല ഈ വാക്കുകൾ.

'ലൗദാത്തോസീ' എന്ന ചാക്രിക ലേഖനത്തിൽ നമ്മുടെ പരിസ്ഥിതിയെക്കുറിച്ചുള്ള തന്റെ ആശങ്കകൾ രേഖപ്പെടുത്തുന്നുണ്ട് ഫ്രാൻസിസ് പാപ്പ. "നമുക്ക് നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനെ സംരക്ഷിക്കാം. പ്രകൃതിയെ ചൂഷണം ചെയ്യാനല്ല അതിനെ പരിപാലിക്കാനും സംരക്ഷിക്കാനും സ്വന്തം പരിശ്രമങ്ങളിലൂടെ ശുശ്രൂഷിക്കാനുമാണ് ദൈവം മനുഷ്യന് പ്രകൃതിക്കുമേൽ അവകാശം നൽകിയിരിക്കുന്നത്."

ഒരിക്കൽ ഓസ്ട്രേലിയൻ ഉൾപ്രദേശങ്ങളി

> *മനുഷ്യൻ ദൈവത്തോട് തെറ്റു ചെയ്താൽ അവിടന്ന് എപ്പോഴും അവനോടു ക്ഷമിക്കും, മനുഷ്യൻ മനുഷ്യനോട് തെറ്റ് ചെയ്താൽ അവൻ ഇടയ്ക്കൊക്കെ ക്ഷമിച്ചേക്കും, മനുഷ്യൻ പ്രകൃതിയോട് തെറ്റ് ചെയ്താൽ പ്രകൃതി ഒരിക്കലും ക്ഷമിക്കില്ലത്രേ.*

ലൂടെ സഞ്ചരിക്കുമ്പോൾ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കുറേ വീടുകൾ കുന്നിൻ ചരിവിലും മുകളിലുമൊക്കെ കാണാനിടയായി. സംശയം തീർത്ത് സുഹൃത്ത് പറഞ്ഞുതന്നു, ഒരു വീട് പണിയാനോ കെട്ടിടം നിർമിക്കാനോ ഭൂപ്രകൃതിയിൽ മാറ്റം വരുത്താൻ അവിടെ അനുവദനീയമല്ലത്രെ. എത്രയോ ദീർഘവീക്ഷണമുള്ള നിലപാടാണിത്. മുരുകൻ കാട്ടാക്കടയുടെ 'പക'യെന്ന കവിത എത്രയോ നാളുകൾ മുമ്പ് നമ്മുടെ വരാനിരിക്കുന്ന ദു:സ്ഥിതിയെ കണ്ട് എഴുതപ്പെട്ടതാണ് എന്ന് തോന്നിപ്പോകും. "ദുര മൂത്തു നമ്മൾക്ക് പുഴകറുത്തു, ചതി മൂത്തു നമ്മൾക്ക് മല വെളുത്തു, തിര മുത്തമിട്ടോരു കരിമണൽ തീരത്തു വരയിട്ടു നമ്മൾ പൊതിഞ്ഞെടുത്തു. പകയുണ്ട് ഭൂമിക്ക്, പുഴകൾക്ക്, മലകൾക്ക് പുകതിന്ന പകലിനും ദ്വേഷമുണ്ട്..." (യൂട്യൂബിലുണ്ട് ഒന്ന് കേൾക്കുന്നത് നഷ്ടമാവില്ല) ഭൂമിക്ക് ഒരു ചരമഗീതം പണ്ടേ മറ്റൊരു കവി എഴുതി വച്ചിട്ടുണ്ട് ഒ.എൻ.വി. കുറുപ്പ്. പ്രകൃതി ദുരന്തങ്ങളുടെ പേരിൽ ദൈവത്തെ വാട്സാപ്പിൽ പഴിക്കുന്നതിനു മുമ്പ് സ്വന്തം ജീവിതത്തിലേയ്ക്ക് തിരിഞ്ഞു നോക്കാനും പരിസ്ഥിതിയെ വിസ്മരിച്ചുള്ള സ്വാർഥ ജീവിതത്തെ തിരുത്തുകയുമാണ് ഓരോരുത്തരും ചെയ്യേണ്ടത്.

മറ്റൊന്ന്, ദൈവത്തെ വിസ്മരിച്ചുള്ള ആസക്തിയും, വൈകൃതങ്ങളും നിറഞ്ഞതുമായ ആധുനിക മനുഷ്യന്റെ ജീവിതം സോദോം ഗൊമോറായിലെന്ന പോലെ നാശം വിളിച്ചു വരുത്തുകതന്നെ ചെയ്യും. അഹന്തയുടെ ബാബേൽ ഗോപുരങ്ങളിലാണ് പലരും കൂടുകൂട്ടിയിരിക്കുന്നത്. ഏശയ്യാ പ്രവാചകൻ പറയുന്നത് ഭൂമി, അതിന് താങ്ങാനാവാത്ത അകൃത്യ ഭാരത്താൽ ഉന്മത്തനെപ്പോലെ ആടിയുലയുന്ന ഒരു കാലംവരുമെന്നാണ്. നമുക്ക് ഈ വചനഭാഗം ശ്രദ്ധയോടെ ധ്യാനിക്കാം. എന്നാൽ ഞാൻ പറയുന്നു: ഞാൻ തളരുന്നു; ഞാൻ ക്ഷയിച്ചു പോകുന്നു; എനിക്കുദുരിതം! വഞ്ചകൻ തികഞ്ഞ വഞ്ചനയോടെ പെരുമാറുന്നു. ഭൂവാസികളേ, ഭീതിയും ചതിക്കുഴിയും കെണിയുമാണു നിങ്ങളെ കാത്തിരിക്കുന്നത്. ഭീകര ശബ്ദം കേട്ട് ഓടിപ്പോകുന്നവർ കുഴിയിൽ വീഴും; കുഴിയിൽ നിന്നുകയറുന്നവർ കെണിയിൽപ്പെടും. ആകാശ ജാലകങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു; ഭൂമിയുടെ അടിസ്ഥാനങ്ങൾ വിറകൊള്ളുന്നു. ഭൂമി നിശ്ശേഷം തകർക്കപ്പെട്ടിരിക്കുന്നു. അതു ഛിന്നഭിന്നമായി, അതു പ്രകമ്പനം കൊള്ളുന്നു. കുടിൽ പോലെ ഇളകിയാടുന്നു. അതു താങ്ങുന്ന അകൃത്യം അത്ര ഭാരമേറിയതാണ് (ഏശ 24:16-20). അമ്മമാരുടെ ഗർഭപാത്രങ്ങളിൽ അനുദിനം പതിനായിരത്തിലധികം കുരുന്നു ജീവനുകൾ ആരുമറിയാതെ കൊലചെയ്യപ്പെടുന്നുവെന്നാണ് കണക്ക്. ആ നിഷ്ക്കളങ്ക രക്തം കുടിക്കാൻ വാ പിളരുന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കുമെന്ന യഹോവയുടെ അരുളപ്പാട് പണ്ട് കായേനോടെന്ന പോലെ സർവ മനുഷ്യരോടും ഇന്ന് പറയപ്പെടുന്നില്ലേ? ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർധിച്ചിരിക്കുന്നെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമാണെന്നും കർത്താവ് കണ്ടു (ഉൽ 6:3-5). ഇത്രമാത്രം മനുഷ്യമനസ്സുകൾ ദുഷിച്ച മറ്റൊരു കാലം മുമ്പ് ഉണ്ടായിട്ടുണ്ടോ? ഇത്തരം ഒരു കാലത്തെ നോക്കിയാണ് മത്തായിയുടെ സുവിശേഷം 24-ൽ ചിലതെല്ലാം കർത്താവ് യുഗങ്ങൾക്ക്മുമ്പ് പറഞ്ഞുവച്ചത്.?

ദുരന്തങ്ങളിൽ ജീവാർപ്പണം ചെയ്തവരും, തന്റെ വ്യാപാര സ്ഥാപനം തുറന്നിട്ട നൗഷാദിക്കയും, കഴിഞ്ഞ പ്രളയകാലത്ത് കുരുന്ന് ജീവനുമായി അപകട ഭൂമിയിലൂടെ സ്വയം മറന്ന്ഓടിയ കനയ്യകുമാറുമൊക്കെ നമ്മുടെ മുമ്പിൽ ദൈവികതയുടെ ഉപമ തീർത്ത നല്ല സമരിയാക്കാരാണ്. നീയും പോയി അവരെപ്പോലെ ചെയ്യുവിൻ എന്നാവണം ഈശോ നമ്മോടും പറയുന്നത്. ഒപ്പം ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം മറക്കാതിരിക്കാം. പ്രകൃതിക്ക് നാം പരിപാലകരും സംരക്ഷകരും ശുശ്രൂഷകരുമാവണം; ജീവനുള്ളിടത്തോളം കാലം ✦

ഡോ. എഡ്‌വേർഡ് എടേഴത്ത്

*ജീസസ് യൂത്തിന്റെ നാൾവഴികൾ, ആശയങ്ങൾ, വീക്ഷണങ്ങൾ, ലക്ഷ്യങ്ങൾ, ഗുണനിരൂപണങ്ങൾ, വിമർശനങ്ങൾ എന്നിവയുടെ തുറന്നെഴുത്താണ് ഈ പംക്തി.*
*ജീസസ് യൂത്ത് രൂപപ്പെടുന്ന ആദ്യ നാളുകൾ മുതലേ സജീവമായി മുൻനിരയിലുള്ള പ്രധാനിയാണ് ഇതിന്റെ ലേഖകൻ ഡോ. എഡ്‌വേർഡ് എടേഴത്ത്. വായനക്കാരുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമായി ബന്ധപ്പെടാൻ:*
edward.edezhath@gmail.com



# ഒരു ലളിത, സാമാന്യ സാധാരണ ജീവിതം പക്ഷേ, ഏറെ വ്യത്യസ്തം

കേരളത്തിലെ നവീകരണ വളർച്ചയുടെ ആദ്യകാലങ്ങളിൽ നേതൃത്വ പരിശീലനങ്ങൾക്കിടെ 'നോർമൽ ക്രിസ്തീയ ജീവിതം' എന്ന തലക്കെട്ടിൽ ഒരു ക്ലാസ്സ് ഉണ്ടാകുമായിരുന്നു. പ്രശസ്ത ചൈനീസ് എഴുത്തുകാരൻ വാച്ച്മൻ നീ ആ പേരിൽ തന്നെ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. അതിൽ നിന്നാണോ ആ ശീർഷകം വന്നത് എന്നറിഞ്ഞുകൂടാ. അല്ലെങ്കിൽ നവീകരണ ധ്യാനങ്ങൾ മാനസിക സമനില തെറ്റിക്കും എന്ന അക്കാലത്തെ ചിലരുടെ ചിന്തയ്ക്ക് ഒരു തിരുത്തായിട്ടായിരുന്നോ? അതും അല്ലെങ്കിൽ ഏറെ പുതുമയുള്ള ഈ പുത്തൻ ആധ്യാത്മികത സാധാരണ ക്രിസ്തീയ ജീവിതം തന്നെയാണ് എന്ന് സ്ഥാപിക്കാൻ കൂടെയായിരുന്നോ എന്നും അറിയില്ല.

അതെന്തുമാകട്ടെ, ജീസസ് യൂത്തുമായി ബന്ധപ്പെട്ട ആദ്യകാല കൂട്ടായ്മകളിലെ ചർച്ചകളിൽ ഒരു ചിന്ത സാധാരണയായി പൊന്തിവരുമായിരുന്നു. ചുറ്റുപാടും പൊങ്ങച്ചവും പ്രകടനപരതയും വ്യാപകമാകുന്ന ഇക്കാലത്ത് സാധാരണത്വവും ലാളിത്യവും മുറുകെപ്പിടിക്കുന്ന ഒരു ക്രിസ്തീയ ശൈലിക്കാണ് നമ്മുടെ ഇടയിൽ ഊന്നൽ ലഭിക്കേണ്ടത്. മറ്റ് ഏതൊരു യുവാവിനെയും യുവതിയെയുംപോലെ തന്നെയാകണം ജീസസ് യൂത്ത്. പക്ഷേ, മുഖത്തുകാണുന്ന പുഞ്ചിരിയിലും പ്രസരിപ്പിലും ഉള്ളിലെ ചൈതന്യത്തിലും ഏറെ വ്യത്യസ്തരുമാകണം. ഈ സമീപനത്തിനാകണം മുന്നേറ്റത്തിൽ പ്രത്യേക ഊന്നൽ.

ഒന്നാലോചിച്ചാൽ മുന്നേറ്റത്തിൽ മാത്രമല്ല പൊതുവായ ക്രിസ്തീയ ജീവിത ശൈലിയുടെ തന്നെ ഏറ്റം പ്രധാന ഊന്നൽ ഈ ലളിത സാധാരണ സമീപനം തന്നെയല്ലേ. യേശുവിന് തന്റെ ലാളിത്യത്തെക്കുറിച്ച് സധൈര്യം പറയാൻ സാധിച്ചു. "ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാണ്." "ദൈവം തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു" എന്നാണ് മറിയം ഉദ്ഘോഷിച്ചത്.

അസ്സീസിയിലെ ഫ്രാൻസിസിനെ പോലെയുള്ള ഉന്നത മാനസർ ആധ്യാത്മികതയുടെ ബാഹ്യമോടികൾ എല്ലാം കൈവെടിഞ്ഞ് എളിമയും ദാരിദ്ര്യവും സ്വീകരിച്ചു. മുന്നേറ്റത്തിന്റെ വിവിധ ശൈലികൾ രൂപംകൊണ്ട ആദ്യകാല വിചിന്തനങ്ങളിലും ചർച്ചകളിലും ഈ സാധാരണത്വത്തെ ആശ്ലേഷിക്കുന്ന സമീപനം പ്രത്യേക ശ്രദ്ധ നേടി.

ജീസസ് യൂത്തിന് ഏറെ താത്പര്യമുള്ള ഈ സന്തോഷകരമായ സാധാരണത്വം യഥാർഥത്തിൽ സൂചിപ്പിക്കുന്നത് എന്താണ്? ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം തലങ്ങളിലാണ് മുന്നേറ്റത്തിലെ വ്യക്തികളിലും അതിലെ കൂട്ടായ്മകളിലും മാറ്റങ്ങൾ വരേണ്ടത്?

## ഒന്ന്: നട്ടിടത്ത് പുഷ്പിക്കുക

1982 മുതൽ ഏതാണ്ട് അഞ്ചു വർഷക്കാലത്തേയ്ക്ക് ഫസ്റ്റ് ലൈൻ ഗ്രൂപ്പ് എന്ന പേരിൽ ഒരു കൂട്ടായ്മ വിചിന്തനത്തിനും പങ്കുവയ്ക്കലിനും പ്രവർത്തന പദ്ധതികൾ ഒരുക്കാനുമായി മാസംതോറും ഒന്നിച്ചുവരുമായിരുന്നു. ആദ്യത്തെ ചില ഒത്തുചേരലുകൾ എറണാകുളം വിദ്യാനികേതനിലായിരുന്നു. തുടർന്ന്, ഏറെ ദൂരത്തല്ലാതെയുള്ള സ്നേഹനിലയത്തിലും. അന്നുതന്നെ ഒരു കോളേജ് അധ്യാപികയും കൂട്ടത്തിൽ പരിചയ സമ്പത്തിൽ മുന്നിലുമായിരുന്ന ആലീസുകുട്ടി പലപ്പോഴും ഒരു കാര്യം ഓർമപ്പെടുത്തുമായിരുന്നു: "നാം നട്ടിടത്ത് പൂവണിയണം."

ജെനീവയിലെ മെത്രാനായിരുന്ന ഫ്രാൻസിസ് ഡി സാലസിന്റെ (1567–1622) പ്രസിദ്ധമായ വാക്കുകളാണിവ. നന്മ പ്രവൃത്തിക്കുള്ള ഏറ്റംനല്ല വഴി നമ്മുടെ സാധാരണ ജീവിത സാഹചര്യങ്ങളിൽ ശോഭയോടെ പ്രകാശിക്കുക എന്നതാണ്. പൗലോസ്ലീഹായുടെ വാക്കുകളും ഇതോടൊത്തു പോകുന്നതാണ്. "ഏത് അവസ്ഥയിൽ നിങ്ങൾ വിളിക്കപ്പെട്ടുവോ ആ അവസ്ഥയിൽ ദൈവത്തോടൊത്തു നിലനിൽക്കുവിൻ" (1 കോറി 7:24). നാം ജീവിതത്തിൽ ഒരു പുത്തൻ അർഥവും ആഴവും ഒരു പ്രത്യേക വിളിയും ഒക്കെ കണ്ടെത്തിയത് ഒരു പ്രത്യേക ജീവിത പശ്ചാത്തലത്തിലാണ്. ഒരു പ്രത്യേക കുടുംബത്തിൽ, തനതായ ഒരു ജീവിത ശൈലിയിൽ,

ചിലപ്പോൾ ഒരു ജോലിയുടെ പശ്ചാത്തലത്തിൽ, ഒക്കെയാകാം അത്. ഇതെല്ലാം ദൈവം നമുക്കു തരുന്ന വളരെ പ്രത്യേകമായ ഒരു ജീവിത ദൗത്യത്തെയും നാം ജീവിച്ചു തീർക്കേണ്ട എന്തോ ഒരു ജീവിത നിറവിനേയും സൂചിപ്പിക്കുന്നു.

ജീവിത നെട്ടോട്ടത്തിൽ 'കാരറ്റിന്റെയും വടിയുടെയും' തത്ത്വം നമ്മെ നയിക്കുന്നു എന്നു പറയാറുണ്ട്. കഴുതയുടെ പുറത്തിരുന്ന് മുന്നിൽ വടിയുടെ അറ്റത്ത് ഒരു കിഴങ്ങും പുറകിൽ ചൂരലുകൊണ്ട് പ്രഹരവുമായി ആ മൃഗത്തെ മുന്നോട്ടു കൊണ്ടുപോകുന്ന ഒരാളുടെ ചിത്രം നാം കണ്ടുകാണും. അതുപോലെ ധാരാളം മനുഷ്യരെ ജീവിതത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നത് ഇന്നത്തെ വേദനകൾ എങ്ങെയെങ്കിലും 'ഒഴിവാക്കി' മുന്നിൽ വച്ചുനീട്ടുന്ന സുന്ദര സൗഭാഗ്യത്തിലേയ്ക്ക് 'രക്ഷപെടാനുള്ള' കിണഞ്ഞു പരിശ്രമമാണ്. ജീവിതത്തിൽ സൗഭാഗ്യങ്ങൾക്കുവേണ്ടിയുള്ള പരക്കം പാച്ചിലും ബോറടിയോ വേദനയോ മാറ്റാൻ വിവിധ ലഹരികളിലേയ്ക്കുള്ള വീഴ്ചയോ ഒക്കെ ഇതിന്റെ വിവിധ രൂപങ്ങൾ മാത്രം, ചിലപ്പോഴെങ്കിലും നമ്മുടെ ആധ്യാത്മികതയും ക്രിസ്തീയ ദൗത്യ പ്രതിബദ്ധതയും ഇന്ന് ഇവിടെനിന്ന് ഓടിയകലാനുള്ള വ്യക്തിപരമായ വ്യഗ്രതയാണോ എന്ന് നാം പരിശോധിക്കേണ്ടതുണ്ട്.


ഞാൻ, എന്റെ സാഹചര്യങ്ങൾ, എന്റെ ചുറ്റുപാടുമുള്ളവർ എന്നിവയെപ്പറ്റിയുള്ള വിചിന്തനവും, വിശ്വാസത്തിന്റെ പശ്ചാത്തലത്തിലുള്ള ഒരു പുതു കണ്ടെത്തലും അവയെ സ്വീകരിക്കലുമല്ലേ 'നട്ടിടത്തു പുഷ്പിക്കുക' എന്നതിന്റെ ചില പടികൾ? എന്നിലും എന്റെ ചുറ്റുപാടും പ്രശ്നങ്ങൾ മാത്രം കണ്ട് ഒരു 'വാഗ്ദത്ത ഭൂമിയിലേയ്ക്ക്' എങ്ങനെയെങ്കിലും രക്ഷപെടാനുള്ള പരക്കം പാച്ചിലിൽ നിന്ന് തികച്ചും വ്യത്യസ്തമാണിത്. മറിച്ച്, "എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം" (1 തെസ 5:18) എന്ന മനോഭാവമാണത്. ഈ അംഗീകരിക്കൽ സാവധാനത്തിൽ ഒരു ആസ്വാദനത്തിലേയ്ക്കും തുടർന്ന് ആത്മാഭിഷേകത്തിൽ സുന്ദരമായ ഒരു ദൗത്യത്തിലേയ്ക്കും നയിക്കും. അങ്ങനെയെങ്കിൽ, വെറുതേ എന്റെ സാഹചര്യങ്ങളിൽ ജീവിച്ചു പോകുന്നതും മറിച്ച്, ഞാൻ അവിടേയ്ക്ക് അയയ്ക്കപ്പെട്ടവനാണ് എന്നു കണ്ട് ഒരു ദൗത്യനിറവിൽ ജീവന്റെ പൂർണതയിൽ ആ സാഹചര്യങ്ങളിൽ സജീവമാകുന്നതും തമ്മിൽ വലിയ വ്യത്യാസമില്ലേ?

ജീസസ് യൂത്ത് ചിന്തയിലെ ഒരു സാദാ ക്രിസ്ത്യാനിയാകുന്നതിന്റെ പ്രധാന ഭാഗം 'നട്ടിടത്ത് പുഷ്പിക്കുക' തന്നെ. ഞാൻ ഒരു കുടുംബത്തിലും ഒരു താമസ സ്ഥലത്തുമാണ്; ഞാൻ ഒരു പുരുഷനോ സ്ത്രീയോ ഒക്കെയാണ്. അതിലെല്ലാം സുന്ദരമായ ദൈവിക പദ്ധതി കണ്ട് നന്ദി പറയാനാകണം. അനേക ദാനങ്ങൾ അവിടന്നെനിക്കു നൽകി. കൂട്ടത്തിൽ പല പരിമിതികളും, അവ എങ്ങനെ അവിടന്ന് ഉപയോഗിക്കും എന്ന് തിരിച്ചറിയുക. ജീവിതം മുന്നേറുമ്പോൾ പുത്തൻ സ്ഥലങ്ങളിലേയ്ക്ക് ഞാൻ പോകും. പുതു സ്നേഹിതർ, ജീവിത ഘട്ടങ്ങൾ ഒക്കെയുണ്ടാകും. ഇതെല്ലാം ജീവിത നിറവിന്റെ, ദൗത്യവളർച്ചയുടെ വഴികളായി കാണണം.

ഇതിനകം ജീസസ് യൂത്ത് മുന്നേറ്റം അനേക കാതങ്ങൾ പിന്നിട്ടിരിക്കുന്നു. ഒപ്പം മുന്നേറ്റത്തിലെ എണ്ണമറ്റ മനുഷ്യർ അവരുടെ ജീവത സാഹചര്യങ്ങളിലും ജോലി സ്ഥലങ്ങളിലും തിളങ്ങുന്ന ക്രിസ്തീയ സാക്ഷ്യം നൽകുന്നു. വ്യക്തികളും കൂട്ടായ്മകളും നാം കാണുന്നു. ഇവയിലെല്ലാം ഞാൻ കാണുന്നത് ഇവർ തങ്ങളുടെ സ്വതസിദ്ധ രീതികളിൽ ഒരു ലളിത, സാധാരണ ക്രൈസ്തവ ജീവിതം തങ്ങളുടെതന്നെ സാഹചര്യങ്ങളിൽ ഹൃദയ നിറവോടെ ജീവിക്കാൻ ശ്രമിക്കുന്നതാണ്. അങ്ങനെയെങ്കിൽ നമ്മുടെ ദൗത്യമെന്താണ്? ഒരു സാമാന്യ സാധാരണ ജീവിതം ആത്മനിറവിൽ ജീവിക്കുക, എവിടെയാണോ അവിടന്ന് എന്നെ നട്ടിരിക്കുന്നത്, അവിടെ ഞാൻ പൂവണിയുക. *(തുടരും)*




# യൂ ഹോട്ട്സ്



*ജിസ് ജെയിംസ് ചങ്ങനാശ്ശേരി*

## ‘ ദൈവം സൂപ്പറാ.. ’

**നാം ഒരിക്കലും ഈശോയ്ക്ക് പ്രവർത്തിക്കാൻ സ്പെയ്സ് കൊടുക്കുന്നില്ലായെന്നുള്ളതാണ് നമ്മുടെയൊക്കെ ജീവിതത്തിൽ സംഭവിക്കുന്നത്.**

ഈ അടുത്ത കാലത്ത് ഇറങ്ങിയ ‘മഹേഷിന്റെ പ്രതികാരം’ എന്ന സിനിമയിൽ എന്നെ ഒരുപാട് ആകർഷിച്ച ഒരു ഡയലോഗാണ് “ചേട്ടൻ സൂപ്പറാ..” എന്ന് നായിക മഹേഷിനോട് പറയുന്നത്. ശരിക്കും ഈ കഥാസന്ദർഭവും നമ്മുടെ പേഴ്സണൽ ലൈഫുമായി ശക്തമായ ബന്ധമുണ്ടെന്നു തോന്നുന്നു. താൻ ഒട്ടും പ്രതീക്ഷിക്കാത്ത അവസരത്തിൽ തന്റെ സ്വപ്നം യാഥാർഥ്യമാക്കിയ മഹേഷിനോട് സന്തോഷവും സ്നേഹവും അതിന്റെ മൂർധന്യത്തിൽ പ്രകടിപ്പിച്ചുകൊണ്ട് നായിക പറയുന്നതാണ് ‘ചേട്ടൻ സൂപ്പറാ’ എന്ന്.

എന്റെ ജീവിതത്തിൽ പല അവസരങ്ങളിലും എന്റെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ഉപരി ഈശോ നന്മകൾ നൽകിയപ്പോൾ ഇതുപോലെതന്നെ ഞാനും പറഞ്ഞിട്ടുണ്ട് “ഈശോ സൂപ്പറാ..”

നമ്മുടെയൊക്കെ ജീവിതത്തിലെ പല അവസരങ്ങളും ഇങ്ങനെയാണ്. നമ്മുടെ കുറേ സ്വപ്നങ്ങളും ആഗ്രഹങ്ങളും തമ്പുരാനോട് ആവശ്യപ്പെടുകയും ഈശോയെ, എന്നെ അവരെപ്പോലെ ആക്കണേ ഇവരെപ്പോലെയാക്കണേയെന്ന് തുടങ്ങിയ ലിസ്റ്റുകളും കൊടുക്കുന്നു. എന്നാൽ നാം ആഗ്രഹിച്ച പോലെയല്ല ജീവിതം മുമ്പോട്ട് പോകുന്നതെങ്കിൽ, അതിന്റെ പേരിൽ തമ്പുരാനോട് കുറ്റവും പരാതിയും പറയുന്നവരാണ് നമ്മിൽ പലരും; ശരിയല്ലേ?

നാം ഒരിക്കലും ഈശോയ്ക്ക് പ്രവർത്തിക്കാൻ സ്പെയ്സ് കൊടുക്കുന്നില്ലായെന്നുള്ളതാണ് നമ്മുടെയൊക്കെ ജീവിതത്തിൽ സംഭവിക്കുന്നത്. നമുക്ക് എല്ലാം വേണം എത്രയും വേഗം വേണം, അത് നമ്മൾ ആഗ്രഹിക്കുന്നപോലെതന്നെ വേണം. പക്ഷേ, തന്റെ മക്കൾക്ക് ഏറ്റവും നല്ലത് കൊടുക്കണം എന്ന് ആഗ്രഹിക്കുന്ന ഒരു ദൈവമാണ് നമുക്കുള്ളതെന്ന് നാം അറിയാതെപോകുന്നു.

നാം അതിനുള്ള സ്പെയ്സും സമയവും ദൈവത്തിനു കൊടുക്കണം എന്നുമാത്രം. ചില അപ്രതീക്ഷിത സമയങ്ങളിൽ ഈശോ നമ്മൾക്ക് നൽകുന്ന ചില നന്മകളിൽ നമ്മളും ഇടയ്ക്ക് ചോദിക്കാറുണ്ട്. തമ്പുരാനെ, നീ എന്താണ് നേരത്തെ ഇത് തരാതെയിരുന്നത്. അപ്പോൾ അവൻ നമ്മെയും ചേർത്ത് നിറുത്തി ഇങ്ങനെ പറയുന്നുണ്ട്: “എല്ലാത്തിനും അതിന്റേതായ സമയം ഇല്ലേ ദാസാ”.

വചനം പറയുന്നതുപോലെ അവൻ കാലത്തിന്റെ തികവിൽ സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു. നാം ചോദിക്കുന്ന ഒരു കാര്യം പോലും മറക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നവനല്ല നമ്മുടെ ദൈവം. തട്ടത്തിൻ മറയത്ത് സിനിമയിലെ ക്ലൈമാക്സിൽ പറയുന്നപോലെ “ഈ പടച്ചോനാളൊരു സംഭവമാ. ചിലതൊക്കെ നമ്മൾ മറന്നാലും പുള്ളിക്കാരൻ മറക്കൂല്ല.”

നാം ചിന്തിച്ച് തീരുന്നിടത്തായിരിക്കാം അവൻ ചിന്തിച്ച് തുടങ്ങുന്നത്. ജീവിതത്തിൽ എത്ര പ്രതിസന്ധികളും വേദനകളും ഉണ്ടായാലും സ്വപ്നങ്ങളും പ്രതീക്ഷകളും താറുമാറായാലും നിനക്കുവേണ്ടി ചങ്ക് പിളർന്നവന്റെ ചങ്കോടു ചേർന്നിരിക്കുകയാണെങ്കിൽ നിനക്ക് അനുഭവിക്കാം അവന്റെ അവർണനീയമായ സ്നേഹം ✦






അലക്സി ജേക്കബ്

യുVA

## മൈ സ്റ്റോറി

**ദൈവത്തിന്റെ പ്രവൃത്തികൾ നമ്മുടെ ബുദ്ധിക്കും ആലോചനകൾക്കും അപ്പുറത്താണ്. പലപ്പോഴും അത്ഭുതത്തോടെ മാത്രമേ നമുക്കിത് കാണാൻ കഴിയൂ.**

സോഫ്റ്റ്‌വെയർ ഇൻഡസ്ട്രിയിൽ 'ക്ലൗഡ് കമ്പ്യൂട്ടിങ്' കത്തിപ്പടരുന്ന കാലം. ഞാനാണെങ്കിൽ വിദേശത്ത് പോകാൻ കിട്ടിയ അവസരം തന്റേതല്ലാത്ത കാരണത്താൽ നഷ്ടപ്പെട്ടിരിക്കുന്ന സമയം. അപ്പോഴാണ് ഞങ്ങളുടെ ഓഫീസിലെ ക്ലൗഡിന്റെ മാനേജർ ഞാനുമായി സംസാരിച്ചത്. അദ്ദേഹത്തിന്റെ ഒരു പ്രൊജക്ട് കസ്റ്റമർ എസ്കലേറ്റ് ചെയ്തിരിക്കുകയാണ്. ബെൽജിയം വരെ രണ്ടുമൂന്നു ആഴ്ചത്തേയ്ക്ക് ഉടൻ പോകണം പ്രൊജക്ട് ഇംപ്ലിമെന്റ് ചെയ്യണം. ഇവിടെ നമുക്ക് ടീം ഉണ്ടെന്നും അവർ വേണ്ട സപ്പോർട്ട് ചെയ്യുമെന്നും പറഞ്ഞു. എനിക്ക് ക്ലൗഡിനെ പറ്റിയുള്ള അറിവ് പരിമിതമാണെന്നും മറ്റും പറഞ്ഞ് നിൽക്കുമ്പോൾ ഞങ്ങളുടെ സീനിയർ മാനേജർ വന്നു. ഇവൻ ഇതുപോലത്തെ പ്രൊജക്റ്റുകൾ സിംപിളായി മാനേജ് ചെയ്ത ആളല്ലേ എന്നൊരു തള്ളും. അല്ലേലും അറക്കാൻ കൊണ്ടു പോകുമ്പോഴും മോട്ടിവേഷൻ കൊടുക്കുക എന്നതാണല്ലോ മാനേജ്മെന്റ് തത്ത്വം.

ഈ ബെൽജിയം പ്രൊജക്ടിന്റെ തലവൻ ഒരു കുപ്രസിദ്ധനാണെന്ന സത്യം പിന്നീടാണ് ഞാനറിഞ്ഞത്. ഇതോടെ എന്റെ ഫ്യൂസ് അടിച്ചുപോയി. അപ്പോഴേക്കും എന്റെ വിസയുടെ നടപടികൾ തുടങ്ങിയിരുന്നു. ഞാനും ടീമും കസ്റ്റമറുമായുള്ള ആദ്യ മീറ്റിംഗ് കഴിഞ്ഞപ്പോൾതന്നെ സീൻ കോൺട്രയാണെന്ന് ബോധ്യപ്പെട്ടു. കുറച്ചുസമയം കൊണ്ട് പഠിക്കാൻ ഒത്തിരി കാര്യങ്ങൾ. ഒന്നും തലയിൽ നിൽക്കുന്നില്ല. ഇപ്പോഴത്തെ അവസ്ഥവച്ചു നോക്കുമ്പോൾ പ്ലസ് 2-ന് പഠിക്കാൻ ബുദ്ധിമുട്ടാണെന്ന് ഞാൻ പ്രഖ്യാപിച്ച ഓർഗാനിക് കെമസ്ട്രിയൊക്കെ എന്തെളുപ്പം. ദൈവമേ, ക്ലൗഡിനെ വശത്താക്കാൻ വേണ്ട ബുദ്ധിയും ബോധവും തരണമേ എന്നായി പിന്നീടുള്ള പ്രാർഥന.

അങ്ങനെ ബെൽജിയത്തിൽ കാലുകുത്തി. പ്രൊജക്ട് തലവനെപ്പറ്റി നാട്ടിൽ കേട്ടതൊന്നും ഒന്നുമല്ലെന്നും കക്ഷി അതുക്കും മേലെയാണെന്നും വൈകാതെ മനസ്സിലായി. അദ്ദേഹത്തിന് ഞാൻ തലൈവൻ എന്നു മനസ്സിൽ പേരിട്ടു. അവർക്കിടയിലെ ചില ആഭ്യന്തര പ്രശ്നങ്ങൾ കാരണം കസ്റ്റമർ എന്നോട് ഒരു സഹകരണവും കാണിക്കുന്നില്ല. ഇതിന്റെയൊക്കെ ഇടയിൽ പ്രൊജക്ട് വിജയകരമായി പൂർത്തീകരിക്കണം. ഞാൻ എന്റെ അവസാന ആയുധം പുറത്തെടുത്തു. പണ്ട് സ്കൂളിൽ പഠിക്കുമ്പോൾ കന്യാസ്ത്രീ അമ്മമാർ പറഞ്ഞിട്ടുണ്ട്, കൊന്ത ചൊല്ലി പ്രാർഥിച്ചാൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ സാധിക്കുമെന്ന്. കൊന്തയിൽ മുറുകെപ്പിടിച്ചു. ഒപ്പം ഞാനും നാട്ടിലുള്ള ടീമും കഴിവിന്റെ പരമാവധി പുറത്തെടുത്തു.

ഞങ്ങളുടെ പ്രൊജക്ടിന്റെ ഗോലൈവ് ദിവസം വന്നുചേർന്നു. എന്റെ ടീം രാവിലെ മുതൽ വേണ്ട കാര്യങ്ങൾ ചെയ്തുവരുകയായിരുന്നു. പക്ഷേ, ഞങ്ങളുടെ ക്ലൗഡ് ഹോസ്റ്റ് ചെയ്ത വെബ്സൈറ്റ് ലഭിക്കുന്നില്ല. സമയം രാത്രി 9:30, അറിയാവുന്ന വിദഗ്ധരോടൊക്കെ ചോദിച്ചു. ഒരുകാരണവും മനസ്സിലാകുന്നില്ല. വൈകാതെ തലൈവരോട് ഞങ്ങളുടെ പരാജയം തുറന്നുപറഞ്ഞു. എന്നാൽ എന്നെ വിഷമിപ്പിച്ചത് ഇതിന് ഒരു മാനേജർ എന്ന രീതിയിൽ പല തലങ്ങളിൽ ഞാൻ കൊടുക്കേണ്ടിവരുന്ന വിശദീകരണങ്ങളോ, കേൾക്കേണ്ടിവരുന്ന തലൈവരുടെ ചീത്തയോ ആയിരുന്നില്ല. മറിച്ച് ഈ ഒരു ദിവസത്തിന്റെ വിജയത്തിനു വേണ്ടി രാത്രിയും പകലും കഷ്ടപ്പെട്ട ടീമിന്റെ അവസ്ഥയായിരുന്നു. നാട്ടിൽ ഉള്ള ഭാര്യയോടും അമ്മയോടും പിന്നെ എന്റെ ചില സുഹൃത്തുക്കളോടും പ്രാർഥിക്കാൻ പറഞ്ഞു. ദൈവത്തോട് എന്നെയും എന്റെ ടീമിനെയും അവിടത്തെ ജ്ഞാനം കൊണ്ട് നിറയ്ക്കണമെന്നും ഞങ്ങളെ സഹായിക്കണമെന്നും മുട്ടിപ്പായി പ്രാർഥിച്ചു.

ടീം പല തവണകളായി സർവർ റീസ്റ്റാർട്ട് ചെയ്യാൻ തുടങ്ങി. സമയം രാത്രി പതിനൊന്നര ആയിക്കാണും, വെബ്സൈറ്റ് ലഭിക്കാൻ തുടങ്ങി. എന്താണ് സംഭവിച്ചത് എന്നു മനസ്സിലായില്ല. പറഞ്ഞ ദിവസം ഏതാനും നിമിഷങ്ങൾ അവശേഷിക്കേ പ്രൊജക്ട് വിജയകരമായി ലൈവ് ആയിരിക്കുന്നു. പരാജയം വിജയത്തിന് വഴിമാറിയ നിമിഷം. ഒരു കമന്റേറ്റർ ഭാഷയിൽ പറഞ്ഞാൽ ഒരു 'ബൂം ചിക്കാ ബൂം മൊമെന്റ്" (boom chicka boom moment) ആയിരുന്നു അത്.
പിന്നീട് സന്തോഷം കൊണ്ട് ഭ്രാന്തു പിടിച്ച നിമിഷങ്ങൾ. തലൈവരും തുള്ളിച്ചാടുന്നു. ഭാരക്കൂടുതൽ കാരണം എന്നെ എടുത്തു പൊക്കിയില്ലായെന്നു മാത്രം. എന്നെ കെട്ടിപ്പിടിച്ചു പറഞ്ഞു: You are the man and you did it. കൈമുകളിലേയ്ക്ക് ചൂണ്ടി ഞാൻ പറഞ്ഞു: He did it.

എനിക്ക് അപ്പോൾ തോന്നി, ഈ ദൈവവും ഒരു നല്ല സോഫ്റ്റ്‌വെയർ എഞ്ചിനീയർ ആണെന്ന്. തിരിച്ച് റൂമിൽ വന്നിട്ടും എനിക്ക് ഉറങ്ങാൻ സാധിച്ചില്ല. ആ രാത്രി എന്റെ ജീവിതത്തിലെ വളരെ സ്പെഷ്യൽ രാത്രിയാണ്. ഞാൻ ക്ലൗഡിനു മുകളിൽ ദൈവത്തെ കണ്ട രാത്രി ✦



യുVA

മൈ സ്റ്റോറി

*മാർട്ടിൻ മാത്തുക്കുട്ടി, ആലപ്പുഴ*

# ആ നിമിഷം

തുള്ളിതോരാത്ത മഴയുള്ളരാത്രി. ഒരു മുക്കുവൻ മനസ്സില്ലാ മനസ്സോടെ തന്റെ മകനുമായി അന്നത്തെ അന്നത്തിനുള്ള വലയിറക്കുവാൻ വള്ളമിറക്കി. പതഞ്ഞുയരുന്ന ഓളപ്പരപ്പുകളോടെ ആ കായൽ അവരെ മാടിവിളിച്ചു. കായലിന്റെ മധ്യഭാഗം കണ്ട് വലയിറക്കവേ അയാൾ ഭയന്നതു പോലെ സംഭവിച്ചു. ഓളപ്പരപ്പുകൾ തോണിയെ കീഴടക്കി. കായലിന്റെ ആഴങ്ങൾ അവരെ വിളിച്ചു. ആ പിതാവ് തന്റെ മകന് ഊർജം നൽകി. രണ്ടാളും ഒരുമിച്ച് തീരം ലക്ഷ്യമാക്കി നീന്തി. കൈകാലുകൾ കുഴഞ്ഞുതുടങ്ങി. മരണത്തെ മുന്നിൽ

> **മരണക്കയത്തിൽ നിന്നുപോലും കൈനീട്ടി രക്ഷിക്കുന്ന ദൈവത്തെ, ജീവിതത്തിലേക്ക് ഗൗരവമായി കൂടെക്കൂട്ടാൻ നമുക്കാവട്ടെ.**

കണ്ട നിമിഷങ്ങൾ. ഭവനത്തിൽ അവരുടെ മടങ്ങിവരവും കാത്തിരിക്കുന്ന അഞ്ചു സ്ത്രീകളുടെ മുഖങ്ങൾ ഇരുവരുടെയും കണ്ണുകളിലൂടെ മിന്നിമറഞ്ഞു. ആഴങ്ങളിലേയ്ക്ക് താഴ്ത്തപ്പെടുമെന്നായപ്പോൾ അവർ സർവശക്തിയോടെ ഉച്ചത്തിൽ നിലവിളിച്ചു. കായലിന്റെ മറുകരയിൽ വല മാടിക്കൊണ്ടിരുന്ന സഹോദരങ്ങൾ വഞ്ചികളിൽ തുഴഞ്ഞെത്തി അവരെ ജീവിതത്തിലേയ്ക്കു കൈ പിടിച്ചുയർത്തി.

എത്ര മനോഹരമായാണ് നമ്മുടെ ദൈവം അവർക്കുള്ള രക്ഷാമാർഗം ഒരുക്കിയത്. പക്ഷേ, പതിനെട്ട് വയസ്സുള്ള ആ ബാലന്റെ മനസ്സിന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു ആ സംഭവം. അവന്റെ കുഞ്ഞു മനസ്സിന് ഇത് വളരെ വിഷമമുണ്ടാക്കി. അവന്റെ ഹൃദയത്തിൽ അത് ഒരു മുറിവായി പതിഞ്ഞു. കുടുംബ പ്രാർഥനയും, പരിശുദ്ധ കുർബാനയുമൊക്കെ അവൻ ഒഴിവാക്കാൻ തുടങ്ങി. അവസരം ലഭിക്കുമ്പോഴെല്ലാം പരിശുദ്ധ കുർബാനയെ രുചിച്ചിരുന്നവൻ അവനിലേയ്ക്ക് തിരിഞ്ഞുപോലും നോക്കാതെയായി. നിലയില്ലാകയത്തിൽ നിന്നും അവരെ എടുത്തുയർത്തിയവന്റെ കരുതൽ, അവന് അപ്പോഴൊന്നും മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല.

രണ്ടു ദിവസങ്ങൾക്കുശേഷം അവന്റെ പ്രിഡിഗ്രീ ഫലം വന്നു. ഫസ്റ്റ് ക്ലാസ്സിൽ അവൻ പാസ്സായി. അവൻ പഠിച്ചതിനേക്കാൾ പ്രാർഥനയിലൂടെ അവൻ നേടിയെടുത്ത വിജയം. പക്ഷേ, അവൻ ഈ സമ്മാനം നല്കിയവനോട് ഒരു നന്ദിപോലും പറഞ്ഞില്ല. ഒരു വാക്കു പോലും സംസാരിക്കാൻ തയ്യാറായില്ല. ജീവിതത്തിലെ വളരെവിലപ്പെട്ട നിമിഷങ്ങൾ എന്തു തീരുമാനങ്ങളും ഈശോയോട് ആലോചിച്ചെടുത്തിരുന്നവൻ ഒരു ബോധ്യവുമില്ലാതെ മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങി ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് എന്ന കോഴ്സ് തെരഞ്ഞെടുത്തു.

കർശന നിയമങ്ങൾക്കും ശിക്ഷണ രീതികൾക്കും പേരുകേട്ട പോളിടെക്നിക് കോളേജ്. കോളേജിലെ നിയമങ്ങൾ ശാസനകൾ, ശിക്ഷണ രീതികൾ എല്ലാംകൊണ്ടും അവന്റെ മനസ്സു തകർന്നുതുടങ്ങി.കുർബാനയും കുമ്പസാരവും പ്രാർഥനയുമില്ല, മാതാപിതാക്കളുടെ സാന്നിധ്യമില്ല, പഠനഭാരം, ഹോസ്റ്റൽ ജീവിതം എല്ലാംകൊണ്ടും തന്റെ കലാലയ ജീവിതത്തെ ഇരട്ടി കയ്പ്പോടെ അവൻ രുചിച്ചറിയാൻ തുടങ്ങി. ആശ്വാസം തേടി അവന്റെ മനസ്സ് അലഞ്ഞു. ആരോടെങ്കിലും ഒന്ന് മനസ്സുതുറക്കാൻ സാധിച്ചിരുന്നെങ്കിൽ എന്ന് അവൻ ആഗ്രഹിച്ചു.

ഒരു ദിവസം ക്ലാസ്സ് വിട്ടതിനുശേഷം കുറച്ചു കഴിഞ്ഞപ്പോൾ, തന്റെ അടുത്ത് ആരോ ഇരിക്കുന്നതു പോലെ അവനു തോന്നി. ഒരു പെൺകുട്ടി. അവന്റെ മട്ടും ഭാവവും കണ്ട് അവൾ കാര്യം തിരക്കി. അവനെല്ലാം തുറന്നു പറയാൻ തോന്നി. അവനെ കേട്ട അവൾ, അവളുടെ ചില അനുഭവങ്ങൾ പറഞ്ഞ് അവനെ ഒരു ഗ്രൂപ്പിലേക്ക് ക്ഷണിച്ചു. അവളെ കണ്ടതും ആ ഗ്രൂപ്പിൽ ചെന്നതും അവന്റെ ജീവിതത്തെയാകെ മാറ്റിമറിച്ചു. കാരണം, അവൻ ദൈവത്തെ അറിഞ്ഞ ദിവസമായിരുന്നു അത്. സകല ഭയങ്ങളിലും നിന്നും അസ്വസ്ഥതകളിൽ നിന്നും രക്ഷിച്ച ദൈവത്തെ അവനവിടെ കണ്ടു. ദൈവത്തിലാശ്രയിക്കുന്നവരാരാണ് ഭഗ്നാശരായിട്ടുള്ളത്. ഈ അനുഭവം ഇത്ര ഉറപ്പോടെ പറയാൻ കാരണം ഇതെന്റെതന്നെ കഥയായതിനാലാണ്. ഓർക്കണം പ്രാർഥനയിൽ ✦

# Q&A

ടിന്റു സോണി



*കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്*
*കുടുംബത്തോടൊപ്പം എറണാകുളത്ത് താമസം.*
*tintusony@gmail.com*

**Q** ഈ നാളുകളിൽ, സമൂഹത്തിലെ ചില ആളുകളുടെയും ഗ്രൂപ്പുകളുടെയുമൊക്കെ പ്രവർത്തനങ്ങൾ കാണുമ്പോൾ അതുപോലെ ചെയ്യാൻ ആഗ്രഹമുണ്ട്. പക്ഷേ, ഫ്രണ്ട്സുമായി ഒരുമിച്ചിരിക്കാനും അടിച്ചുപൊളിച്ചു നടക്കാനുമാണ് കൂടുതൽ താത്പര്യം. എന്നാൽ, പുറത്തേക്കിറങ്ങി എന്തെങ്കിലുമൊക്കെ ചെയ്യണമെന്നുണ്ട്. എങ്ങനെയാണിതിനു കഴിയുക.

**A** "നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്." നല്ല കാര്യങ്ങൾ ചെയ്യണം എന്നുള്ള തോന്നൽ പോലും ദൈവത്തിൽ നിന്നാണ്. കാരണം ചില കാര്യങ്ങൾ, ഇടപെടലുകൾ നമ്മൾ ചെയ്താലേ നന്നാവൂ എന്നതാണ് ദൈവത്തിന്റെ ഹിതം. വാടിനിന്ന ഒരു ചെടിക്ക്, മലിനമായ ഒരു പുഴയ്ക്ക്, അവന്റെ, അവളുടെ, അവരുടെ ജീവിതത്തിലേയ്ക്ക് സഹായമായി ദൈവം തന്റെ 'അദൃശ്യകരം' കൊടുക്കുന്നത് നിങ്ങളുടെ 'ദൃശ്യകരം' വഴിയാണ്. നിങ്ങളുടെ ജീവിതം ഫലവത്താകുന്നത് ഇങ്ങനെയാണ്. മറ്റുള്ളവരുടെ ജീവിതത്തിലേയ്ക്ക് നന്മയുടെ പുഷ്പങ്ങൾ വിരിയിക്കാൻ നിങ്ങളിലുണ്ടായ ആത്മാർഥമായ ആഗ്രഹം തന്നെ അതിന്റെ നല്ലതുടക്കം. സ്റ്റാർട്ടപ്പുകളെപ്പറ്റി പറയുന്ന പതിവു പല്ലവി കേട്ടിട്ടില്ലേ, സ്മോൾ സ്റ്റെപ് ആയിക്കോട്ടെ സ്റ്റാർട്ടപ്പ് എന്ന്. അതുകൊണ്ട് എത്ര ചെറിയ കാര്യമാണെങ്കിലും അത് തുടങ്ങുക. കൂട്ടുകാരോടൊപ്പം ഉള്ള അടിച്ചുപൊളികളിൽ നിന്നുപോലും ചില നന്മയുടെ സ്റ്റാർട്ടപ്പുകൾ ഉണ്ടായേക്കാം.

**എന്തൊക്കെയാണ് സാധ്യതകൾ എന്ന് നോക്കാം.**

1. ഏതെങ്കിലും നന്മയുള്ള ഗ്രൂപ്പുകളോടു ചേർന്നു പ്രവർത്തിക്കുക.

2. പുത്തൻ ആശയങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കാൻ തക്ക ബലമുള്ള പുതിയ ഗ്രൂപ്പുകൾ ഉണ്ടാക്കാം.

3. ഒറ്റയ്ക്ക് ചെയ്യാൻ തക്ക രീതിയിലുള്ള സേവനങ്ങൾ കണ്ടെത്താം. ഉദാഹരണത്തിന് അറിവ് പങ്കുവയ്ക്കുന്ന യൂട്യൂബ് ചാനൽ, ബുക്സ്, കഥകൾ, ചെറിയ എഴുത്തുകൾ തുടങ്ങിയവ.

4. സമൂഹത്തിന് പൊടുന്നനെ വരുന്ന ആവശ്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കാം. ഉദാഹരണത്തിന്: പ്രളയം, വരൾച്ച, കൊടുങ്കാറ്റ്, അപകടങ്ങൾ തുടങ്ങിയവയ്ക്കുവേണ്ടി.

5. നമ്മുടെ ആശയങ്ങളുടെയും മറ്റും പ്രായോഗികത ബന്ധപ്പെട്ട മുതിർന്നവരുമായി ചർച്ച ചെയ്യുക.

'നീട്ടിവയ്ക്കൽ' (Procrastination) എന്ന പരിപാടി വില്ലനാണ്. ചെറുതും വലുതുമായ കാരണങ്ങൾ കണ്ടെത്തി നീട്ടിവയ്ക്കുന്നതിൽ മിടുക്കനാണ് ഇവൻ. നമ്മൾ ചെയ്താൽ നന്നാവില്ല, നമ്മൾ പറഞ്ഞാൽ ആരും കേൾക്കില്ല, ഇതൊക്കെ പറഞ്ഞു ചെന്നാൽ ആരെങ്കിലും കൂട്ട് കൂടുമോ, തലവേദന പിടിക്കുന്ന കാര്യങ്ങളിൽ എന്തിന് ഇടപെടണം എന്നൊക്കെ പോകുന്ന ചിന്തകളും. ചില കാര്യങ്ങളിൽ കൃത്യസമയത്ത് ഇടപെട്ടില്ല എങ്കിൽ കൈവിട്ടു പോകും. സമയോചിതമായ ഇടപെടലുകൾ നമ്മൾ ചെയ്തില്ലായെങ്കിൽ ഒരു വ്യക്തിയുടെ, സമൂഹത്തിന്റെ, സംസ്കാരത്തിന്റെ ഒക്കെ വീഴ്ചയ്ക്കു കാരണമായേക്കാം. നല്ല തോന്നലുകളും ചിന്തകളും ഉണ്ടാകുകയും വളരുകയും ചെയ്യട്ടെ. ഇങ്ങനെയൊക്കെ ആയാൽ കൂട്ടുകാരുമായി വെറുതെ അടിച്ചുപൊളിക്കലല്ല, ഗുണകരമായ രീതിയിൽ അടിച്ചു പൊളിക്കാം. സമൂഹത്തെ ലീഡ് ചെയ്യാൻ പവർഫുൾ ആയ യുവത്വമാണ് നമ്മുടേത്.

**Q** ചേച്ചീ, വാട്സാപ്പും ഫെയ്സ് ബുക്കും ഫോർവേഡ്, ഡൗൺലോഡ്, ഷെയറിംഗ്, ലൈക്ക്, കുന്തം കൊടച്ചക്രം, പിന്നെ ഒരു നൂറായിരം ഗ്രൂപ്പുകളും ഹൊ! തലയൊക്കെ ഏതാണ്ടൊരു പരുവത്തിലായിട്ടുണ്ട്. ചേച്ചീ ഞങ്ങളെ ഒന്നുപദേശിക്കാമോ? ഇതൊന്നും ഇല്ലാതെയും പറ്റത്തില്ലല്ലോ?

**A** നമ്മുടെ മനസ്സിനെ ഓർഗനൈസ് ചെയ്യണമെങ്കിൽ നമ്മുടെ സോഷ്യൽ വേൾഡ് ഓർഗനൈസ് ചെയ്യാൻ പഠിക്കേണ്ടതുണ്ട്. കുറച്ചുകൂടി വ്യക്തതയോടെ പറഞ്ഞാൽ നമ്മുടെ സോഷ്യൽ മീഡിയാവേൾഡ് ഓർഗനൈസ് ചെയ്യാൻ പരിശീലിക്കണം. വിവരങ്ങളും അറിവുകളും കുമിഞ്ഞുകൂടുന്ന സാഹചര്യത്തിൽ നമ്മുടെ ജീവിതത്തെ വേണ്ടവിധം ക്രമീകരിക്കാൻ നമ്മുടെ സോഷ്യൽ മീഡിയാ വേൾഡ് ക്രമീകരിക്കപ്പെട്ടേ മതിയാകൂ. വാട്സ്ആപ്പ്, ഫേയ്സ്ബുക്ക്, ഡൗൺലോഡ്, ഓൺലൈൻ റീഡിംഗ്, മൊബൈൽ ആപ്പുകൾ ഇതൊന്നും ഇല്ലാതെയുള്ള ജീവിതത്തെക്കാൾ ഇതിനെയൊക്കെ വ്യക്തതയോടെ മാനേജ് ചെയ്യുന്ന ജീവിതശൈലിയാണ് നമ്മൾ പരിശീലിക്കേണ്ടത്. സോഷ്യൽ മീഡിയ ഉപയോഗം നമ്മുടെ വൈകാരിക പക്വത, സൗഹൃദം, അറിവ് എന്നിവ കൂട്ടുന്നുണ്ടോ എന്ന് പരിശോധിക്കണം. കുറച്ചു ചിന്തകൾ ചുവടെ ചേർക്കുന്നു.

1. എന്താണ് എനിക്ക് ഈ സോഷ്യൽ മീഡിയവേൾഡിൽ നിന്ന് വേണ്ടതെന്ന് ഉറപ്പിക്കുക. കൃത്യമായ ധാരണ വേണം. എന്താണ് ഞാൻ സെർച്ച് ചെയ്യുന്നത്. എങ്ങനെയാണ് ഞാൻ സെർച്ച് ചെയ്യേണ്ടത്, എന്ത് ഔട്ട്പുട്ട് ആണ് കിട്ടേണ്ടത് എന്ന് ഒരു ധാരണ ഉള്ളത് നല്ലതാണ്.

2. ഇന്റർനെറ്റ്, വാട്സ്ആപ്പ്, ഫെയ്സ് ബുക്ക് എന്നിവ എന്റെ സമയത്തെ കാർന്നുതിന്നുന്നുണ്ടോ എന്ന് പരിശോധിക്കണം.

3. ക്വാളിറ്റി ടൈം പ്രിയപ്പെട്ടവരുമായി ചെലവഴിക്കാൻ സാധിക്കാറുണ്ടോ എന്ന് പരിശോധിക്കാം.

4. കാണുന്ന എല്ലാ ആപ്ലിക്കേഷൻസും ഡൗൺലോഡ് ചെയ്യാതിരിക്കുക. നിങ്ങൾക്ക് ഉപയോഗമുള്ളവ മാത്രം തെരഞ്ഞെടുക്കുക.

5. വാട്സാപ്പുകളുടെ വേണ്ടുന്ന മെസ്സേജുകൾ, അതിന്റെ മുൻഗണന അനുസരിച്ച് റെസ്പോണ്ട്ചെയ്യുക, കാണുന്ന എല്ലാ ഫോർവേഡുകൾക്കും കൈകൊടുക്കാതിരിക്കാം.

6. എല്ലാ വീഡിയോകളും കാണേണ്ട. പ്രാധാന്യം അനുസരിച്ച് വിവരണങ്ങൾ നോക്കി വേണ്ട വീഡിയോ മാത്രം കാണുക

7. വിവരങ്ങൾ അന്വേഷിക്കുമ്പോൾ ഏറ്റവും അനുയോജ്യമായ വാക്കുകൾ ഉപയോഗിച്ച് തിരയാവുന്നതാണ്.

8. ഇൻസ്റ്റാഗ്രാം, വാട്സ് ആപ്പ്തുടങ്ങിയവ സമയം വച്ചുതന്നെ ഉപയോഗിക്കാം.

9. എല്ലാ ഫ്രണ്ട് റിക്വസ്റ്റുകൾക്കും റെസ്പോണ്ട് ചെയ്യരുത്. അപരിചിതരുടെ പ്രത്യേകിച്ച്.

10. നിങ്ങൾക്ക് ഉറപ്പില്ലാത്ത മെസ്സേജുകൾ ഫോർവേഡ് ചെയ്യാതിരിക്കുക. ദയവായി കമന്റ് ചെയ്യുക, ലൈക്ക് ചെയ്യുക, ടൈപ് ആമേൻ എന്നിങ്ങനെയുള്ളവ ഒഴിവാക്കുകയും ചെയ്യുക.

ചുരുക്കത്തിൽ സോഷ്യൽ മീഡിയ നമ്മുടെ കാര്യങ്ങൾ എളുപ്പമാക്കുന്നതിനു പകരം നമ്മുടെ സമയം മുഴുവൻ നശിപ്പിച്ച് നമ്മെ കുഴപ്പത്തിലാക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം ✦

അഡ്വ. റൈജു വർഗീസ്



യൂത്ത് ക്ലാസ്സ്

**എല്ലാ സൗഹൃദങ്ങളിലും ദൈവത്തിന്റെകൂടി സാന്നിധ്യം കാണാൻ സാധിക്കുന്നു. സൗഹൃദങ്ങൾ ദൈവികമാണ്, സൗഹൃദങ്ങൾ സമ്പത്താണ്, സൗഹൃദങ്ങൾ അനിവാര്യതയാണ്.**

# സൗഹൃദോത്സവങ്ങൾ

"വിശ്വസ്തനായ സ്നേഹിതൻ, ബലിഷ്ഠമായ സങ്കേതമാണ്; അവനെ കണ്ടെത്തിയവൻ ഒരു നിധി നേടിയിരിക്കുന്നു" (പ്രഭാ 6:14). ഈ വാക്കുകൾ എന്റെ ജീവിതത്തിൽ ഞാൻ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്.

സൗഹൃദങ്ങൾ എന്റെ ജീവിതത്തിലെ പ്രധാന സമ്പാദ്യങ്ങളിൽ ഒന്നാണ്. അതിൽത്തന്നെ ആഴമേറിയ സൗഹൃദങ്ങൾ എന്റെ ജീവിതത്തിന്റെ നിലനിൽപിന്റെയും മുന്നോട്ടു പോക്കിന്റെയും പ്രധാന കാരണങ്ങളാണ്. ചില സൗഹൃദങ്ങൾക്ക് ഞാൻ പിന്നിട്ട ആയുസ്സിന്റെയോ, അതിനടുത്തോ ദൈർഘ്യമുണ്ടെന്നുള്ളതാണ് യാഥാർഥ്യം. ദൈവം ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും എനിക്ക് അനുവദിച്ച സൗഹൃദങ്ങൾ ഏറെതുണയാകുകയും ജീവിതത്തെ നിർണായകമായി സ്വാധീനിക്കുകയും ചെയ്തിട്ടുള്ളത് ഞാൻ നന്ദിയോടെ ഓർക്കുന്നു.

സൗഹൃദങ്ങൾ രൂപപ്പെടുന്നതിന്റെ കാരണങ്ങളും തലങ്ങളും വ്യത്യസ്തങ്ങൾ ആണെങ്കിലും എല്ലാ സൗഹൃദങ്ങളും തിരിച്ചറിയപ്പെടുന്നതും ഉറപ്പിക്കപ്പെടുന്നതും എല്ലാം ഹൃദയങ്ങളിലാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 'എല്ലാ സൗഹൃദങ്ങളും ഹൃദയത്തിന്റെ വ്യാപാരമാണ്.'

## എന്റെ സൗഹൃദങ്ങൾ

### 1. എനിക്ക് ധൈര്യവും ആവേശവും പകരുന്നവ

സൗഹൃദങ്ങൾ എനിക്ക് വലിയ ബലമാണ്. എന്റെ ജീവിതത്തിന്റെ അതിഗൗരവമുള്ള തീരുമാനങ്ങളിലും, നിർണായക ഘട്ടങ്ങളിലും തീരുമാനങ്ങൾക്കും പ്രവൃത്തികൾക്കും എനിക്ക് ധൈര്യവും ഊർജവും പകർന്നിട്ടുള്ളത് എന്റെ സൗഹൃദങ്ങളാണ്. എന്റെ ചില സുഹൃത്തുക്കളുടെ സാന്നിധ്യംതന്നെ എനിക്ക് എന്തിനും പോന്ന ഒരു ധൈര്യം സാധ്യമാക്കുന്നു. സൗഹൃദങ്ങൾ ഇല്ലാത്തതുകൊണ്ടോ സൗഹൃദങ്ങളുടെ ആഴം കുറയുന്നതുകൊണ്ടോ ഒക്കെയാണോ ഇന്ന് പലരും ക്വൊട്ടേഷൻ സംഘങ്ങളെ ആശ്രയിക്കുന്നത് ?

### 2. എനിക്ക് എന്നെത്തന്നെ കാണാൻ സഹായിക്കുന്നു

എന്റെ ജീവിതത്തിന്റെ സാധ്യതകളെയും വൈകല്യങ്ങളെയുംമൊക്കെ തിരിച്ചറിയാൻ എന്നെ സഹായിച്ചിട്ടുള്ളത് എന്റെ സൗഹൃദങ്ങളാണ്. ആരേക്കാളും നന്നായിട്ട് എന്റെ സ്വഭാവത്തിന്റെ പ്രത്യേകതകളും മറ്റും അറിയാവുന്നത് എന്റെ സുഹൃത്തുക്കൾക്കാണ്. എന്നെ പ്രോത്സാഹിപ്പിക്കാൻ എന്നെ തിരുത്താൻ അൽപംപോലും ലുബ്ധ് കാണിക്കാത്തവരാണ് എന്റെ സുഹൃത്തുക്കളിൽ ഏറെ പേരും. 'ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട' എന്ന നാടൻ പ്രയോഗം തീർത്തും അർഥവത്താണ്. സൗഹൃദങ്ങൾ കുറയുന്നതുകൊണ്ടല്ലേ, ഇന്ന് സ്വഭാവരൂപീകരണ സാധ്യതകൾ ഇല്ലാതാകുന്നതിന്റെ പ്രധാന കാരണം ?

### 3. ജീവിതം ആസ്വദിക്കാനും, ആകുലതകളില്ലാതെ സ്വസ്ഥത അനുഭവിക്കാനും എന്നെ സഹായിക്കുന്നു

എന്റെ സൗഹൃദങ്ങളാണ് എന്റെ ഭാരം കുറയ്ക്കുന്നത്. എന്റെ ചില സുഹൃത്തുക്കളോടൊപ്പം ഞാൻ വെറുതെ ചെലവിടുന്ന സമയവും സംസാരവുമൊക്കെയാണ് എന്റെ മനസ്സിന്റെ ഭാരം കുറയ്ക്കാനും സ്വസ്തമാകാനും സഹായിക്കുന്നത്. എന്റെ നാട്ടിലെ സുഹൃത്തുക്കളോടൊപ്പം വീടിന് തൊട്ടടുത്തുള്ള ജംഗ്ഷനിൽ, എന്റെ വിവിധതല ക്ലാസ്മേറ്റ്സിനോടൊപ്പം ഇടവക സംഘടനകളിലെ സുഹൃത്തുക്കളോടൊപ്പം തുടങ്ങി വിവിധ സൗഹൃദ കൂട്ടായ്മകളിൽ നടക്കുന്ന തമാശ പറച്ചിലും ആനുകാലിക പ്രശ്നങ്ങളുടെ അവലോകനവും, വാദ

ങ്ങളുമൊക്കെ എന്നെ കൂടുതൽ റിലാക്സ് ചെയ്യാൻ സഹായിക്കുന്നു. സൗഹൃദങ്ങളും സൊറപറച്ചിലുകളും കുറയുന്നതുകൊണ്ടല്ലേ, ഇന്ന് ഏറെപ്പേരും ഏകാന്തതയിലേക്കും, സ്വകാര്യതകളിലേയ്ക്കും ഉൾവലിയുന്നതും ജീവിത സാധ്യതകൾ ഇല്ലാതാക്കി നീറിക്കഴിയുന്നതും ?

## 4. എന്നെ സാമൂഹ്യജീവിയാക്കുന്നു, പങ്കുവയ്ക്കുവാൻ പഠിപ്പിക്കുന്നു

മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്കിറങ്ങി ചെല്ലാൻ എന്നെ പരിശീലിപ്പിച്ചത്, പരസ്പരം സഹകരിക്കാൻ പഠിപ്പിച്ചത്, എല്ലാം എന്റെ സുഹൃത്തുക്കളാണ്. എന്റെ വ്യക്തിപരമായ ആവശ്യങ്ങൾ മനസ്സിലാക്കി എന്നെ സഹായിച്ച സൗഹൃദങ്ങളാണ് സാമൂഹ്യപ്രതിബദ്ധതയെക്കുറിച്ച് എന്നെ ബോധവാനാക്കിയത്. ഉള്ളത് മുഴുവൻ പങ്കുവയ്ക്കാൻ തയ്യാറാകുന്ന സുഹൃത്തുക്കൾ, മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി സമൂഹനന്മയ്ക്കുവേണ്ടി കൈകോർത്തുനിന്ന് അധ്വാനിക്കുന്ന സുഹൃത്തുക്കൾ ഇത് ഏറ്റവും അനുഗൃഹീതമായ യാഥാർഥ്യമാണ്.

- നാട്ടിലെ ക്ലബ്ബുകൾ: നാട്ടിലെ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട കർമപരിപാടികൾ തുടങ്ങിയവയെല്ലാം സൗഹൃദങ്ങളിൽ രൂപപ്പെട്ട സംരംഭങ്ങളാണ്.
- ഇന്ന് ഇത്തരം സൗഹൃദങ്ങൾ കുറയുന്നതുകൊണ്ടാണ് നമ്മുടെ നാട്ടിൽ സാമൂഹ്യ സംരംഭങ്ങൾ കുറയുന്നതും, മനുഷ്യൻ സ്വാർഥനായി സ്വന്തം നേട്ടങ്ങളിൽ മാത്രം കണ്ണുവയ്ക്കുന്നതും.

ഇത്തരത്തിൽ സൗഹൃദങ്ങൾ എന്റെ മനോഭാവങ്ങളെ ശരിയാക്കുന്നതിനും എന്നെ പടുത്തുയർത്തുന്നതിനും സഹായിക്കുന്നവയാണ്. പക്ഷേ, എന്റെ ജീവിതത്തിലെ മറ്റൊരു നിർണായക ഘട്ടത്തെക്കുറിച്ച് പറയാതെവയ്യ.

28 വർഷം മുമ്പ് ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ പിതാവായ ദൈവത്തിന്റെ സ്നേഹം അതിന്റെ മാധുര്യത്തോടും ആഴത്തോടുംകൂടെ വ്യക്തിപരമായി അനുഭവിക്കാൻ ഇടയായപ്പോൾ, എന്റെ ജീവിതത്തിലെ ഏറ്റവും പ്രിയപ്പെട്ടതും, ആഴമുള്ളതും വിലപ്പെട്ടതും അടുപ്പമുള്ളതും എന്നേക്കും നിലനിൽക്കുന്നതുമായ സൗഹൃദത്തിന്റെ ആദ്യ കണ്ടുമുട്ടലുണ്ടായി. യേശുവുമായുള്ള സൗഹൃദത്തിന്റെ തുടക്കം അതാണ്.

യേശുക്രിസ്തു എന്റെ ജീവിതത്തിന്റെ കേന്ദ്രവും കർത്താവുമായി കഴിഞ്ഞപ്പോൾ എന്റെ ജീവിതത്തിലുണ്ടായ മുഴുവൻ മാറ്റങ്ങൾ പോലെ സൗഹൃദങ്ങളിലും പുതിയ മാനങ്ങൾ വന്നു. എന്റെ സൗഹൃദങ്ങളിൽ കൂടുതൽ ആഴവും സാഹോദര്യവും ഉണ്ടാകാൻ തുടങ്ങിയത് യേശുക്രിസ്തുവുമായുള്ള എന്റെ ബന്ധം ആരംഭിച്ചതിനു ശേഷമാണ്. ദൈവമായിരുന്നവൻ മനുഷ്യനെപ്പോലെയായി ഭൂമിയിൽ വന്ന് എന്റെ സാധാരണ സാഹചര്യങ്ങളിലൂടെ നടന്ന് ഇന്നും എന്റെ സുഹൃത്തായി കൂടെ നടക്കുന്ന ദൈവം. തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെ (സുഹൃത്തിനെ) സ്നേഹിക്കാൻ ആഹ്വാനം ചെയ്ത, ദൈവത്തെ സ്നേഹിക്കാനുള്ള ഏകവഴി ചുറ്റുമുള്ളവരെ സ്നേഹിക്കലാണ് എന്ന് പഠിപ്പിച്ച, സുഹൃത്തുക്കൾക്കുവേണ്ടി ജീവൻ ബലികഴിക്കാൻ പോലും സാധിക്കണം എന്ന് സ്വജീവിത മാതൃകയിലൂടെ കാട്ടിത്തന്ന യേശു, സൗഹൃദങ്ങൾക്ക് ഒരു മാതൃകയായി–സൗഹൃദത്തിന്റെ അർഥമായി.

ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ രൂപപ്പെട്ട എന്റെ സൗഹൃദങ്ങൾ എനിക്ക് ഏറെ പ്രിയപ്പെട്ടതും, ഏറ്റവുമധികം സ്വാധീനിച്ചതുമായി. ജീസസ് യൂത്ത് പ്രോഗ്രാമുകളും പ്രാർഥനാ ഗ്രൂപ്പുകളും ലീഡർഷിപ്പ് ടീമുകളും ഇത്തരത്തിൽ സാഹോദര തുല്യമായി ബന്ധങ്ങൾ രൂപപ്പെടുന്നതിന് സഹായകമായ വേദികളാണ്. എന്റെ വ്യക്തിപമരമായ ആവശ്യങ്ങളിലും മറ്റും ജീസസ് യൂത്ത് സുഹൃത്തുക്കളുടെ ഇടപെടൽ ഏറെ ഹൃദ്യവും മാതൃകാപരവുമാണ്. 2013 ആഗസ്റ്റിൽ എന്റെ അമ്മ മരണപ്പെട്ട ദിവസങ്ങളിലെ എല്ലാ ആവശ്യങ്ങളിലും ജീസസ് യൂത്ത് സുഹൃത്തുക്കളുടെ ഇടപെടലുകൾ എന്റെ നാട്ടുകാരെയും ബന്ധുമിത്രാദികളെയും ഏറെ സ്വാധീനിച്ചത് ഞാനോർക്കുന്നു. ഇന്ന് ലോകത്ത് വിവിധ രാജ്യങ്ങളിൽ ഇത്തരം സൗഹൃദങ്ങൾ ദൈവം എനിക്ക് തന്നിട്ടുണ്ട്.

എന്നാൽ ഇത്തരത്തിൽ എനിക്ക് ഏറെ ജീസസ് യൂത്ത്സൗഹൃദങ്ങൾ സമ്മാനിച്ച ഒരിടമാണ് എറണാകുളം. എറണാകുളം നഗരത്തിലും സമീപദേശങ്ങളിലും എനിക്ക് വളരെ ആഴമേറിയ സൗഹൃദങ്ങൾ തന്ന് ദൈവം എന്നെ അനുഗ്രഹിച്ചിട്ടുണ്ട്. ഏതാനും വർഷങ്ങൾ മുമ്പ് ക്യാൻസർ ബാധിതനായി മരിച്ച ഷെറി ജോസ് അത്തരം ബന്ധങ്ങളിൽ ഏറ്റവും ശ്രേഷ്ഠരായ വ്യക്തികളിൽ ഒരാളാണ്.


ജീസസ് യൂത്തിന്റെ ധാരാളം വലിയ കോൺഫറൻസുകൾക്ക് പലപ്പോഴും വേദിയാകുന്നത് എറണാകുളം ആണ്. അത്തരം പ്രോഗ്രാമുകൾക്കായി, മാസങ്ങളോളം ഒരുമിച്ച് അധ്വാനിച്ചതിലൂടെ രൂപപ്പെട്ട ആഴമേറിയ സൗഹൃദങ്ങൾ അവിടെ എനിക്ക് ലഭിച്ച അനുഗ്രങ്ങളാണ്. വ്യക്തികളെപ്പോലെ ജീസസ് യൂത്ത് സുഹൃത്തുക്കളുടെ കുടുംബങ്ങളും എനിക്ക് സമയം ചെലവഴിക്കാൻ, എന്നെ ഞാനാക്കാൻ അനുവദിക്കുന്ന പ്രധാന ഇടങ്ങളാകുന്നു.

എറണാകുളത്ത് സെപ്റ്റംബറിൽ ഒരു വലിയ യുവജന കൺവൻഷൻ, ‘ഗ്രാസിയ’ ജീസസ് യൂത്ത് സംഘടിപ്പിക്കുന്നു എന്നറിയുന്നതിൽ സന്തോഷം. അനേകം പുതിയ ആഴപ്പെട്ട സൗഹൃദങ്ങൾ രൂപപ്പെടാൻ ഇതൊരു വേദിയാകട്ടെ.

ഏറെ വർഷത്തെ ജീസസ് യൂത്ത് ജീവിതം പിന്നിടുമ്പോഴും എന്റെ സുഹൃത്തുക്കളിൽ ഏറിയ പങ്കും അക്രൈസ്തവരായ വ്യക്തികളാണ്. ജാതിമതഭേദമന്യേ സൗഹൃദങ്ങൾ രൂപപ്പെടുത്താനും അതിൽ ആഴംകൊണ്ടുവരാനും എന്നെ ബോധ്യപ്പെടുത്തിയതും പരിശീലിപ്പിച്ചതും ജീസസ് യൂത്താണ്.

ഓരോ സൗഹൃദങ്ങളും ദൈവം അനുവദിക്കുന്നതാണെന്ന് ഇന്നെനിക്ക് ഉത്തമ ബോധ്യമുള്ളതുകൊണ്ട് എല്ലാ സൗഹൃദങ്ങളിലും ദൈവത്തിന്റെകൂടി സാന്നിധ്യം കാണാൻ സാധിക്കുന്നു എന്നത് വലിയ ദൈവ പരിപാലനയാണ്. സൗഹൃദങ്ങൾ ദൈവികമാണ്, സൗഹൃദങ്ങൾ സമ്പത്താണ്, സൗഹൃദങ്ങൾ അനിവാര്യതയാണ് ✦

**എൽസീന ജോസഫ്**




*ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ എം.ഫിൽ വിദ്യാർഥിനിയായ ലേഖിക കെ.സി.വൈ.എം.-ന്റെ മുൻ സംസ്ഥാന സെക്രട്ടറിയും, ജീസസ് യൂത്ത് കേരളാ കൗൺസിൽ അംഗവും, ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിലെ ജേർണലിസം അസി. പ്രൊഫസറുമായിരുന്നു.*
elseenajoseph0@gmail.com

കവർസ്റ്റോറി

# മിഷ

## ശരിക്കും യാത്രയ്ക്കിടയിലോ

ഒരു മീറ്റിംഗ് നടക്കുകയാണവിടെ. പത്തു-പതിമൂന്നു പുരുഷന്മാരെ മാത്രമേ അവിടെ കാണാനുള്ളൂ. ഒരാൾ നടുവിൽ നിന്നും ഏന്തൊക്കെയോ പറയുന്നു. ചുറ്റുമുള്ളവർ അന്തംവിട്ടുകേൾക്കുന്നു. അല്പംകൂടി അടുത്തുനിന്ന് ശ്രദ്ധിച്ചപ്പോൾ നേതാവ് പറയുന്നത് കേൾക്കാൻ സാധിച്ചു. ''നിങ്ങൾ യാത്രയ്ക്കിറങ്ങുമ്പോൾ മടിശീലയിൽ പണമോ രണ്ടുടുപ്പോ കരുതരുത്'' അമ്പോ! ഒന്നു ഞെട്ടി! ഓരോ സ്ഥലത്തു പ്രവേശിക്കുമ്പോഴും അവിടെ ആദ്യം ദൈവനാമത്തിൽ സമാധാനം ആശംസിക്കണം. ദൈവരാജ്യത്തെക്കുറിച്ച് പങ്കുവയ്ക്കണം. സുവിശേഷത്തിന്റെ സന്തോഷം അറിയിക്കണം. രോഗശാന്തി എങ്കിൽ അത്. മരിച്ചുപോയവരെ ഉയിർപ്പിക്കണമെങ്കിൽ അങ്ങനെ. ചുരുക്കി പറഞ്ഞാൽ നോക്കിയും കണ്ടും കാര്യങ്ങൾ ചെയ്യണം. നേതാവ് നിർദേശങ്ങൾ തുടരെതുടരെ നൽകുന്നു. കേട്ടതിൽ പാതി തിരിഞ്ഞില്ല. തിരിഞ്ഞതിൽ പകുതി ചെയ്യാനുള്ള വഴി അറിയില്ല. ഇതായിരുന്നു കേട്ടുനിന്ന പന്ത്രണ്ടു പേരുടെയും അവസ്ഥ. അനുസരണക്കേടു കാട്ടിയെന്നു വേണ്ട എന്നോർത്താവാം പകുതിപ്പേരും ആ യാത്രയ്ക്ക് പുറപ്പെട്ടതെന്നു എനിക്ക് തോന്നുന്നു. എന്തായാലും ചോദ്യങ്ങൾ നിരവധി ഉള്ളിൽ ചോദിച്ചു കൊണ്ടായിരിക്കണം അവരും അന്ന് ഊരു ചുറ്റാൻ ഇറങ്ങിയത്.



*കവർ മോഡൽ: ഷാരോൺ വിൽസൺ ചാലക്കുടി സ്വദേശിയും, അയർലാന്റിൽ ഷാലോം വേൾഡിന്റെ സിനിമാ നിർമാതാവുമാണ്. ജീസസ് യൂത്ത് മീഡിയ, ഓഡിയോ വിഷൽ മിനിസ്ട്രികളിൽ പ്രവർത്തിച്ചിരുന്നു. ഉത്തരേന്ത്യയിലും, ആഫ്രിക്കയിലും മിഷനുള്ള പദ്ധതിയു≠. ഉത്തരഖണ്ഡിലേക്കുള്ള മിഷൻ യാത്രയ്ക്ക് ഒരുങ്ങുന്നു. ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവരിലേക്കു പകരുവാനുള്ള തീക്ഷ്ണമായ ആഗ്രഹത്തോടെ പുതിയ സ്ഥലങ്ങൾ തേടി യാത്രകൾ നടത്തുന്നത് ഇഷ്ടമാണ്.*

# ലൻ

## ാ മുമ്പിലോ, അതോ ഒടുവിലോ?

*അസാധ്യം, ശരിക്കും പ്രചോദനാത്മകം എന്നൊക്കെ നന്ദി വാക്കുകൾ പറഞ്ഞ് സുഖിപ്പിക്കാതെ, മിഷൻ യാത്രാനുഭവങ്ങൾ നാമോരോരുത്തരേയും സ്വന്തമായ അനുഭവത്തിലേക്കുനയിക്കട്ടെ.*





കവർസ്റ്റോറി

പിന്നീടുണ്ടായതിന്റെ ചരിത്ര സാക്ഷ്യമാണ് ഇന്ന് കാണുന്ന 'പ്രേഷിതയായ സഭ'. അപ്പസ്തോലന്മാരുടെ പിൻഗാമികളായി വന്നവരെല്ലാം ഈ ദൗത്യം നിറവേറ്റാൻ നിയോഗിക്കപ്പെട്ടവർതന്നെ. യാത്ര കഴിഞ്ഞു മടങ്ങിവന്നവരുടെ ജീവിതാനുഭവങ്ങൾ കേട്ടപ്പോൾ തോന്നിയ താത്പര്യത്തിൽ അടുത്ത അവസരത്തിൽ അതിനു മുന്നിട്ടിറങ്ങിയവർക്കും അപ്പസ്തോലന്മാരുടേതിന് സമാനമായ ആശങ്കകൾ ഉള്ളിൽ ഉണ്ടായിരുന്നോ? യാത്രയ്ക്കൊടുവിൽ എല്ലാം ദൈവത്തിന്റെ ക്രമീകരണം എന്ന് തിരിച്ചറിയുന്നതും അത് വെളിപ്പെട്ടുകിട്ടുന്നിടം വരെയും ആ അവസ്ഥകൾ കടന്നുപോകുന്നതും തമ്മിലുള്ള ആ ചെറിയൊരു ഗ്യാപ്പ് അത്ര നിസാരമല്ല. എല്ലാ മാസവും ഓരോ മിഷൻ യാത്രാനുഭവങ്ങൾ ഈ മാസികയിലൂടെ നമ്മൾ വായിക്കാറുണ്ട്. നിരവധി യാത്രകളിൽ ചിലതാണ് അത്. ഈ യാത്രാനുഭവങ്ങളുടെ പിന്നിലെ കഥകൾ ചിലപ്പോൾ അതിലും രസകരമായിരിക്കും.

## 'ഹാർട്ട് ടു ഹാർട്ട്' മിഷൻ

വരാപ്പുഴ അതിരൂപത ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 2018 ഏപ്രിൽ (2 മുതൽ 18 വരെ) മാസമാണ് 19 പേരടങ്ങിയ ഞങ്ങൾ ജാൻസി രൂപതയിലേയ്ക്ക് മിഷൻ യാത്ര നടത്തിയത്. 2017 ഒക്ടോബർ മാസത്തിൽ വല്ലാർപാടം ദേശീയ തീർഥാടന കേന്ദ്രത്തിൽ വച്ച് നടന്ന 'മിഷൻ കോൺഗ്രസ്സ് ബി.സി.സി കൺവൻഷൻ' കേരളത്തിലെ ലത്തീൻ രൂപതകൾ ഓരോ മിഷൻ രൂപതയെ ദത്തെടുക്കുകയുണ്ടായി. 'ഹാർട്ട് ടു ഹാർട്ട്' മിഷൻ പ്രോഗാമിന്റെ ഭാഗമായി വരാപ്പുഴ രൂപത ജാൻസി രൂപതയെ ദത്തെടുത്തത് ഈ യാത്രയ്ക്ക് ഒരുങ്ങാൻ പ്രചോദിപ്പിച്ചു.

2016-ൽ മൂന്നാർ ചിന്നക്കനാലിൽ വച്ച് നടത്തിയ ഒരാഴ്ച നീണ്ടുനിന്ന മിഷൻ പ്രോഗ്രാമിന്റെ അനുഭവങ്ങൾ മുതൽക്കൂട്ടായി. ഓരോ മിഷൻ യാത്രയും ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തനതായ മിഷണറി ചൈതന്യം ഊട്ടിഉറപ്പിക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. പിന്നീടുള്ള 5 മാസങ്ങൾ പ്രാർഥനയോടും കൂടിയാലോചനകളോടും ഒരുക്കങ്ങൾ നടത്തി. അതിരൂപത യൂത്ത് കമ്മീഷൻ വഴി എല്ലാ ഇടവകകളിലും മിഷൻ യാത്രയുടെ അറിയിപ്പും രജിസ്ട്രേഷൻ ഫോമും അയച്ചുകൊടുത്തു. രജിസ്ട്രേഷൻ കണ്ടെത്തുക വെല്ലുവിളി നിറഞ്ഞതായിരുന്നു. മാതാപിതാക്കൾക്ക് മക്കളെ എങ്ങനെ മുൻപരിചയമില്ലാത്ത ഞങ്ങളോടൊപ്പം നോർത്ത് ഇന്ത്യയിലേയ്ക്ക് രണ്ടാഴ്ചയോളം അയയ്ക്കും എന്ന ആശങ്ക ഉണ്ടായിരുന്നു. ഞങ്ങളുടെ ആനിമേറ്റേഴ്സ് ആനന്ദ് അച്ചന്റെയും മേരി ആനി സിസ്റ്ററിന്റെയും മുതിർന്ന ജീസസ് യൂത്തായ ജെയിംസ് ചേട്ടന്റെയും സാന്നിധ്യം സഹായകമായി.

രണ്ടാഴ്ചയോളം ജോലിയിൽ നിന്നും മാറി നിൽക്കുക, കൂടാതെ പരിചയമില്ലാത്ത സ്ഥലത്തേക്കുള്ള യാത്രയും ഞങ്ങളെ സംബന്ധിച്ചും വെല്ലുവിളി നിറഞ്ഞതായിരുന്നു. പ്രോഗ്രാമിന് മുന്നോടിയായി പ്രോഗ്രാമിന് പങ്കെടുക്കുന്നവരുടെ സഹായത്തോടെ 15 ചാക്ക് വസ്ത്രങ്ങളും തുണികളും ശേഖരിച്ച് മിഷൻ മേഖലയിലേക്ക് പോകുന്നതിന് രണ്ടാഴ്ച മുന്നേ കയറ്റി അയച്ചു. ജാൻസി രൂപതയിൽ ശുശ്രൂഷചെയ്യുന്ന ജോർജ് അച്ചനുമായി കൂടിക്കാഴ്ച പരിപാടികൾ ആസൂത്രണം ചെയ്തു. പോകുന്നതിനു ഒരാഴ്ച മുമ്പ് പ്രോഗ്രാമിന് പങ്കെടുക്കുന്നവരെയും മാതാപിതാക്കളെയും ഒരുമിച്ചുകൂട്ടി അവരുടെ സംശയങ്ങൾ നീക്കി യാത്രയുടെ കാര്യങ്ങൾ ബോധ്യപ്പെടുത്തി. എല്ലാ തയ്യാറെടുപ്പുകളും ദൈവത്തിൽ ആശ്രയിച്ചാണ് നടത്തിയിരുന്നത്. അനുദിന ദിവ്യബലിയും കൂടെക്കൂടെയുള്ള കുമ്പസാരവും ജപമാല പ്രാർഥനയും ശക്തി നൽകി. തയ്യാറെടുപ്പിന്റെ ഓരോ ഘട്ടത്തിലും ദൈവാത്മാവിന്റെ നയിക്കപ്പെടൽ ഞങ്ങളോരോരുത്തരും അനുഭവിച്ചു.

***ഹാരി ജോസഫ്, വൈപ്പിൻ***



## നിർണായകമായ മൂന്നു ഘട്ടങ്ങൾ

കുറച്ചു വർഷങ്ങൾ മുന്നേയാണ് മിസിയോളജി എന്ന കോഴ്സ് പഠിക്കാൻ അവസരം കിട്ടുന്നത്. എന്തിനാണെന്നോ ഏതിനാണെന്നോ എന്നൊന്നും ആലോചിക്കാതെ ആ പഠനം ഞാൻ പൂർത്തിയാക്കി കോൺവെന്റിൽ വന്നപ്പോഴും അതുകഴിഞ്ഞുള്ള ജീവിതത്തിലും മിഷൻ യാത്രകൾ എന്ന ലക്ഷ്യത്തിൽ പ്രത്യേകിച്ചൊന്നും ചെയ്യുന്നത് മനസ്സിൽ ഇല്ലായിരുന്നു. യാത്രകൾ ഒരുപാടു നടത്തിയിട്ടുണ്ട്. എങ്കിലും അതിൽ ഒന്നു പോലും ഈ പറയുന്ന പ്രത്യേക തലക്കെട്ടൊന്നും ചേരുന്നതല്ലായിരുന്നു. ജീസസ് യൂത്ത് മുന്നേറ്റത്തോട് ചേർന്നു പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ ആണ് ഈ മുന്നേറ്റത്തിനു മിഷണറി മുന്നേറ്റം എന്നൊരു മേൽവിലാസം ഉള്ളതുതന്നെ ശ്രദ്ധയിൽ പെടുന്നത്. മിഷൻ ടീമിന്റെ കൂടെ യാത്രയ്ക്ക് ചേരാൻ എന്നെ അവർ വിളിക്കുന്നത് പറഞ്ഞുറപ്പിച്ചിരുന്ന മറ്റൊരാളുടെ അസൗകര്യത്തിലും അഭാവത്തിലും പകരക്കാരി ആയിട്ടാണ്.

കോൺവെന്റിൽ നിന്നും അനുമതി കിട്ടി, ഉത്തരവാദിത്വങ്ങൾ ഒന്നൊന്നായി ഒതുക്കി പ്രാർഥിച്ചൊരുങ്ങി യാത്രയ്ക്ക് തയ്യാറെടുക്കുകയാണ്. കുറച്ചു സിസ്റ്റേഴ്സും കൂടുതൽ കാര്യങ്ങളും ഉള്ള ചെറിയ കമ്മ്യൂണിറ്റിയിൽ ആണ് ഞാൻ ഉള്ളത്. അതുകൊണ്ടു മാറി നിൽക്കേണ്ടുന്ന അത്രയും ദിവസത്തെ കാര്യങ്ങൾ മുൻകൂട്ടി ചെയ്തുവയ്ക്കുന്നതും സ്വയം തയ്യാറെടുക്കുന്നതും അത്ര എളുപ്പമല്ലായിരുന്നു. സിസ്റ്റേഴ്സ് ഒറ്റയ്ക്ക് പുറത്തൊരു ഗ്രൂപ്പിനെയുംകൊണ്ട് പോകുന്നതും പൊതുവിൽ പതിവില്ലാത്തതാണ്. ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ സഹജ ശൈലിയിൽ ചേർന്നു നിന്നുള്ള ഈ യാത്ര എനിക്കും ഒരു പരിശീലന കളരിയായിരുന്നു.

ചില പതിവുകൾ സ്വയം തിരുത്താനും പുതിയ ചില വഴികൾ വെട്ടിത്തുറക്കാനും ഒക്കെയുള്ള അവസരം. യാത്രയ്ക്കിടയിൽ പുറത്തുനിന്നും ഭക്ഷണം കഴിക്കുക എനിക്ക് പ്രയാസകരമാണ്. പ്രത്യേകിച്ചും അന്യസംസ്ഥാനങ്ങളിൽ നിന്നും. ചിന്തിക്കാൻ പോലും കഴിയാത്ത ഇത്തരം കാര്യങ്ങൾ ആ യാത്ര കൊണ്ട് മാറിക്കിട്ടി. അപരിചിതരായിരുന്നു ഗ്രൂപ്പ് അംഗങ്ങൾ. പിന്നീട് സഹോദരതുല്യരായി മാറിയത് ദൈവനിയോഗം. യാത്രയ്ക്ക് മൂന്നു ഘട്ടങ്ങളാണ് ഉള്ളതെന്ന് വിശ്വസിക്കുന്നു. പ്രതീക്ഷകളും സംശയങ്ങളും ഒക്കെയുള്ള ഒരുക്ക ഘട്ടം. സാക്ഷാത്കാരത്തിന്റെ രണ്ടാം പടി. അതായതു യാത്ര. ഒടുവിൽ ഒരു തിരിഞ്ഞു നോട്ടത്തിന്റെ സമയം. പിന്നിട്ട സമയങ്ങൾ ഓരോന്നും എന്തിനായിരുന്നു എന്നുള്ള ഉത്തരം വലിയ കാൻവാസിൽ ഈശോ കാണിച്ചു തരുന്നത് ഈ ഘട്ടത്തിലാണ്. എനിക്കു മാത്രമല്ല ഈ പ്രത്യേകതരം യാത്രയ്ക്കിറങ്ങുന്ന എല്ലാവരും ഈ പടികൾ കടന്നുതന്നെയാണ് അനുഭവങ്ങളുടെ പങ്കുവയ്ക്കലുകൾ നടത്താറുള്ളത്. മിഷണറി മുന്നേറ്റത്തിന്റെ സ്വഭാവം ഓരോ ജീസസ്യൂത്തിനും അനുഭവിച്ചു തന്നെ മുന്നോട്ടു പോകാൻ കഴിയട്ടെ എന്നാഗ്രഹിക്കുന്നു.

***സി. മേരി ആനി, ജീസസ് യൂത്ത് കേരള കൗൺസിൽ ആനിമേറ്റർ***

## അറിയാതെ പോയ യാത്രയുടെ നിറമുള്ള ഓർമ

യാത്രയ്ക്ക് പോയാലോ എന്ന് ചോദിച്ചത് കൂട്ടുകാരിയാണ്. ജീസസ് യൂത്തിന്റെ ചില പ്രോഗ്രാമൊക്കെ കൂടി നിൽക്കുന്ന സമയമായതുകൊണ്ട് കൂടുതൽ ആലോചിക്കാതെ പോകാം എന്ന് മറുപടികൊടുത്തു. സത്യത്തിൽ മിഷൻ യാത്ര എന്നാൽ എന്താണെന്നു ഒരു ധാരണയും ഇല്ലാതെയാണ് ഞാൻ സമ്മതം മൂളിയത്. വീട്ടിൽ ചോദിച്ചപ്പോഴും അവർ കരുതിയതും റിട്രീറ്റ് പോലെ വല്ലതും ആയിരിക്കും എന്നാണ്. അതുകൊണ്ടു അനുമതി കിട്ടാൻ കൂടുതൽ ചോദ്യങ്ങളൊന്നും നേരിടേണ്ടിവന്നില്ല.

മിഷൻ യാത്ര പ്ലാൻ ചെയ്തിരിക്കുന്ന ചേട്ടന്മാരൊക്കെ വിളിക്കുകയും ഓരോ കാര്യങ്ങൾ പറഞ്ഞു തരുകയും ചെയ്യുമ്പോൾ സത്യത്തിൽ ഒന്നും മനസ്സിലാകുന്നില്ലായിരുന്നു. കാരണം, തികച്ചും അപരിചിതമായ കാര്യത്തെ മനസ്സിൽ ചിത്രീകരിക്കുന്നത് ഒട്ടും എളുപ്പമല്ല. യാതൊരുവിധ ഭാവനയും വ്യക്തതയും ഇല്ലാത്ത പ്രാർഥന മാത്രം ഉള്ളിൽ സൂക്ഷിച്ചാണ്, ആ വർഷം ഞാനും ഈ മിഷൻ സംഘത്തോടൊപ്പം യാത്ര പോയത്. വാഗമൺ അടുത്തുള്ള സ്ഥലത്താണ് ഞങ്ങൾ പോയതും ഒരാഴ്ചയോളം ചെലവിട്ടതും. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ അന്നത്തെ വിവരമില്ലായ്മ തന്നെയായിരുന്നു ആ യാത്രയെ ആസ്വദിക്കാൻ എന്നെ സഹായിച്ചതെന്ന് എനിക്ക് തോന്നുന്നു. കാരണം ആകുലതകൾ ഇല്ലാതെ യാത്രയ്ക്കിറങ്ങി. ദൈവദൂതന്മാരെപ്പോലെ യാത്രയ്ക്ക് നേതൃത്വം നൽകിയ ജീസസ് യൂത്ത് ലീഡേഴ്സ് നൽകിയ നിർദേശങ്ങൾ അനുസരിച്ചു. കുഞ്ഞു കാര്യങ്ങൾപോലും ആസ്വദിച്ചു. ശരിക്കും വിശുദ്ധമായ യാത്രയായി അത് അവസാനിച്ചു. ഇനിയും തുടരണം എന്ന പ്രാർഥനയും ആഗ്രഹവും ബാക്കിയാക്കി.

***സ്നേഹമോൾ കെ.എസ്. കളമശ്ശേരി***

സ്വഭാവത്താലേ പ്രേഷിതയായ സഭയുടെ പ്രഖ്യാപിത ലക്ഷ്യവും സ്വപ്നവും സ്വഭാവത്തിലേക്കുൾക്കൊണ്ടു മുന്നേറാൻ അതിലെ ഓരോ വിശ്വാസിക്കും എത്രത്തോളം കഴിയുന്നുണ്ട് എന്നതൊരു നല്ല ചോദ്യം ആയി തോന്നുന്നു. കാരണം, ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ നിയോഗിക്കപ്പെട്ട നമ്മൾ ആ വിളി ഏറ്റെടുത്ത് മടങ്ങിവന്നവരുടെ കോരിത്തരിപ്പിക്കുന്ന അനുഭവക്കഥകൾ കേട്ട് അസാധ്യം, ശരിക്കും പ്രചോദനാത്മകം എന്നൊക്കെ നന്ദി വാക്കുകൾ പറഞ്ഞു സുഖിപ്പിക്കും. ഇനി ആ പരിപാടി തത്ക്കാലം ഒന്നു നിറുത്തി ഒക്ടോബർ മാസം സഭ മിഷൻ വർഷാചരണത്തിനു തുടക്കം കുറിക്കുമ്പോൾ സഭാദൗത്യത്തിൽ പങ്കുചേരാനുള്ള എന്റെ വിളി തിരിച്ചറിയാൻ നമുക്ക് പ്രാർഥിച്ചൊരുങ്ങാം ✦



രശ്മി ജോയി പുറക്കാടൻ



*എറണാകുളം സ്വദേശിനിയായ ലേഖിക സെന്റ് തെരേസാസ് കോളേജിലും മഞ്ഞുമ്മൽ ഗാർഡിയൻ എയ്ഞ്ചൽസ് പബ്ലിക്ക് സ്കൂളിലും സ്റ്റുഡന്റ്സ് കൗൺസിലർ ആയി ജോലി ചെയ്യുന്നു.*
resmijpurakkadan@gmail.com

ഓർമ

# സൗഹൃദപ്പൂക്കൾ വിരിയുന്ന ‘സെല്ലു’കൾ



*ഡൊമിനിക് എൻ.ജെ.*

*ജീസസ് യൂത്ത് കൂട്ടായ്മയിലെ അവിഭാജ്യ ഘടകങ്ങളിൽ ഒന്നാണ് സെൽ ഗ്രൂപ്പുകൾ. നമ്മുടെ ജീവിതത്തിലെ ഏതു കാര്യങ്ങളെക്കുറിച്ചും തുറന്നു പറയാനും മറ്റുള്ളവരും അങ്ങനെ നമ്മളോട് കാര്യങ്ങൾ പങ്കുവയ്ക്കാനും ഉ≠ാവുക എന്നത് മനോഹരമല്ലേ. നമ്മെ കേൾക്കാനും നമുക്കുവേ≠ി പ്രാർഥിക്കാനുമുള്ള നമ്മുടെ തന്നെ ശരീരത്തിന്റെ ഭാഗമായി മാറുന്ന സൗഹൃദങ്ങളാണ് സെല്ലുകൾ. കഴിഞ്ഞ 29 വർഷക്കാലമായി സെൽ ഗ്രൂപ്പിലൂടെ വളരുകയും വളർത്തുകയും ചെയ്യുന്ന ഡൊമിനിക് എൻ.ജെ. തന്റെ ഓർമകൾ പങ്കുവയ്ക്കുന്നു. എറണാകുളം സോണിന്റെ മുൻകാലങ്ങളിലെ സർവീസ് ടീം മെമ്പറും സബ്സോൺ കോ-ഓർഡിനേറ്ററും ആയി പ്രവർത്തിച്ചിട്ടുള്ള ഡൊമിനിക് ഇപ്പോൾ എറണാകുളം സോണൽ ടീമിന്റെ എൽഡറാണ്.*

## വ്യക്തിബന്ധങ്ങളെയും കുടുംബബന്ധങ്ങളെയുമൊക്കെ ബലപ്പെടുത്തുന്ന അത്രമേൽ ആഴമുള്ള സെൽ കൂട്ടായ്മയുടെ അനുഭവങ്ങൾ

ജീവിതത്തിൽ അപ്പൻ, അമ്മ, സഹോദരങ്ങൾ, ഭാര്യ, മക്കൾ, സുഹൃത്തുക്കൾ ഇങ്ങനെ നിരവധി പ്രിയപ്പെട്ടവർ നമ്മോടുകൂടെയുണ്ട്. അതോടൊപ്പം അല്ലെങ്കിൽ അതിനേക്കാളുപരി എന്റെ ജീവിതത്തിൽ ഏഴുപേരു കൂടിയുണ്ട്. അവരാണ് ജീസസ് യൂത്തിലെ എന്റെ സെൽമേറ്റ്സ്. കൊഴിഞ്ഞു പോകാമായിരുന്ന യൗവനത്തിന്റെ നാളുകൾക്ക് കരുത്തേകി എന്നെ പിടിച്ചു നിറുത്തിയതിൽ എന്റെ സെൽ ഗ്രൂപ്പ് ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. ബോൾഗാട്ടി സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ പലയിടങ്ങളിലായി വളർന്ന ഞങ്ങൾ ഓർത്തിരുന്നില്ല, ഗാഢമായ ഈയൊരു സൗഹൃദത്തിലേക്കും സ്നേഹത്തിലേക്കും തമ്പുരാൻ ഞങ്ങളെ ഒന്നിപ്പിക്കുമെന്ന്.

29 വർഷം മുമ്പാണ് ഞങ്ങളുടെ സെൽഗ്രൂപ്പ് ഇടവക പ്രാർഥനാക്കൂട്ടായ്മയിലൂടെ രൂപം കൊള്ളുന്നത്. ഞങ്ങൾ 7 പേരായിരുന്നു അന്ന് സെൽ ഗ്രൂപ്പിൽ ഉണ്ടായിരുന്നത്. എല്ലാ മാസങ്ങളിലും അക്കാലങ്ങളിൽ ഞങ്ങൾ കൂടുമായിരുന്നു. പിന്നീട് ജോലി, കുടുംബം, എന്നിങ്ങനെ ജീവിതത്തിൽ വ്യത്യസ്തമായ റോളുകൾ വന്നപ്പോൾ ഞങ്ങൾ ഒന്നിടവിട്ട മാസങ്ങളിൽ മുടങ്ങാതെ കൂടാൻ തുടങ്ങി. ഇന്നും അത് തുടരുന്നു.

നല്ലൊരു പ്രാർഥനാ ചൈതന്യത്തിൽ, തമാശകൾ പറഞ്ഞും പരസ്പരം കളിയാക്കിയും ആശ്വസിപ്പിച്ചും ഞങ്ങൾ വിശേഷങ്ങൾ പങ്കുവയ്ക്കുന്നു. ജീവിതാവസ്ഥകളെക്കുറിച്ച് ചർച്ച ചെയ്യുന്നു, പോരായ്മകളെ വിലയിരുത്തുകയും വിമർശിക്കുകയും സ്നേഹത്താൽ തിരുത്തുകയുമെല്ലാം ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു മാസക്കാലയളവിലേക്കുള്ള ഊർജം ശേഖരിച്ചുവയ്ക്കുന്നു. സെല്ലിന്റെ ഓരോ മീറ്റിംഗുകളും കഴിയുമ്പോൾ ഒരുമിച്ച് പോയി ഭക്ഷണം കഴിച്ചാണ് ഞങ്ങൾ പിരിയാറുള്ളത്.

ഞങ്ങളുടെ കൂട്ടായ്മകൾ കൂടാതെ, സമയക്രമമനുസരിച്ച് ഞങ്ങളുടെ 7 കുടുംബങ്ങളും വർഷത്തിലൊരിക്കൽ ഒരുമിച്ച് കൂടുകയും എവിടെയെങ്കിലും യാത്ര പോവുകയും ചെയ്യുന്നു. ജീവിതത്തിൽ പലതരത്തിലുള്ള അവസ്ഥകളിലൂടെ ഞങ്ങൾ ഓരോരുത്തരും കടന്നുപോയപ്പോഴെല്ലാം തളരാതെ, വീഴാതെ താങ്ങായി പരസ്പരം കൂടെ നിൽക്കാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്, ഇന്നും അങ്ങനെ തന്നെ. അതുകൊണ്ടുതന്നെയാണ് ഞങ്ങൾ 7 പേരിൽ നിന്നു 2 പേർ സ്വർഗം ലക്ഷ്യമാക്കി നേരത്തെ യാത്ര ചെയ്തപ്പോൾ ശരീരത്തിൽ നിന്ന് ഒരു അവയവം മുറിച്ചുമാറ്റുന്നതിനേക്കാൾ വേദന ഞങ്ങൾ അനുഭവിച്ചത്. പക്ഷേ ആ വേദനയിലും ഞങ്ങൾക്കാശ്വാസം ഞങ്ങളിൽനിന്നു വേർപിരിഞ്ഞ സാംസന്റെയും മാർട്ടിന്റെയും കുടുംബത്തിൽ ഇന്ന് അവരില്ലെങ്കിലും അവരുടെ കുടുംബാംഗങ്ങൾ അവരായിതന്നെ കണ്ട് ഞങ്ങളെ സ്നേഹിക്കുന്നു.

ഇന്നും ജീസസ് യൂത്ത് കുടുംബത്തിൽ എന്നെ നിലനിറുത്തിയിരിക്കുന്നതിൽ എന്റെ സെൽഗ്രൂപ്പ് വഹിക്കുന്ന പങ്ക് അത്ര ആഴമേറിയതാണ്. വിവാഹത്തിനു മുമ്പ് തുടങ്ങിയ ഞങ്ങളുടെ സെല്ലിനേക്കാൾ അടുപ്പം ഞങ്ങളുടെ കുടുംബാംഗങ്ങൾ തമ്മിലും വളർന്നു കഴിഞ്ഞു. ഇത്രയും നീണ്ട വർഷക്കാലം ഒരുമിച്ചായിരിക്കാൻ തമ്പുരാൻ നൽകിയ സ്നേഹത്തിനും കൃപയ്ക്കും മുമ്പിൽ നിറമിഴികളോടെ കൈകൾകൂപ്പി നിൽക്കാനേ ഈ എളിയവനു ആകൂ, നാഥാ... നന്ദി, നിൻ ദാനങ്ങൾക്ക് ✦



\n§tfmtcm-cp-¯cpw
**സ്വന്തം ശരീരത്തെ വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കേണ്ടത്**
F§-s\-sb¶v Adn-bWw

1 തെസ 4: 4

Prepared by: The Jesus Youth International Formation Team, Email: formation@jesusyouth.org

തങ്ങൾ ധ്യാനിച്ച നാം, ഈ മാസം സംയമനം എന്ന നാലാം സുകൃതത്തിൽ ശ്രദ്ധയൂന്നുന്നു. നമ്മുടെ അഭിനിവേശങ്ങളെയും അഭിലാഷങ്ങളെയും പ്രത്യേകിച്ച്, ഭക്ഷണപാനീയങ്ങൾ, സെക്സ് എന്നിവയോടുള്ളതു ക്രമപ്പെടുത്താൻ ഇതു നമ്മെ സഹായിക്കുന്നു.

സംയമനം എന്ന ധാർമിക സുകൃതം സുഖഭോഗങ്ങളുടെ ആകർഷണത്തെ മിതപ്പെടുത്തുകയും സൃഷ്ട വസ്തുക്കളുടെ ഉപയോഗത്തിൽ സന്തുലിതാവസ്ഥ പ്രദാനം ചെയ്യുകയും ചെയ്യുന്നു. അത് വാസനകളുടെ മേൽ ഇച്ഛാശക്തിയുടെ അധീശത്വത്തെ ശക്തിപ്പെടുത്തുകയും മാന്യതയുടെ പരിധികൾക്കുള്ളിൽ ആഗ്രഹങ്ങളെ പിടിച്ചുനിറുത്തുകയും ചെയ്യുന്നു. സംയമനമുള്ളവ്യക്തി ഐന്ദ്രിക തൃഷ്ണകളെ നന്മയിലേക്കു നയിക്കുകയും ആരോഗ്യകരമായ വിവേചനം പുലർത്തുകയുംചെയ്യുന്നു (CCC 1809).

ഭക്ഷണം, പാനീയം, ലൈംഗികത എന്നിവയോടു ബന്ധപ്പെട്ടിട്ടുള്ള സുഖങ്ങൾ തികച്ചും ശക്തമാണ്. അതിനാൽ, സംയമനം എന്ന സുകൃതം നമ്മിൽ വികസിതമാക്കുന്ന ശിക്ഷണത്താൽ ചിട്ടപ്പെടുത്തിയതും ശക്തവുമായ ഇച്ഛയും നമുക്കാവശ്യമാണ്. മിതത്വവും (sobriety) പാതിവ്രത്യവും (chastity) സംയമനത്തിന്റെ ഉപ-സുകൃതങ്ങളാണ്. ആദ്യത്തേത് ഭക്ഷണം, പാനീയം എന്നിവയുടെ മിതത്വത്തിൽ സഹായിക്കുമ്പോൾ, രണ്ടാമത്തേത് ലൈംഗിക തൃഷ്ണയുടെമേൽ ഉചിതമായ നിയന്ത്രണത്തിനു സഹായമേകുന്നു.

ലൈംഗിക വിശുദ്ധി ക്രൈസ്തവ ജീവിതത്തിന് അത്യന്താപേക്ഷിത സുകൃതമാണ്. പുരോഹിതനോ, ഏകസ്ഥ ജീവിതമോ സമർപ്പിത ജീവിതമോ നയിക്കുന്ന വ്യക്തിയോ ആണെങ്കിൽ വർജനം പരിശീലിക്കുന്നതിനും, ദാമ്പത്യ ജീവിതം നയിക്കുന്നയാളെങ്കിൽ ജീവിതപങ്കാളിക്ക് സ്നേഹത്തിൽ സ്വയം നല്കുന്നതിനും അതുസഹായിക്കുന്നു. വൈവാഹിക ലൈംഗിക ബന്ധത്തിലെ പാതിവ്രത്യം ജീവിതപങ്കാളിയെ ലൈംഗിക തൃഷ്ണ തൃപ്തിപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നു. വൈവാഹിക പാതിവ്രത്യം ദമ്പതികളെ നിസ്വാർത്ഥമായി സ്നേഹത്തിൽ തങ്ങളെത്തന്നെ പരസ്പരം നല്കുന്നതിനു പ്രാപ്തരാക്കുന്നു. വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവർക്കും ഏകസ്ഥ ജീവിതം തെരഞ്ഞെടുക്കുന്നവർക്കും വിചാരത്തിലും പ്രവൃത്തിയിലും പരിശുദ്ധി കാത്തുപാലിക്കാൻ ഈ സുകൃതം സഹായകമാകുന്നു. ദൈവവുമായി ഗാഢബന്ധത്തിലായിരിക്കുന്നതിനുവേണ്ടി ലൈംഗിക സമഗ്രതയിൽ ജീവിക്കുവാൻ ബ്രഹ്മചര്യ വ്രതവാഗ്ദാനം നടത്തിയ വൈദികരെയും സമർപ്പിതരേയും ഈ സുകൃതം പ്രോത്സാഹിപ്പിക്കുന്നു.

''നിങ്ങളോരോരുത്തരും സ്വന്തംശരീരത്തെ വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കേണ്ടതെങ്ങനെയെന്ന് അറിയണം'' എന്ന് വിശുദ്ധ പൗലോസ് ആവശ്യപ്പെടുന്നു. ഈ നിർദേശത്തിൽ നിന്ന് ആരും ഒഴിവാക്കപ്പെട്ടിട്ടില്ല! ബോധപൂർവവും നിരന്തരവുമായ പഠനം നമ്മിൽ നിന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ഈ വിഷയത്തിലുള്ള ഉചിതമായ കത്തോലിക്കാ ഗ്രന്ഥങ്ങൾ വായിക്കുന്നതും ധ്യാനിക്കുന്നതും കൂടാതെ, പഞ്ചേന്ദ്രിയങ്ങൾക്കു കാവലേർപ്പെടുത്തുന്നതും സംയമനമെന്ന സുകൃതത്തിൽ വളരുന്നതിന് അത്യന്താപേക്ഷിതമാണ്. കണ്ണുകൾക്കും ചിന്തകൾക്കും കാവലില്ലെങ്കിൽ അഭിനിവേശങ്ങൾക്കും കാവലുണ്ടാവില്ല. ജഡാഭിലാഷങ്ങളെ നിയന്ത്രിക്കാനുള്ള ഒരു മാർഗമായി ഉപവാസം പൊതുവേ ശുപാർശ ചെയ്യപ്പെടുന്നു. എന്തെന്നാൽ, ഭക്ഷണവും പാനീയവും പകരുന്ന സുഖത്തിന്റെ ആസ്വാദനത്തിലെ കർശനമായ മിതത്വം ലൈംഗികാഭിലാഷങ്ങളെ ശമിപ്പിക്കാൻ ഇച്ഛയെ സജ്ജമാക്കും.

സംയമനമെന്ന സുകൃതത്തിലെ വളർച്ച യഥാർഥ സമാധാനം പ്രദാനം ചെയ്യുന്നു; കാരണം നമ്മുടെ ചിന്തകളും തോന്നലുകളും അഭിലാഷങ്ങളും യുക്തിക്കും ഇച്ഛയ്ക്കും വിധേയമായി ഏദൻ തോട്ടത്തിലനുഭവവേദ്യമായ ആന്തരിക പാരസ്പര്യം പുന:സ്ഥാപിക്കുന്നു.

### വിശുദ്ധന്റെ മൊഴി

''ലളിതമായി പറഞ്ഞാൽ അഭിനിവേശങ്ങൾക്ക് അതിർവരമ്പ് നിശ്ചയിക്കുന്ന മനസ്സിന്റെ ഭാവമാണ് സംയമനം''

**-വിശുദ്ധ തോമസ് അക്വിനാസ്**

### വിചിന്തനം

ആദിമാതാപിതാക്കളുടെ പതനത്തിനു മുമ്പ്, അവരുടെ ഭൗതിക ഇന്ദ്രിയങ്ങൾ യുക്തിയാൽ നിയന്ത്രിക്കപ്പെട്ടും തികഞ്ഞ പാരസ്പര്യത്തിലുമായിരുന്നു. അവർക്ക് ആസക്തികളോ അനാരോഗ്യകരമായ തൃഷ്ണകളോ ഒരിക്കലും ഉണ്ടായിരുന്നില്ല; എന്നാൽ, പാപം ഈ മനോജ്ഞമായ ആന്തരിക പാരസ്പര്യം തകർത്തു. അഹത്തിന്റെ മേലുള്ള നിയന്ത്രണം നഷ്ടമായി. തത്ഫലമായി, യുക്തിയുടെ തലങ്ങൾക്കപ്പുറം ശാരീരികവും ജഡികവുമായ സുഖങ്ങൾ തേടാനുള്ള സ്വാഭാവിക പ്രവണത ഉളവായി. ജ്ഞാനസ്നാന കൃപയാൽ നാം പുന:സ്ഥാപിക്കപ്പെട്ടുവെങ്കിലും പാപാസക്തി ''നമ്മിൽ കുടികൊള്ളാൻ അനുവദിച്ചിരിക്കുന്നതു നാം അതിനോടുസമരം ചെയ്യാൻ വേണ്ടിയാണ്. അതുകൊണ്ട് അതിനു സമ്മതം നല്കാതെ യേശുക്രിസ്തുവിന്റെ കൃപാവരത്തിൽ അതിനെ ധീരതയോടെ എതിർത്തു നില്ക്കുന്നവരെ ദ്രോഹിക്കാൻ അതിനു കഴിയുകയില്ല'' (CCC 1264). കഠിനമായി അധ്വാനിച്ച് സുകൃതങ്ങൾ കൃപയാൽ സമ്പാദിക്കുന്നത് ഇക്കാര്യത്തിൽ നമുക്കു സഹായമരുളുന്നു. വിവേകം, നീതി, മന:സ്ഥൈര്യം എന്നീ മൂന്നു മൗലിക സുകൃ

# കഥാചിത്രങ്ങൾ

*ജീവിതസൗന്ദര്യവും, പ്രകൃതിസൗന്ദര്യവും, അമൂർത്ത ആവിഷ്ക്കാരങ്ങളും കഥാചിത്രങ്ങളുടെ ഈ പേജിൽ പ്രസിദ്ധീകരിക്കും. ക്രിസ്തീയ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാകരുതെന്നുമാത്രം. 2 MP എങ്കിലും ഫയൽ സൈസുള്ള ക്യാമറ/മൊബൈൽ ഫോൺ ചിത്രങ്ങൾ ആശയപരമായും, കലാപരമായും, സാങ്കേതികമായും യോഗ്യതയുള്ളതാണെന്ന് ഡിസൈൻ എഡിറ്റിങ് ടീം തീരുമാനിച്ചാലാണ് പ്രസിദ്ധീകരിക്കുക. ഡിസംബർ ലക്കം പ്രസിദ്ധീകരിച്ചുകഴിഞ്ഞ് ഒരു വർഷത്തെ ചിത്രങ്ങൾ വിലയിരുത്തി 'കെയ്റോസ് ഫോട്ടോ ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോഗ്രാഫർക്ക് കെയ്റോസ് പ്രത്യേക സമ്മാനം നൽകുന്നതും പ്രസ്തുത ചിത്രം പുതുവർഷ ലക്കത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നതുമായിരിക്കും. ഒറ്റവാക്യത്തിലുള്ള അടിക്കുറിപ്പും, പേരും സഹിതം ഫോട്ടോ അയക്കുക:* myclick.kairos@gmail.com



"Jesus is smiling !" - Art workshop at KCC 2019 | Photography by: Ramji Madambi



The statue and famous tower on Charles Bridge in Prague in Czech Republic | Photography by: Waj




വീട്ടുകാര്യം

# hSn HSnª Znhkw

**മനുഷ്യന്റെ കോപം ദൈവനീതിയുടെ പ്രവർത്തനത്തിന് പ്രേരണ നൽകുന്നില്ല. സ്നേഹമാണ് സർവോത്കൃഷ്ടം.**

കുട്ടികൾ നന്നായി വളർന്നുവരാൻ വഴക്കു പറഞ്ഞും അടികൊടുത്തും വളർത്തുന്ന ഒരു സമയമുണ്ടായിരുന്നു. ആ നാളുകളിൽ എന്നെ തിരുത്താനായതും യഥാർഥ സ്നേഹത്തെ മനസ്സിലാക്കി തന്നതുമായ ഒരനുഭവം ഉണ്ടായി. വൈകിട്ടു വീട്ടിൽ വരുന്ന സമയം ചില ദിവസങ്ങളിൽ തല്ലുകൊള്ളാൻ പാകത്തിനു എന്തെങ്കിലുമൊക്കെ ചെയ്തു വച്ചിട്ടുണ്ടാകും മകൻ. അവനെക്കൊണ്ടുതന്നെ വടി എടുപ്പിച്ച് തല്ലുകൊടുക്കുന്ന രീതിയായിരുന്നു. ഒരിക്കൽ ദൈവം എന്റെ മനസ്സിൽ പറഞ്ഞു: ഇനിമുതൽ കോപിക്കുകയോ തല്ലുകൊടുക്കുകയോ വേണ്ട. അന്നേ ദിവസം വീട്ടിൽ ചെന്നപ്പോൾ ഞാൻ പറയുന്നതിനു മുമ്പേ തന്നെ വടിയുമായി മകൻ വന്നു, തല്ലിക്കോ എന്ന ഭാവത്തിൽ. അവനെ നോക്കി സ്നേഹത്തോടെ ചേർത്തു പിടിച്ച് കൈയിലിരിക്കുന്ന വടി ഒടിച്ചു കളയാൻ ഞാൻ പറഞ്ഞു. അപ്പോൾ അവിടെ നാലു മിഴികൾ നിറഞ്ഞൊഴുകി. എന്റെയും അവന്റെയും. വടി ഒടിച്ചു കളഞ്ഞതിനുശേഷം അവൻ അവന്റെ 'കുറ്റങ്ങൾ' ഏറ്റു പറയുകയും മേലിൽ ആവർത്തിക്കുകയില്ലെന്നും കരച്ചിലിനിടയിലൂടെ പറയുന്നുണ്ടായിരുന്നു. ഇതിലൂടെ ഞാൻ തിരിച്ചറിഞ്ഞ ഒരു സത്യം മകനും അറിഞ്ഞുവെന്ന് എനിക്കു മനസ്സിലായി. സ്നേഹം സർവോത്കൃഷ്ടം. യഥാർഥ ദൈവസ്നേഹത്തെക്കുറിച്ച് എന്നെ പഠിപ്പിച്ച സമയം കൂടിയായിരുന്നു ഈയനുഭവം.




*ജെയിംസ് ഇലഞ്ഞേരി, കലൂർ*

# "ss[cyw'thWw hoSv-]Wnbm³

**കർത്താവ് ഭവനം പണിയാതിരുന്നാൽ നിഷ്ഫലമാകും പ്രയത്നമെല്ലാം... എന്റെ അനുഭവങ്ങൾ എന്നോടു പറഞ്ഞത്.**

വീടു പണിയുവാൻ സ്വപ്നവുമായി പണത്തിനുവേണ്ടി അന്വേഷണം നടക്കുന്ന സമയം, ധൈര്യപൂർവം തുടങ്ങുവാൻ കൈയിൽ കാശില്ല. ഇങ്ങനെയിരിക്കെ ഒരു വൈദികന്റെയടുക്കൽ കൗൺസിലിങ്ങിനിടയിൽ അച്ചനെന്നോടുപറഞ്ഞു: "ഭയപ്പെടാതെ വീടിന്റെ പണി ആരംഭിക്കുക. ദൈവം നടത്തിക്കൊള്ളും". ഞാൻ അച്ചനെ തിരുത്തി. "പറ്റില്ല അച്ചോ കൈയിൽ കാശില്ലാതെ എന്തുറപ്പിൽ തുടങ്ങും? എങ്ങനെ തുടങ്ങും?" എന്റെ മണ്ടൻ ചിന്ത അച്ചൻ തിരുത്തി. "അവിശ്വസിക്കാതെ പണി തുടങ്ങുക. വഴികൾ ദൈവം കാണിച്ചുതരും. നിന്റെയുള്ളിൽ ഭയമുണ്ട്. അത് മാറാൻ പ്രാർഥിക്കുക. എല്ലാം ശരിയാകും."അച്ചനെന്നെ അനുഗ്രഹിച്ചു പ്രാർഥിച്ചു. പിന്നീട് അത്ഭുതപ്പെടുത്തുന്ന രീതിയിലായിരുന്നു അനുഭവങ്ങൾ. വീടിനായി തറ പണിതിട്ടിരുന്ന പറമ്പിന്റെ ക്ലീനിംഗിനായി പറഞ്ഞതേ ആളുകൾ വന്നു. ആഘോഷപൂർവം വീടു പണിയാനുള്ള ഇടം റെഡിയായി. തറ കെട്ടിയിരുന്ന സ്ഥലത്ത് വീടിന്റെ കട്ടിള വച്ച് പണിതുടങ്ങണം. മരപ്പണിക്കുള്ള തടിയെടുക്കുവാനായി ഞാൻ വിളിച്ച എന്റെ സുഹൃത്ത് എന്നെ മറ്റൊരു സ്ഥലത്തേയ്ക്ക് അന്വേഷണത്തിനായി വഴിതിരിച്ചുവിട്ടു. അവിടെനിന്നും ആവശ്യമായ പണിതീർത്ത കട്ടിളയും മറ്റ് ഉരുപ്പടികളും പിറ്റേന്നുതന്നെ പറമ്പിലെത്തി. പൈസയുടെ കാര്യമൊക്കെ പിന്നീട് പറയാമെന്നും അദ്ദേഹം പറഞ്ഞു. പണിതുടങ്ങുവാനായി ബന്ധുക്കളും സുഹൃത്തുക്കളും എത്തി. പണി പുരോഗമിച്ചു, വീട് ഉയർന്നു. അപ്പോഴും കൈയിൽ പണമില്ല. പല വഴികളിലൂടെയും വ്യക്തികളിലൂടെയും ആവശ്യങ്ങൾ നടക്കുകയായിരുന്നു. ഒടുവിൽ ചെറിയൊരു ബാങ്ക് ലോണിനായി പരിശ്രമിക്കുമ്പോഴും വീടു പണി പൂർത്തിയായികൊണ്ടിരിക്കുകയായിരുന്നു. എന്റെ ഭയം മാറി, ധൈര്യംവന്നു. ഒപ്പം വിശ്വാസവും. അന്നേരം ഞാൻ എന്റെ മനസ്സിൽ കുറിച്ചു: കർത്താവ് ഭവനം പണിയാതിരുന്നാൽ നിഷ്ഫലമാകും പ്രയത്നമെല്ലാം.



*ജാൻസൻ അറക്കൽ, ശ്രീമൂലനഗരം*

ഫമിലിയ

## മൈ സ്റ്റോറി

# ss^kÂ\osbmcp A\p{KlamIpw


**2018** ഡിസംബർ. മൂന്നു മക്കളും മൂന്നു മാസം ഗർഭിണിയായ ഭാര്യ സോണിയയുമൊത്ത് ഞാൻ അവധിക്ക് നാട്ടിലെത്തി. ഭാര്യയുടെ അനുജന്റെ തിരുപ്പട്ട സ്വീകരണമായിരുന്നു പ്രധാന പരിപാടി. അതു കഴിഞ്ഞപ്പോൾ ഒരാഗ്രഹം! പണ്ട് പഠിച്ച സ്കൂളിലൊന്ന് പോകണം, ഒത്താൽ പഴയ സഹപാഠികളെ ഒന്നു കാണണം. വളരെ ബുദ്ധിമുട്ടി കുറച്ചുപേരുടെ ഫോൺ നമ്പറുകൾ സംഘടിപ്പിച്ചു. വിളിച്ചുകൂട്ടി വന്നപ്പോൾ ആകെ ഞങ്ങൾ നാലുപേർ. കോളേജ ധ്യാപികയായ ആശ, ഇൻഷുറൻസ് മേഖലയിൽ ജോലി ചെയ്യുന്ന ജിജോ, ദുബായിയിൽ നിന്നും അവധിക്കെത്തിയിരിക്കുന്ന ഫൈസൽ, പിന്നെ ഞാനും.

എല്ലാവരും പരിചയം പുതുക്കി. ഭാര്യയെയും മക്കളെയും പരിചയപ്പെട്ടു, ചിത്രങ്ങളെടുത്തു, ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചു. അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്. ഫൈസലിന്റെ മുഖത്തൊരു ടെൻഷൻ. എന്നോടെന്തോ പങ്കുവയ്ക്കാനുണ്ട് എന്നെനിക്ക് തോന്നി. "ഫൈസലേ നമുക്കൊന്ന് നടന്നാലോ?" ഞാൻ ചോദിച്ചു. ഫൈസൽ എഴുന്നേറ്റു. കുഞ്ഞുങ്ങളെയും ഭാര്യയെയും മറ്റുള്ളവരുടെ കൂടെ നിറുത്തിയിട്ട് ഞങ്ങൾ നടന്നു തുടങ്ങി. "പറയെടാ ഫൈസലേ, എന്താ ഒരു വിഷമം"? ഞാൻ തുടക്കമിട്ടു. ഫൈസൽ മനസ്സു തുറന്നു "രണ്ടാമത്തെ കുഞ്ഞിന് ഒന്നര വയസ്സായതേയുള്ളൂ, ഭാര്യ മൂന്നാമതും ഗർഭിണിയാണ്. പക്ഷേ," അവൻ നിറുത്തി. "എന്തു പറ്റി?" എനിക്ക് ആകാംക്ഷയായി. ' 'ഇപ്പോൾ കുഞ്ഞുവേണ്ടെന്നാണ് ഭാര്യയ്ക്ക്" അവൻ പറഞ്ഞു മുഴുമിപ്പിക്കുന്നതിനു മുമ്പ് എന്റെയുള്ളിൽ ഒരു ഞെട്ടലുണ്ടായി. ഹൃദയത്തിന്റെ കോണിൽ നിന്ന് ഒരു കുഞ്ഞു മാലാഖയുടെ തേങ്ങൽ!!! "ഫൈസലേ, നീയത് ഒരിക്കലും ചെയ്യരുത്. ദൈവമുണ്ടെടാ നമ്മുടെ കൂടെ. നീ ധൈര്യമായിരിക്ക്" പറഞ്ഞത് ഒറ്റ ശ്വാസത്തിലാണ്. ഞാൻ പറഞ്ഞതുകേട്ട് മനസില്ലാമനസ്സോടെയാണെങ്കിലും അവൻ തല കുലുക്കി. കടയിൽ കയറി കുഞ്ഞുങ്ങൾക്ക് ഐസ്ക്രീമും വാങ്ങിച്ച് ഞങ്ങൾ തിരിച്ചുനടന്നു. യാത്രപറഞ്ഞു പിരിയുന്നതിനു മുമ്പ് ഫൈസലിന്റെ ചെവിയിൽ പറഞ്ഞു "നീ ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണം".. "തീർച്ചയായും" ഞാനവനെ കെട്ടിപ്പിടിച്ചുകൊണ്ട് മറുപടി പറഞ്ഞു.

**സുഹൃത്തുക്കളുടെ ഒത്തുകൂടലിന് ഒരു ഊഷ്മളതയുണ്ട്. പിന്നെയത് സൗഹൃദത്തിന്റെ ആഴങ്ങളിലേക്കും നന്മകളിലേക്കും നമ്മെ നയിക്കും**

തുടർന്നുള്ള മാസങ്ങളിൽ വ്യക്തിപരമായ പ്രാർഥനകളിൽ ഫൈസലും കുടുംബവും ഉണ്ടായിരുന്നു. കഴിഞ്ഞ മെയ് 30-ാം തീയതി ഞങ്ങൾക്കൊരു മകൾ പിറന്നു. കൂട്ടുകാരോടും ബന്ധുക്കളോടുമൊക്കെ വിശേഷം പങ്കുവച്ച കൂട്ടത്തിൽ ഞാൻ ഫൈസലിനെയും ഓർത്തു. പെട്ടെന്ന് ഫോൺ എടുത്ത് അവനെ വിളിച്ചു. "ഫൈസലേ, ഭാര്യ പ്രസവിച്ചു, പെൺകുഞ്ഞ്. അവിടെ കുഴപ്പമൊന്നുമില്ലല്ലോ, അല്ലേ?" അൽപം ആശങ്കയോടെയാണ് ചോദിച്ചത്. പക്ഷേ, കിട്ടിയ മറുപടി അത്ഭുതപ്പെടുത്തുന്നതായിരുന്നു. "ഇവിടെ കുഴപ്പമൊന്നുമില്ല, ഭാര്യയ്ക്ക് ഡേറ്റ് ആഗസ്റ്റിലാണ്. ഞങ്ങൾക്ക് ഇരട്ടക്കുട്ടികളാണ് കേട്ടോ!!". മനസ്സിൽ കുളിർ മഴ പെയ്ത പ്രതീതി. ദൈവമേ! ഒന്നല്ല, രണ്ടു ജീവനുകളെയാണല്ലോ നീ ഈ എളിയവന്റെ വാക്കുകളിലൂടെ സംരക്ഷിച്ചത്. എനിക്കുറപ്പുണ്ട്, അത് എന്നിലൂടെ അവനോട് സംസാരിച്ചത്, എന്റെയുള്ളിലുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്ന നന്മയുടെ ഒരു കുഞ്ഞുമാലാഖയാണ്.

ആഗസ്റ്റ് 2-ാം തീയതി വെളുപ്പിന് ഫൈസലിന്റെ കോൾ വന്നു. "എടാ ഭാര്യ പ്രസവിച്ചു. ഒരാൺകുഞ്ഞും ഒരു പെൺകുഞ്ഞും." സന്തോഷം കൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞു, ആത്മസംതൃപ്തിയാൽ ഹൃദയവും. ഞാൻ മനസ്സുതുറന്ന് അവനോടുപറഞ്ഞു, ഫൈസലേ, നീയൊരനുഗ്രഹമാകും ✦



*അനിൽ തോമസ്, കുവൈറ്റ്*

ഫമിലിയ

## മൈ സ്റ്റോറി

പേരു പോലെതന്നെ തെളിച്ചവും തിളക്കവുമുള്ള ഒരു പുത്തനുണർവിന്റെ ദിനങ്ങളായിരുന്നു ലൂമിനസ് നൽകിയത്. പരിശുദ്ധാത്മാവ് നൽകിയ നിർദേശങ്ങ ളായിട്ടാണ് എല്ലാം ഞങ്ങൾ സ്വീകരിച്ചത്.

# പ്രകാശമുള്ള കുടുംബങ്ങൾ


എന്റെ ഫാമിലി ലൈഫിൽ, മരുഭൂമിയിൽ അനുഗ്രഹമഴതീർത്ത അനുഭവമാണ്, ജീസസ് യൂത്ത് കുവൈറ്റ് ഫാമിലി മിനിസ്ട്രി സംഘടിപ്പിച്ച 'ലൂമിനസ്-2019'. “അവിടത്തെ നോക്കിയവർ പ്രകാശിതരായി, അവർ ലജ്ജിതരാവുകയില്ല” എന്ന ബൈബിൾ വാക്യത്തെ മുൻനിറുത്തി ഈ വർഷം ആഗസ്റ്റ് 10, 11, 12 തിയതികളിലായിരുന്നു ഈ പരിപാടി നടന്നത്.

തിരക്കുപിടിച്ച പ്രവാസജീവിതത്തിൽ പലപ്പോഴും ഒന്നിനും സമയം കിട്ടാതെയുള്ള നേരത്തായിരുന്നു ലൂമിനസ് കടന്നുവന്നത്. ജൂലൈ ആദ്യവാരം എന്റെ ഫോണിലേയ്ക്ക് ഫാമിലി മിനിസ്ട്രി കോ-ഓർഡിനേറ്ററായ അലക്സ് ചേട്ടന്റെ വിളിവന്നു. “ആഗസ്റ്റ് മാസം ഇവിടെ ഈദ് ഹോളിഡേ ആണല്ലോ, എന്താ നിങ്ങളുടെ പരിപാടി?” “എനിക്ക് ചിലപ്പോൾ ഡ്യൂട്ടി ഉണ്ടാകും, വൈഫിന് അവധി ആയിരിക്കും.” ഞങ്ങൾ പറഞ്ഞു. പിന്നീട് അലക്സ് എന്നെയും കുടുംബത്തെയും ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന നാഷണൽ ഫാമിലി മിനിസ്ട്രിയുടെ പ്രോഗ്രാമായ ലൂമിനസ്സ്-2019 ലേയ്ക്ക് ക്ഷണിക്കുകയായിരുന്നു.

മൂന്ന് ദിവസത്തെ പ്രോഗ്രാമിന് രണ്ട് ദിവസം മാത്രമേ എനിക്ക് പങ്കെടുക്കാൻ സാധിക്കുമായിരുന്നുള്ളൂ. വളരെക്കുറച്ച് ഫാമിലിയെ മാത്രം സെലക്ട് ചെയ്ത കൂട്ടത്തിൽ ഞങ്ങളേയും കൂടെ ചേർത്തു. അന്നുതന്നെ ഞങ്ങളെ 'ലൂമിനസ്-2019' ന്റെ ഗ്രൂപ്പിലേയ്ക്ക് ആഡ് ചെയ്തു. ആ ഒരു മാസക്കാലം ഞങ്ങളുടെ ഗ്രൂപ്പിൽ പ്രോഗ്രാമിന്റെ വിജയത്തിനായി ഏവരും പ്രാർഥിക്കുന്നുണ്ടായിരുന്നു. അങ്ങനെ ഞങ്ങളും പ്രാർഥിച്ച് ഒരുങ്ങി. പ്രശ്നങ്ങളൊന്നും ഉണ്ടാകാതെ ആ മൂന്നു ദിവസവും എനിക്കും കുടുംബത്തിനും ആ പ്രോഗ്രാം അറ്റൻഡ് ചെയ്യാൻ സാധിക്കണമേ എന്നായിരുന്നു പ്രാർഥന. അങ്ങനെ ആഗസ്റ്റ് മാസം വന്നു, എന്റെ ഡ്യൂട്ടി ലിസ്റ്റ് വരുകയും രണ്ട് അവധി എന്ന് കരുതിയിരുന്ന സ്ഥാനത്ത് മൂന്ന് ദിവസം ലഭിക്കുകയും ചെയ്തു, അതോടെ ഞങ്ങൾക്ക് മനസ്സിലായി, ഈശോ ഞങ്ങളെ പേര് ചൊല്ലി വിളിച്ചിരിക്കുന്നുവെന്ന്. അങ്ങനെ ലൂമിനസ്സ്-2019 ന്റെ ഒരു സെലക്ടഡ് കപ്പിൾസ് ആയി ഞങ്ങളും മാറി.

കെയ്റോസ് മാഗസിനിൽ വായിച്ച് മാത്രം പരിചയമുള്ളതും, ജീസസ് യൂത്തിന്റെ സജീവ പ്രവർത്തകനും, അനേകം യുവജനങ്ങളെ ദൈവത്തിലേക്ക് നയിച്ച യുവ അധ്യാപകനുമായ റെജികരോട്ട് ചേട്ടനാണ് ക്ലാസ്സുകൾ നയിച്ചത്. 25 കുടുംബങ്ങൾ ഇതിൽപങ്കെടുത്തു. പ്രാർഥനയോടെ ആരംഭിച്ച ആദ്യദിനം മുതലേ ഞങ്ങളെല്ലാവരുംകൂടി മൂന്നു ദിവസം ഈശോയോടൊപ്പം ഒരു യാത്രപോകുകയായിരുന്നു. ആദ്യദിനത്തിൽതന്നെ കുടുംബം എന്താണെന്നും വിവാഹജീവിതം എന്താണെന്നും വിവാഹജീവിതത്തിന്റെ വിവിധ തലങ്ങളെപ്പറ്റിയും മനോഹരമായ ഒരുകാഴ്ചപ്പാട് ലഭിച്ചു. കാരണം ഈ വിഷയങ്ങളെപ്പറ്റി ഈശോ തന്റെ ശിഷ്യരോട് ഉപമകൾ കോർത്തിണക്കി പറയുന്നതുപോലെ ഞങ്ങൾക്ക് ഓരോരുത്തർക്കും അനുഭവപ്പെട്ടു.

വിവാഹജീവിതം കൂദാശയാകുന്നതെങ്ങനെയെന്ന വ്യക്തതയും അപ്പൻ, അമ്മ, മക്കൾ ഇവരുടെയെല്ലാം റോൾ എന്താണെന്നും ആഴത്തിൽ മനസ്സിലായി. കുടുംബജീവിതം എങ്ങനെ ഈശോയ്ക്ക് ഇഷ്ടമുള്ളതാക്കാമെന്നും കുടുംബജീവിതത്തിലൂടെ നമ്മുടെ സമൂഹത്തിന് എന്തു നൽകാൻ കഴിയുമെന്നും അനുഭവങ്ങളിലൂടെ അറിഞ്ഞതുമെല്ലാം പരിശുദ്ധാത്മാവ് നൽകിയ നിർദേശങ്ങളായി ഞങ്ങൾ സ്വീകരിക്കുകയായിരുന്നു. പേരു പോലെതന്നെ തെളിച്ചവും തിളക്കവുമുള്ള ഒരു പുത്തനുണർവിന്റെ ദിനങ്ങളായിരുന്നു ലൂമിനസ് നൽകിയത്.



ജോബി, കുവൈറ്റ്



മീനു ജോസ്, അയർലാന്റ്



# അവരും ഞാനും തമ്മിൽ

**നമുക്ക് നൽകുന്ന ഓരോ അവസരങ്ങളിലും വിവേകത്തോടെ പ്രവർത്തിക്കുവാൻ, ദൈവം നൽകുന്ന പ്രചോദനങ്ങളോട് എപ്പോഴും തുറവിയുള്ളവരായിരിക്കുവാൻ നമുക്ക് പരിശ്രമിക്കാം**

ദൈവദാനമായ ജീവൻ എടുക്കുവാനോ നശിപ്പിക്കുവാനോ വെറും ധൂളിയായ മനുഷ്യന് ഒരവകാശവുമില്ല. ‘അബോർഷൻ’ അഥവാ ‘ഗർഭഛിദ്രം’ എന്ന മാരക പാപത്തിലൂടെ, തെല്ലുവില പോലും നൽകാതെ മനുഷ്യജീവനെ പിച്ചിച്ചീന്തുന്ന ഒരു കാലഘട്ടത്തിലാണ് നാമൊക്കെ. നമ്മുടെ ഒരു വാക്ക് ഒരു കുഞ്ഞു പ്രാർഥനയായി വലിയൊരു തിന്മയെ തടഞ്ഞ്,



ഒരു ജീവൻ രക്ഷിക്കാൻ ഉതകുന്നതാണ് എന്ന വലിയ സത്യം ദൈവം പഠിപ്പിച്ചു തന്ന ഒരു ജീവിതാനുഭവം പങ്കുവയ്ക്കുകയാണ്.

വർഷങ്ങൾക്കു മുമ്പ് ഞങ്ങളുടെ മൂന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് പഠനകാലം, ബാംഗ്ലൂരിലെ പല ഹോസ്പിറ്റലുകളിലായി അന്ന് ഞങ്ങൾക്ക് ഒ.ബി.ജി. ക്ലിനിക്കൽ പോസ്റ്റിംഗ് നടക്കുകയായിരുന്നു. ജീവന്റെ മഹത്വത്തെക്കുറിച്ചാലോചിക്കാതെ, ലാഘവത്തോടെ സ്വന്തം ഉദരത്തിലെ പിഞ്ചുകുഞ്ഞിനെ കൊല ചെയ്യുവാനായി വരുന്ന ദമ്പതികളും, യുവത്വത്തിന്റെ തിളപ്പിൽ സംഭവിച്ച അബദ്ധം എന്ന അഭിസംബോധനയോടെ ജീവൻ നശിപ്പിക്കാനൊരുങ്ങുന്ന യുവതലമുറകളും എത്രയെത്ര. ഇതിനെല്ലാം പിന്തുണച്ച് ഈ കൊലപാതക കൃത്യം ചെയ്തു കൊടുക്കുന്ന ഡോക്ടർമാരെയും നഴ്സുമാരെയുമെല്ലാം അനുദിനം കാണാനിടയായി.

അപ്പോഴാണ് 'അബോർഷൻ' എന്ന മാരക പാപത്തെക്കുറിച്ചും, ഓരോ ജീവനും വേണ്ടിയുള്ള ദൈവത്തിന്റെ നിലവിളിയെക്കുറിച്ചും ജീസസ് യൂത്ത് ബാംഗ്ലൂർ പ്രോലൈഫ് മിനിസ്ട്രി വഴിയായി ദൈവം ബോധ്യം നൽകിയത്. അങ്ങനെ ഞാനും പ്രാർഥിക്കുവാൻ തുടങ്ങി; "ദൈവമേ, നീ ആഗ്രഹിക്കുന്നെങ്കിൽ ഒരു കുഞ്ഞിന്റെയെങ്കിലും ജീവൻ രക്ഷിക്കാൻ എന്നെയും ഉപയോഗിക്കണമേ.." ഹൃദയം നിറഞ്ഞ ആഗ്രഹത്തോടെ പ്രാർഥന തുടർന്നു.

പതിവുപോലെ ഒരു ദിവസം ഡ്യൂട്ടിക്ക് പോകുന്ന സമയത്ത്, അബോർഷനിരയാകുന്ന കുഞ്ഞുങ്ങളേയും അബോർഷൻ ചെയ്യുന്നതിനെക്കുറിച്ചാലോചിച്ചു കൊണ്ടിരിക്കുന്ന മാതാപിതാക്കളേയും സമർപ്പിച്ചുപ്രാർഥിക്കുവാൻ ഒരു ഉൾപ്രേരണ ലഭിക്കുകയുണ്ടായി. അന്നേ ദിവസം ഉച്ചസമയം മധ്യവയസ്കയായ ഒരു സ്ത്രീയെ സ്കാനിംഗ് റൂമിൽ കാണുകയുണ്ടായി. ഞങ്ങൾക്ക് രണ്ട് കുട്ടികളുണ്ട്, അതിനാൽ ഈ മൂന്നാമത്തെ കുഞ്ഞിനെ അബോർട്ട് ചെയ്യാനായി വന്നതാണ് എന്നും അവർ പറഞ്ഞു. ഉടനെ തന്നെ ഞാൻ പ്രാർഥിച്ച ശേഷം, അബോർഷൻ ഒരു വലിയ പാപമാണെന്നും, ജീവനോടെ ഉദരത്തിലായിരിക്കുന്ന ഒരു പിഞ്ചു കുഞ്ഞിനെ ഇല്ലാതാക്കുന്നത് ക്രൂര കൃത്യമാ

**എന്നിട്ട്, വലിയ സന്തോഷത്തോടെ എന്നെ ചൂണ്ടി കാണിച്ചു കൊടുത്തു കൊണ്ട് തന്റെ മറ്റു രണ്ടു കുട്ടികളോടുമായി പറഞ്ഞു: "ഈ ചേച്ചി ഉണ്ടായിരുന്നതിനാലാണ് നിങ്ങൾക്ക് ഇന്ന് ഈ കുഞ്ഞനുജത്തിയെ ലഭിച്ചിരിക്കുന്നത്."**

ണെന്നും അവരെ പറഞ്ഞു ബോധ്യപ്പെടുത്തി. ഗർഭധാരണം തുടരാൻ ആവശ്യമായ സഹായങ്ങൾ ബാംഗ്ലൂർ പ്രോലൈഫ് മിനിസ്ട്രി വഴി നൽകാമെന്നും തീരെ വശമില്ലാതിരുന്ന കന്നഡ ഭാഷയിൽ ഒരു വിധം പറഞ്ഞവതരിപ്പിച്ചു. അങ്ങനെ അറിവില്ലായ്മ മൂലം ഒരു കൊടും പാതകത്തിനായി ഒരുങ്ങിവന്ന ആ ദമ്പതികളെ അതിൽ നിന്നും പിന്തിരിപ്പിച്ച് തിരികെ അയയ്ക്കുവാൻ നല്ല ദൈവം ഇടയാക്കി.

തുടർന്നുള്ള ദിനങ്ങളിൽ ആ കുടുംബത്തെ ബാംഗ്ലൂർ പ്രൊലൈഫ് ടീമിന്റെ സഹായത്താൽ ഫോളോ അപ്പ് ചെയ്യുവാനും ബോധ്യങ്ങളാൽ നിറയ്ക്കുവാനുമെല്ലാം ദൈവം വഴിയൊരുക്കി. അങ്ങനെ വെട്ടിമുറിക്കപ്പെടേണ്ടിയിരുന്ന ഒരു പിഞ്ചു ജീവൻ ഭൂമിയിൽ മുളപൊട്ടുവാൻ ഇടയായി.

കുഞ്ഞു ജനിച്ച് രണ്ട് മാസങ്ങൾ കഴിഞ്ഞപ്പോൾ ബാംഗ്ലൂർ പ്രൊലൈഫ് മിനിസ്ട്രി അംഗങ്ങളോടൊപ്പം ഞാനും ആ കുടുംബത്തെ സന്ദർശിച്ച് നമ്മുടെ പ്രോലൈഫ് പൊന്നോമനയ്ക്ക് സമ്മാനങ്ങൾ നല്കുകയും പ്രാർഥനാനുഗ്രഹങ്ങൾ നേരുകയും ചെയ്തു. ആ അവസരത്തിൽ ആ കുഞ്ഞിന്റെ പിതാവ്, ഹൈന്ദവനായിട്ടുപോലും ഇപ്രകാരം ഞങ്ങളോടു പറഞ്ഞു: "നിങ്ങളിൽ ഞാൻ ദൈവത്തെ കാണുന്നു; ദൈവത്തിന്റെ വലിയ കരുണയെ അനുഭവിക്കുന്നു." എന്നിട്ട്, വലിയ സന്തോഷത്തോടെ എന്നെ ചൂണ്ടിക്കാണിച്ചു കൊടുത്തുകൊണ്ട് തന്റെ മറ്റു രണ്ടു കുട്ടികളോടുമായി പറഞ്ഞു: "ഈ ചേച്ചി ഉണ്ടായിരുന്നതിനാലാണ് നിങ്ങൾക്ക് ഇന്ന് ഈ കുഞ്ഞനുജത്തിയെ ലഭിച്ചിരിക്കുന്നത്" ഇതെല്ലാം കേട്ട ഞങ്ങളേവരുടെയും ഹൃദയം അന്ന് കൃതജ്ഞതാനന്ദത്താൽ നിറഞ്ഞു തുളുമ്പി.

ഇന്ന് പിൻതിരിഞ്ഞു നോക്കുമ്പോൾ തിരിച്ചറിയുന്നു, ഈ ലോക ജീവിതത്തിൽ ലഭിക്കാവുന്ന എല്ലാ നേട്ടങ്ങളെക്കാളും പ്രശംസകളെക്കാളുമെല്ലാം എത്രയോ വലുതാണ് ആ അക്രൈസ്തവന്റെ വാക്കുകൾ. നിസ്സാരരും പാപികളുമായ നമ്മെ ദൈവകരുണയുടെ ശബ്ദവും രൂപഭാവങ്ങളുമാകാൻ തെരഞ്ഞെടുത്ത പൊന്നു തമ്പുരാനു മാത്രം സർവ മഹത്വവും!

ഹൃദയത്തിൽ നിന്നുള്ള പ്രാർഥനയും നമ്മുടെ ചെറിയ ചില വാക്കുകളും മാത്രം മതി ഒരു മാരക പാപത്തിൽ നിന്നും ഒരുവനെ പിന്തിരിപ്പിക്കുവാൻ; ഒരു ജീവൻ രക്ഷിക്കുവാൻ! ഒരു കുഞ്ഞിന്റെയെങ്കിലും ജീവൻ രക്ഷിക്കുവാൻ ഉപയോഗിക്കണമേ എന്നു പ്രാർഥിച്ചപ്പോൾ ഒന്നിനു പകരം പല കുഞ്ഞുങ്ങളുടെയും ജീവൻ അബോർഷനിൽ നിന്നും രക്ഷിക്കുവാൻ, ജീവന്റെ സുവിശേഷം അനേകരിലേയ്ക്ക് പകർന്നു കൊടുക്കുവാൻ സ്വന്തം കൈയിലെ ഉപകരണമായി ഉപയോഗിച്ചു നല്ലവനായ ദൈവം.

ഭാഷയോ ജാതിയോ മതമോ കഴിവില്ലായ്മകളോ ഒന്നും തന്നെ നമ്മുടെ പ്രാർഥനയ്ക്കു മുമ്പിൽ അതിർവരമ്പുകളാവുകയില്ല എന്ന് ദൈവം നമ്മെ ഓർമിപ്പിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ നമ്മുടെ ഹൃദയ വിചാരങ്ങളെയും അറിയുന്നു.


സ്നേഹമുള്ളവരേ, "ചെയ്യേണ്ട നന്മ ഏതാണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു" എന്ന ദൈവത്തിന്റെ വാക്കുകൾ ഉൾക്കൊണ്ടുകൊണ്ട്, നമുക്ക് നൽകുന്ന ഓരോ അവസരങ്ങളിലും വിവേകത്തോടെ പ്രവർത്തിക്കുവാൻ, ദൈവം നൽകുന്ന പ്രചോദനങ്ങളോട് എപ്പോഴും തുറവിയുള്ളവരായിരിക്കുവാൻ നമുക്ക് പരിശ്രമിക്കാം! ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ ✦

TEEN Spirit



# സെന്റ് വിറ്റസ്

മൂന്നാം നൂറ്റാണ്ടിന്റെ അവസാനം ജനിച്ച് നാലാം നൂറ്റാണ്ടിന്റെ ആദ്യം മരണമടഞ്ഞ പതിമൂന്നുകാരൻ. ഇറ്റലിയിലെ ഒരു ചെറുപട്ടണത്തിൽ ജനിച്ചു. അച്ഛൻ ഒരു പേഗനായിരുന്നെങ്കിലും വിറ്റസ് ഉറച്ച ക്രൈസ്തവ വിശ്വാസത്തിൽ വളർന്നുവന്നു. ക്രൈസ്തവ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിച്ചുകൊണ്ട് സ്വന്തം പിതാവ് പീഡിപ്പിക്കാനാരംഭിച്ചപ്പോൾ വിറ്റസ് റോമിലേയ്ക്ക് രക്ഷപെട്ടു. അവിടെ വിറ്റസിനെ കാത്തിരുന്നത് അപകടമായിരുന്നു. ഡയോക്ലീഷ്യൻ ചക്രവർത്തി ക്രൂരമായ ക്രൈസ്തവ മർദനം നടത്തുന്ന കാലമായിരുന്നു അത്. രക്തസാക്ഷിത്വം വരിച്ച വിറ്റസ് അവസാനം വരെ വിശ്വാസത്തിൽ ഉറച്ചുനിന്ന് മാതൃകയായി.



മേഘ തലശ്ശേരി

TEEN SPIRIT

MY STORY

# കർത്താവ് എനിക്ക് ആര്?

ജീസസ് യൂത്തിൽ കടന്നുവരുന്നതിനു മുമ്പ് ഞാൻ വെറുമൊരു സാധാരണക്കാരി മാത്രമായിരുന്നു, അനുഗ്രഹങ്ങളുടെ ഒരു കൊടുമുടിയിലേക്ക് ജീസസ് യൂത്തിലൂടെ അവിടന്ന് എന്നെ നയിക്കുന്നതായിട്ടാണ് എനിക്ക് അനുഭവപ്പെട്ടത്.

ജീവിതത്തിൽ എനിക്ക് ആദ്യമായി ദൈവവുമായുള്ള വ്യക്തിപരമായ മുഖാമുഖം കാണൽ നടന്നത് 'സോൾട്ട് ആന്റ് ലൈറ്റ്' എന്ന പരിപാടിയിലൂടെയാണ്. മുൻപ് ഏറെ ദിവ്യബലികളിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും ആ പ്രോഗ്രാമിലാണ് വി. കുർബാനയിലെ അവിടത്തെ സജീവ സാന്നിധ്യം അറിയുന്നതും അവിടന്ന് എന്നോട് സംസാരിക്കുന്നതും. എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞ് ഏറെ ആകാംഷയോടും ആശങ്കയോടും റിസൽട്ട് കാത്തിരുന്ന എനിക്ക് "ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്" എന്ന വചനം ഒരു വലിയ ശക്തിയായിരുന്നു. പിന്നീട് 'പൾസ്' എന്ന ടീൻസ് പ്രോഗ്രാമിലൂടെ ഞാൻ ജീസസ് യൂത്ത് ലീഡർഷിപ്പിലേക്കും കടന്നുവരാൻ അവിടന്ന് ഇടയാക്കി.

ഇത്രയും പറഞ്ഞതിൽ നിന്ന് കർത്താവിനെ ഞാൻ തള്ളിപ്പറഞ്ഞ സാഹചര്യങ്ങൾ പിന്നെ ഉണ്ടായിട്ടില്ല എന്ന് തെറ്റിദ്ധരിക്കരുത്. വീണുപോയ അവസരങ്ങളിൽ വീണ്ടെടുക്കുന്ന ദൈവപുത്രനായ അവിടത്തെ സ്നേഹം എനിക്ക് തിരിച്ചറിയാനായി. ലോകത്തിന്റെ വഴിയിൽ നടന്ന അവസരങ്ങളിൽനിന്ന് സാവൂളിനെ വിളിച്ചപോലെ അവിടന്ന് തിരിച്ചുവിളിക്കുന്ന സ്നേഹിതനായും, മാനസിക-ശാരീരിക-ആത്മീയ തലങ്ങളിൽ സംരക്ഷണമാവശ്യമെന്ന് തോന്നിയ സാഹചര്യങ്ങളിൽ ഒരു അപ്പനായും, എന്റെ ഏകാന്ത വേദനകളിൽ ഒരു അമ്മയായും കൂടെയുണ്ടായിരുന്നു.

അവിടത്തെ സ്നേഹം ഞാൻ ഏറ്റവുമധികം അറിഞ്ഞത് എന്റെ സങ്കടങ്ങളിലാണ്. മറ്റെങ്ങും കിട്ടാത്ത ആത്മീയ ആനന്ദത്താൽ അവിടന്ന് എന്നെ നിറച്ചു.

ഡി.റ്റി.പി എന്ന പ്രോഗ്രാമാണ് പിന്നീട് എനിക്ക് ഒരു വഴിത്തിരിവായത്. നാം പലപ്പോഴും ചിന്തിക്കാറില്ലാത്ത 'നിത്യജീവൻ' എന്ന യാഥാർഥ്യം ഒരു ബോധ്യമായി എന്നിൽ നിറഞ്ഞത് ആ പ്രോഗ്രാമിലൂടെയാണ്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും അവിടന്ന് എനിക്ക് സമ്മാനമായി നൽകി.

ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ഇങ്ങനെ പല ഘട്ടങ്ങളിലായി ദൈവം എന്നെ വളർത്തിയത് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നു. സ്നേഹിതനായി, പിതാവായി, മാതാവായി, സംരക്ഷകനായി അവിടന്ന് കൂടെ നടന്നതിന്റെ കഥകൾ മാത്രമേ എനിക്ക് പറയാനുള്ളൂ. സ്വർഗരാജ്യത്തിനായി അവിടത്തെ വഹിക്കുന്ന ഒരു കഴുതയാണ് ഞാൻ എന്ന ബോധ്യം എന്നും എനിക്കു തരണേ എന്നതാണ് എന്റെ പ്രാർഥന ✦

ടോണി സി. തോമസ്



*തൊടുപുഴ സ്വദേശിയും എഞ്ചിനീയറിംഗ് കോളേജ് അധ്യാപകനുമാണ് ലേഖകൻ.*
*tonycthomas093@gmail.com*

TEEN SPIRIT \ STORY TELLING

# ck-¡q«V

## \ap¡pw thWw CXp-t]m-epÅ Iq«p-ImÀ. hnizmkw t]mImsX Im¡p¶, Hcpan¨p ssltImÀ¡p¶, \Ã ckapÅ Iq«pImÀ

കൂട്ടുകൂടലിന്റെ ആഘോഷക്കാലമാണ് കൗമാരം. നമ്മുടെ ലിസ്റ്റിൽ മറ്റ് ആരെയുംകാൾ കൂട്ടുകാർ ഒരുപടി ഉയർന്നു നിൽക്കുന്ന കാലം. കളിക്കളങ്ങളിലും ക്ലാസ്സ് മുറികളിലും സൗഹൃദം പൂത്തുലയുന്ന ജീവിതത്തിന്റെ വസന്തകാലം. കൂട്ടിന്റെ രസം ഒന്നു വേറെതന്നെയാണ്.

സാധാരണ ആരാണ് നമ്മുടെ കൂട്ടുകാരാവുക? ചെറിയ ക്ലാസ്സുകളിലൊക്കെയാണ് നമ്മുടെ തൊട്ടടുത്ത് ടീച്ചർ ഇരുത്തിയവർ നമ്മുടെ കൂട്ടുകാരായി. കൂടെ സ്കൂളിലേയ്ക്ക് ഒരേ വാഹനത്തിൽ പോകുന്നവർ, കൂടെ ക്രിക്കറ്റ് കളിച്ചവർ അങ്ങനെ സമാന സ്ഥലം പങ്കുവയ്ക്കുന്നവരാണ് കൂട്ടുകാരാകുന്നത്. സൗഹൃദങ്ങൾ നമുക്ക് കരുത്തും സാധ്യതയുമാണ്.

കൂടുതൽ 'താത്ത്വികമായ' അവലോകനത്തിനു പോകുന്നില്ല. ഇതാ ചില സൗഹൃദ കഥകൾ പറയാം.

### വിശ്വാസം പോകാതെ കാത്ത കൂട്ട്

നാലു കൂട്ടുകാർ–ദാനിയേൽ, ഹനനിയാ, മിഷായേൽ, അസറിയാ, ഇവർ ഉൾപ്പെടുന്ന ജനസമൂഹം അടിമകളായി ബാബിലോണിലേയ്ക്ക് കൊണ്ടുപോകപ്പെട്ടപ്പോൾ ഇവർക്ക് കൗമാരം കഴിഞ്ഞിരുന്നില്ല. ബാബിലോൺ രാജാവ് പ്രത്യേക പരിശീലനം നൽകാൻ അടിമക്കൂട്ടത്തിൽനിന്നു തെരഞ്ഞെടുത്ത മിടുക്കന്മാരിൽ ഇവരും ഉൾപ്പെട്ടു. സുഭിക്ഷമായ ഭക്ഷണവും എല്ലാ വിജ്ഞാനങ്ങളിലും അഭ്യസനവും. മറ്റെല്ലാവരും രാജാവു നൽകിയ എല്ലായിനങ്ങളും കഴിച്ചപ്പോൾ ഈ നാലു കൂട്ടുകാർ വ്യത്യസ്തരായി. ഇസ്രായേലിന് ദൈവം നൽകിയ നിയമങ്ങൾ പാലിക്കണം. അതുകൊണ്ട് സസ്യഭക്ഷണം മാത്രം നൽകിയാൽ മതി എന്ന് അധികാരിയോട് അവർ തറപ്പിച്ചു പറഞ്ഞു. അധികാരി സമ്മതിച്ചു. പക്ഷേ, മാംസഭക്ഷണാദികൾ കഴിക്കുന്നവരെക്കാൾ നിങ്ങൾക്ക് ആരോഗ്യക്കുറവുണ്ടാകാൻ പാടില്ല എന്നതാണ് നിബന്ധന. പത്തു ദിവസങ്ങൾക്കുശേഷം നിരീക്ഷിച്ചപ്പോഴാകട്ടെ, കഠിനമായ പരിശീലമുറകൾക്കിടയിലും വെറും സസ്യഭക്ഷണം കഴിച്ച ഇവർ ആരോഗ്യവാന്മാരായി കാണപ്പെട്ടു.

കാലങ്ങൾ കടന്നുപോയി, ഒരിക്കൽ രാജാവ് ഒരു ഉത്തരവിറക്കി. താനുണ്ടാക്കിയ ബിംബത്തെ എല്ലാവരും ആരാധിക്കണം. അല്ലാത്ത പക്ഷം തീച്ചൂളയിൽ എറിയപ്പെടും. ദാനിയേലിന്റെ മൂന്നുകൂട്ടുകാർ പറഞ്ഞു: 'ദൈവത്തെ മാത്രമേ ആരാധിക്കൂ. ജീവനില്ലാത്ത സ്വർണ ബിംബത്തിന് ആരാധനയില്ല. ദൈവം ഞങ്ങളെ രക്ഷിക്കട്ടെ. മരിക്കാനാണെങ്കിൽ അതിനും തയ്യാർ'. രാജകല്പന പോലെ അവർ തീച്ചൂളയിലെറിയപ്പെട്ടു. കത്തിക്കാളുന്ന അഗ്നി. എല്ലാവരും നോക്കി നിൽക്കുകയാണ്. ഇവരുടെ സൗഹൃദം ചാരത്തിൽ അവസാനിക്കുന്നതു കാണാൻ. എന്നാൽ, അത്ഭുതമെന്നു പറയട്ടെ, തീച്ചൂളയുടെ മധ്യത്തിൽ ഇവർ സുരക്ഷിതരായി നിന്നു. അഗ്നി ഇവരെ സ്പർശിച്ചു പോലുമില്ല. രാജാവ് ഭയചകിതനായി. അഗ്നിമധ്യത്തിൽ മൂന്നുപേർക്ക് പുറമേ ദൈവദൂതന്റെ തേജസ്സുള്ള ഒരാളെക്കൂടി കണ്ടപ്പോൾ ഭയം പൂർത്തിയായി. കൂട്ടുകാരോട് പുറത്തേയ്ക്ക് വരാൻ രാജാവു കല്പിച്ചു. ഇസ്രായേലിന്റെ ദൈവമാണ് യഥാർത്ഥ ദൈവമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.


### ആടുമേയ്ക്കാൻ പോയ കൂട്ട്

പോർച്ചുഗലിലെ ഒരു ചെറു ഗ്രാമത്തിൽ ജീവിച്ചിരുന്ന രണ്ട് സഹോദരങ്ങളായിരുന്നു ഫ്രാൻസിസ്കോയും ജസീന്തയും. അവരുടെ കസിൻ ചേച്ചിയാണ് ലൂസിയ. മൂവരും വലിയ കൂട്ടുകാരായിരുന്നു. ചെറിയ കുട്ടികളായിരുന്ന അവർ രാവിലെ ഭക്ഷണപ്പൊതിയുമായി തൊട്ടടുത്ത കുന്നിൻ മുകളിൽ ആടുമേയ്ക്കാൻ പോകും. അവിടെ കുറെ നേരം കളിക്കും. ഒരുമിച്ച് ജപമാല ചൊല്ലും. ഒരുമിച്ചു കളിക്കുകയും പ്രാർഥിക്കുകയും ചെയ്ത ഈ കൂട്ടുകാർക്ക് മുന്നിലാണ് പരിശുദ്ധ അമ്മ ദർശനം നൽകിസന്ദേശം നല്കിയത്.

### നമുക്കും വേണം ഇതുപോലുള്ള കൂട്ടുകാർ

ഈ കഥകളിലേതു പോലെ, ഒന്നിച്ചു പ്രാർഥിക്കുന്ന വിശ്വാസത്തിലും പുണ്യത്തിലും മുന്നേറാൻ നമ്മെ പ്രചോദിപ്പിക്കുന്ന കൂട്ടുകാർ നമുക്കും വേണം. എല്ലാവരും പോകുന്ന വഴിയേ പോകാതെ ഒഴുക്കിനെതിരെ നിൽക്കുന്ന കരുത്തുള്ള കൂട്ടുകെട്ടുകളിലൂടെ മറ്റുള്ളവർക്ക് ഈശോയെ നൽകിയ മുന്നേറ്റത്തിന് നൽകപ്പെട്ട പേര് "ജീസസ് യൂത്ത്" എന്നാണ്! പഴയ നിയമത്തിലെ ദാനിയേലും കൂട്ടുകാരുമാകണം നമ്മുടെ പ്രയർ ഗ്രൂപ്പുകളിലും സെൽഗ്രൂപ്പുകളിലുമൊക്കെ ഉണ്ടാകേണ്ടത്. നമ്മുടെ ജീസസ് യൂത്ത് കൂട്ടുകെട്ടുകളിൽ നിന്ന് എന്തെല്ലാം നന്മകളാണ് പുറത്തുവന്നിരിക്കുന്നത്. എത്ര പേരെയാണ് ദൈവാനുഭവത്തിലേയ്ക്ക് നാം വിളിച്ചുകൊണ്ടുവന്നിരിക്കുന്നത്! പിടിച്ചു നിറുത്തുന്ന രസക്കൂട്ട് ഇവിടത്തെ ഫെല്ലോഷിപ്പ് ആണെന്ന് എത്രപേരാണ് ഏറ്റുപറഞ്ഞിട്ടുള്ളത്. കലാലയങ്ങളിലും വിദ്യാലയങ്ങളിലും നമ്മുടെ കൂട്ടും നമ്മളുമായുള്ള കൂട്ടും വിശുദ്ധീകരിക്കുന്ന സാന്നിധ്യമാകാൻ പ്രാർഥനയോടെ നമുക്ക് ഇനിയും പരിശ്രമിക്കാം ✦

LOGOS






*ഷൈന ഹിലാരി*

SMILEY






*സിയോൻ ജോസഫ്*

TEEN SPIRIT

## MY STORY

# എനിക്ക് വഴി പറഞ്ഞുതന്നത് ആര്?

## സിംഗപ്പൂരിൽ ആറാംതരം വിദ്യാർഥിയായ ഒരു കൗമാരക്കാരന്റെ അനുഭവം

ഏറെ വളവുതിരിവുകളും നാൽക്കവലകളുമുള്ള ഒരു പട്ടണത്തിൽ അപരിചിതരായ ആളുകളുടെ മധ്യേ ഒരു ബാലൻ ഒറ്റപ്പെട്ടുപോയാലുള്ള അവസ്ഥ ഒന്ന് ആലോചിച്ചുനോക്കൂ. അത്തരമൊരു അനുഭവം എനിക്ക് ഉണ്ടായിട്ടുണ്ട്. പരിചയമില്ലാത്ത ആ സ്ഥലത്തുനിന്ന് എനിക്ക് വീട്ടിലെത്തണം. വഴിയേതെന്ന് ഒരു നിശ്ചയവുമില്ല. ഞാൻ വലത്തേക്ക് തിരിഞ്ഞ് നടന്നുതുടങ്ങി. എനിക്ക് എതിരെ നടന്നുവരുന്ന പലരോടും എന്റെ വീടിരിക്കുന്ന സ്ഥലത്തെക്കുറിച്ച് എനിക്ക് ഉള്ള അറിവുവച്ച് വഴി ചോദിച്ചു. പലരും പല ദിശകളിലേയ്ക്ക് നടക്കാനാണ് എന്നോടു പറഞ്ഞത്. മുൻപിൽ നിരവധി കവലകൾ. ഏതു വഴി തെരഞ്ഞെടുക്കണമെന്ന് യാതൊരു നിശ്ചയവുമില്ല. ആകെ ടെൻഷനായി.

അങ്ങനെ പകച്ചു നിൽക്കുമ്പോൾ ഞാൻ ഒരു സ്വരം കേട്ടു. 'ഈ വഴി പോയാൽ മതി' ഞാൻ ചുറ്റും നോക്കി. ആരെയും കണ്ടില്ല. എങ്കിലും ഞാൻ വ്യക്തമായി കേട്ടതാണ്. ഞാൻ ആ സ്വരം കാണിച്ചു തന്ന വഴിയിലൂടെ മുന്നോട്ടു നീങ്ങി. അടുത്ത കവലകളിലെത്തിയപ്പോഴും ആ സ്വരം എനിക്ക് വീണ്ടും വീണ്ടും നിർദേശങ്ങൾ തന്നുകൊണ്ടിരുന്നു. പക്ഷേ, ഒരു വ്യക്തിയെയും എനിക്ക് കാണാൻ കഴിഞ്ഞില്ല. ഞാൻ പലതവണ ചോദിച്ചു "ആരാണ് നിങ്ങൾ" എനിക്ക് മറുപടിയൊന്നും കിട്ടിയില്ല, കുറച്ചു കഴിഞ്ഞ് ആ സ്വരം എന്നോട് ഇങ്ങനെ പറഞ്ഞു: "ഭയപ്പെടേണ്ട, സന്ദേശമനുസരിച്ച് മുന്നോട്ട് പോകുക, നീ വീട്ടിലെത്തും." ഞാൻ ആ സ്വരത്തെ അനുസരിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ എന്റെ വീട്ടിലെത്തുകയും ചെയ്തു. അപ്പോൾ എനിക്കു മനസ്സിലായി എനിക്കു വഴി പറഞ്ഞുതന്ന ആ സ്വരം പരിശുദ്ധാത്മാവിന്റേതാണ്. നമ്മുടെയെല്ലാം വഴികാട്ടി.

എന്റെ വ്യക്തിജീവിതത്തിലുണ്ടായ ഈ ചെറിയ അനുഭവം ഒരു പാഠമാണ്. ജീവിതയാത്രയിൽ എങ്ങോട്ട് തിരിയണമെന്നറിയാതെ കുഴങ്ങുമ്പോൾ പരിശുദ്ധാത്മാവിന്റെ സ്വരത്തിനായി കാതോർക്കുക. തീർച്ചയായും നാം ലക്ഷ്യത്തിലെത്തുകതന്നെ ചെയ്യും. "നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിൻെറ കാതുകൾ പിന്നിൽ നിന്ന്, ഒരു സ്വരം ശ്രവിക്കും; ഇതാണു വഴി, ഇതിലേ പോവുക" (ഏശ 30: 21).



*ആശിഷ് സിജു, ഗ്രീൻവുഡ് പ്രൈമറിസ്കൂൾ, സിംഗപ്പൂർ*

## JY NEWS




**കമ്മിറ്റ്മെന്റ് എടുത്ത ആദ്യ ഗ്രൂപ്പ്:** ജീസസ് യൂത്ത് മൂവ്മെന്റിലെ ഫോർമേഷനിൽ കമ്മിറ്റ്മെന്റ് ഫെയ്സ് വരെയുള്ള എല്ലാ കോഴ്സുകളും തുടർച്ചയായി പങ്കെടുത്ത്, പടിപടിയായ പരിശീലന പരിപാടിയിലൂടെ കമ്മിറ്റ്മെന്റെടുത്ത 62 പേർ. തൃശൂർ ആബാ റിന്യൂവൽ സെന്ററിൽ വച്ചു നടന്ന ഈപരിപാടിയിൽ പങ്കെടുത്തവർ, ജീസസ് യൂത്ത് മൂവ്മെന്റിൽ ഔദ്യോഗികമായി കമ്മിറ്റ്മെന്റെടുത്ത ആദ്യബാച്ചിലെ അംഗങ്ങളായി. പിന്നിട്ട വർഷങ്ങളിലെ ദൈവാനുഗ്രഹങ്ങളെ കൃതജ്ഞതയോടെ ഓർക്കുവാനും മുന്നോട്ടുള്ള പ്രേഷിതയാത്രയിൽ കൂടുതൽ പ്രതിബദ്ധതയോടും വിശുദ്ധിയോടും ചരിക്കുവാനുള്ള പുതുചൈതന്യത്തോടെയും കരുത്തോടെയുമാണ് ഇവർ ഈപരിശീലന പരിപാടിയിലൂടെ കടന്നുപോയത്.



**ക്രാഷ് കോഴ്സ്-2:** ജീസസ് യൂത്ത് മൂവ്മെന്റിൽ 25 വർഷം പിന്നിട്ട മുതിർന്നവർക്കുവേണ്ടി നടത്തിയ ഫോർമേഷന്റെ രണ്ടാമത്തെ ക്രാഷ്കോഴ്സ് ഇരിങ്ങാലക്കുട 'പാക്സ്'-ൽ നടന്നു. ആഗസ്റ്റ് 9 മുതൽ 12 വരെയായിരുന്നു. ഇന്റർനാഷണൽ ഫോർമേഷൻ ടീം നയിച്ച ഈ പരിപാടിയിൽ 21 വൈദികരും 3 സിസ്റ്റേഴ്സും 75 അൽമായരുമടക്കം 99 പേർ പങ്കെടുക്കുകയും കമ്മിറ്റ്മെന്റ് എടുക്കുകയും ചെയ്തു.




**കേരള കാമ്പസ് കോൺഫറൻസ് (KCC):** കേരളത്തിലെ കോളേജുകളിൽ നിന്ന് 1300–ഓളം യുവജനങ്ങൾ പങ്കെടുത്ത കേരള കാമ്പസ് കോൺഫറൻസ് എറണാകുളത്ത് തൃക്കാക്കര ഭാരത മാതാ കോളേജിൽ വച്ച് ആഗസ്റ്റ് 22 മുതൽ 25 വരെ നടന്നു.




**ചോയ്സ് (CHOICE):** ഫാമിലി സ്ട്രീമിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 6, 7, 8 തീയതികളിൽ കളമശ്ശേരി എമ്മാവൂസിൽ. വിവാഹത്തിനൊരുക്കമായുള്ള ഓറിയന്റേഷൻ പ്രോഗ്രാം. വിവരങ്ങൾക്ക്: മഞ്ജു & സാബി: +91 80758 48677 റെജി & ജാൻസി: 81579 35704.




**ബെസ്റ്റ് (BEST):** ഫാമിലി സ്ട്രീമിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 6,7,8 തീയതികളിൽ എറണാകുളത്ത് കളമശ്ശേരി എമ്മാവൂസിൽ വച്ച് ജീസസ് യൂത്ത് ഫാമിലി ലൈഫ് സ്റ്റൈൽ ഓറിയന്റേഷൻ പ്രോഗ്രാം. വിവരങ്ങൾക്ക്: ബിനു & സിനി – 94461 01046.

**സന്താലി ബൈബിൾ (SANTHALI BIBLE):** ഭഗൽപൂർ രൂപതയ്ക്കുവേണ്ടി ജീസസ് യൂത്തും അമൃത്വചൻ കമ്മ്യൂണിക്കേഷൻസും ചേർന്ന് നിർമിച്ച 'സന്താലി ബൈബിൾ' ആപ്പ് ആഗസ്റ്റ് 1–ന് ഭഗൽപൂർ രൂപത ബിഷപ്പ് റൈറ്റ്. റവ. ബിഷപ്പ് കുര്യൻ വലിയകണ്ടത്തിൽ പ്രകാശനം ചെയ്തു. ആസ്സാം, ബീഹാർ, ഝാർഖണ്ഡ്, മിസോറാം, ഒഡീഷ, ത്രിപുര, വെസ്റ്റ് ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾക്കായിരിക്കും കൂടുതൽ സഹായകമാവുക. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും സന്താലി ബൈബിൾ ആപ് ഡൗൺലോഡ് ചെയ്യാം.




**ഗ്രാസിയ 2019:** എറണാകുളം സോൺ ജീസസ് യൂത്ത് ഒരുക്കുന്ന യുവജന പരിപാടി. പുതിയ യുവജനങ്ങളോടൊപ്പം ജീസസ് യൂത്തിലെ മുതിർന്നവരും ഒരുമിച്ചുവരുന്നു. ആയിരത്തോളം പേർ ഒരുമിച്ചുവരുന്ന ഈ പരിപാടി സെപ്തംബർ 7 മുതൽ 11 വരെ എറണാകുളം സെന്റ് ആൽബർട്സ് സ്കൂളിൽ വച്ച് നടക്കും.

*കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായ ചിലത് കെയ്റോസ് വായനക്കാർക്കായി ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.*

# ഹൈലൈറ്റ്സ്

## അച്ചടിയുടെ പിന്നാമ്പുറകഥകൾ

ഓഗസ്റ്റ് 5 മുതലുള്ള മാധ്യമം ആഴ്ചപ്പതിപ്പിൽ പ്രശസ്ത പത്രപ്രവർത്തകനായ ബി.ആർ.പി. ഭാസ്കറിന്റെ  ആത്മകഥ പ്രസിദ്ധീകരിച്ചു തുടങ്ങി. എല്ലാവർക്കും പ്രത്യേകിച്ച് ജേർണലിസത്തോടു താത്പര്യമുള്ളവർക്ക് രസകരമായ അനുഭവങ്ങൾ തരുന്ന വിവരണമാണിത്.

## പാർട്ടി ഗ്രാമങ്ങളിൽ സംഭവിക്കുന്നതെന്ത്?

കണ്ണൂരിലെ പാർട്ടി ഗ്രാമങ്ങൾ പലർക്കും അവ്യക്തവും രഹസ്യാത്മകവുമായ ഒരു യാഥാർഥ്യമാണ്. മൂന്ന് വർഷത്തോളം മാർക്സിസ്റ്റ്, ബി.ജെ.പി പാർട്ടി ഗ്രാമങ്ങളിൽ താമസിച്ച് അവിടെ നടക്കുന്ന പാർട്ടി നീതിയെപ്പറ്റിയും ജീവിതശൈലിയെക്കുറിച്ചും ഡോക്ടറേറ്റ് എടുത്ത നിസാർ കണ്ണങ്കരയുമായുള്ള അഭിമുഖം ഓഗസ്റ്റ് 5-ലെ സമകാലിക മലയാളത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇത്തരമൊരു പ്രതിഭാസത്തെ പഠനവിഷയമാക്കിയത് ആദ്യമായിട്ടാണെന്നു തോന്നുന്നു.

## സ്ഥാപക നേതാവിനെ മറക്കാതിരിക്കുക

ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപക നേതാവായ കുഞ്ഞേട്ടന് (പി.സി. എബ്രഹാം പല്ലാട്ടുകുന്നേൽ) അർഹിക്കുന്ന ആദരവ് സഭയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ലെന്ന് സൺഡേ ശാലോം എഡിറ്റർ ജയ്മോൻ കുമരകത്തിന്റെ ഫേസ്ബുക്കിലെ പോസ്റ്റ് ചർച്ച ചെയ്യപ്പെടേണ്ടതാണ്.

## കുട്ടികളെ പൊണ്ണത്തടിയുള്ളവരായി മാറ്റാതിരിക്കുക

കുട്ടികൾ നിർബന്ധിക്കുന്നുവെന്നു പറഞ്ഞ് അനാരോഗ്യകരമായ ഭക്ഷണം അവർക്ക് കൊടുത്ത് പൊണ്ണത്തടിയുള്ളവരാക്കി മാറ്റി അവരുടെ ഭാവിയെ രോഗാതുരമാക്കുന്ന പ്രവണതയെപ്പറ്റി പ്രശസ്ത ശിശുരോഗ വിദഗ്ധനായ ഡോ. എം.കെ.സി. നായരുടെ ലേഖനം ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ പ്രസിദ്ധീകരണമായ 'നമ്മുടെ ആരോഗ്യം' ഓഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ചത് കുട്ടികളുള്ള എല്ലാ മാതാപിതാക്കളും വായിക്കേണ്ടതാണ്.

## കുട്ടികളുടെ ഇന്റർനെറ്റ് അടിമത്തം

39 ശതമാനം കൗമാരക്കാരും, ഇന്റർനെറ്റിൽ അവർ പോസ്റ്റ് ചെയ്ത ഒരു കാര്യം വേണ്ടായിരുന്നു എന്ന്  ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അടിമത്തത്തിന്റെ ദുരന്തങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ലേഖനം. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രിസ്റ്റ് ആയ ഡോ. അരുൺ ബി. നായരുടെ ലേഖനം (നമ്മുടെ ആരോഗ്യം, ഓഗസ്റ്റ് ലക്കം) കാലിക പ്രസക്തി നിറഞ്ഞതാണ്.

## സോവിയറ്റ് ജീവിതത്തിന്റെ ഇരുണ്ട രാത്രി

ഏകദേശം മൂന്ന് ദശകം മുൻപ് ചീട്ടുകൊട്ടാരം പോലെയാണ് 70 വർഷത്തെ കമ്മ്യൂണിസം സോവിയറ്റുയൂണിയനിൽ തകർന്നു വീണത്. നിത്യമായി നിലനിൽക്കുമെന്നു വിശ്വസിച്ചുപോന്ന വിഗ്രഹങ്ങളൊക്കെ ഗ്ലാസ് നിലത്തു വീണതുപോലെ ഉടഞ്ഞുപോയി. പാരതന്ത്ര്യത്തിൽ നിന്നു സ്വാതന്ത്ര്യത്തിലേക്കു കടന്നുവന്നപ്പോഴും തുടർനാളുകളിലും റഷ്യയിലെ ജനങ്ങൾ അനുഭവിച്ച ദുരന്തപൂർണമായ ജീവിതസാഹചര്യങ്ങളെ അത്യന്തം തന്മയത്വത്തോടെ സ്വെറ്റ്ലാനാ അലക്സിവിച്ച് എന്ന എഴുത്തുകാരി 'സെക്കൻഡ് ഹാൻഡ് ടൈം' എന്ന പുസ്തകത്തിലൂടെ പകർത്തി വച്ചിരിക്കുന്നു.

## ജാതിയടിമകളുടെ കണ്ണീരിന്റെ ചരിത്രം

തമിഴ്നാട്ടിലെ ആദിവാസി വിഭാഗമായ ഇരുളരെ അടിമകളായി ഇന്നും വച്ചുകൊണ്ടിരിക്കുന്ന ക്രൂരമായ അനുഭവങ്ങളെപ്പറ്റി നനഞ്ഞ കണ്ണുകളോടു മാത്രമേ വായിക്കാൻ കഴിയുകയുള്ളൂ (മാതൃഭൂമി ആഴ്ചപതിപ്പ് ഓഗസ്റ്റ് 25)



ലിവിൻ വർഗീസ് പറവൂർ



# മിഷൻ








വിഖ്യാത സംവിധായകൻ മാർട്ടിൻ സ്കോർസേസിന്റെ 2016-ൽ പുറത്തിറങ്ങിയ 'സൈലൻസ്' എന്ന ഹോളിവുഡ് സിനിമ, എന്റെ ജീവിതത്തിൽ 'മിഷൻ' എന്ന ദൈവികാനുഭവത്തിന് പ്രേരകമായ ഒരു സിനിമയാണ്. ആൻഡ്രൂ ഗാർഫിൽഡാണ് ഈ സിനിമയിലെ നായകൻ. 17-ാം നൂറ്റാണ്ടിൽ, പോർച്ചുഗലിൽ നിന്നും ജപ്പാനിലേക്ക് പോകുന്ന രണ്ട് ജസ്യൂട്ട് വൈദികരുടെ മിഷൻ അനുഭവങ്ങളുടെ നേർക്കാഴ്ചയാണ് ഈ സിനിമയിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്.

കേരളത്തിന്റെ പുറത്തുപോയി മിഷൻ ചെയ്യണം എന്നത് വളരെ നാളുകളായുള്ള എന്റെ ആഗ്രഹമായിരുന്നു. ഡിഗ്രി അവസാന വർഷം ഇതിനെക്കുറിച്ച് കാര്യമായി ചിന്തിക്കുകയും ചെയ്തിരുന്നു. ശരിയായ ജീവിതാന്തസ് തെരഞ്ഞെടുക്കുന്നതിനെപ്പറ്റിയുള്ള എന്റെ ചോദ്യങ്ങൾക്ക് ഇടവക വികാരിയച്ചൻ എനിക്ക് നൽകിയ വിലമതിക്കാനാവാത്ത നിർദേശമായിരുന്നു ഒരു വർഷമോ കുറച്ച് മാസങ്ങളോ നീണ്ടു നിൽക്കുന്ന ഒരു മിഷൻ. പിന്നീടുള്ള എന്റെ ആഗ്രഹങ്ങളും പ്രാർഥനകളുമെല്ലാം അതായിരുന്നു.

വിവിധ കാലഘട്ടങ്ങളിലായി ക്യാമ്പസ് മിനിസ്ട്രിയുടെ 'ശിഷ്യത്വ പരിശീലന പരിപാടി' (DTP) യിലും 'ഫൈനൽ ഇയേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം' (FYTP) മിലും പങ്കെടുത്തതുവഴി മിഷൻ ചിന്തകൾക്ക് കൂടുതൽ ഊർജം ലഭിക്കുന്നതിന് സഹായിച്ചു.

"മിഷൻ - ഇത് നിനക്ക് നല്ലൊരു അനുഭവമായിരിക്കും" എഫ്.വൈ.ടി.പി ട്രെയിനിംഗ് ടീമിലെ ചേച്ചി പറഞ്ഞത് എന്റെ ഉള്ളിൽ തറച്ചിരുന്നു. മിഷനു പോകണം എന്ന ഒറ്റലക്ഷ്യത്തോടെയായിരുന്നു ഞാൻ പ്രോഗ്രാമിൽ പങ്കെടുത്തതുതന്നെ.

മറ്റുള്ളവരിൽ നിന്ന് പലപ്പോഴായി കേട്ടിട്ടുള്ള മിഷന്റെ അനുഭവങ്ങളും യാത്രകളും എന്നെ വളരെയധികം പ്രചോദിപ്പിച്ചിരുന്നു. 10 ദിവസത്തോളം നീണ്ടുനിന്ന പ്രോഗ്രാമിന്റെ അവസാന ദിവസം പല പുതിയ തീരുമാനങ്ങളും എടുത്തിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു മിഷനു പോകാം എന്ന തിരുമാനം.

ഇവിടെ പകർന്നുലഭിച്ച തീയുമായി വീട്ടിൽ ചെന്ന് മിഷൻ കാര്യം അവതരിപ്പിച്ചപ്പോൾ ഈശോയുടെ സ്നേഹവും വാത്സല്യവും നല്ലതുപോലെ തിരിച്ചറിയാൻ സാധിച്ചു. കാരണം മിഷൻ സ്വപ്നത്തിന് മാതാപിതാക്കൾ തടസം പറയുമെന്നാണ് ഞാൻ ചിന്തിച്ചിരുന്നത്.

പിന്നീടുള്ള ദിവസങ്ങളിൽ എല്ലാ രീതിയിലും മിഷനുവേണ്ടി ഞാൻ ഒരുങ്ങിക്കൊണ്ടിരുന്നു. പ്രാർഥനകളിലും ചിന്തയിലും നിറഞ്ഞുനിന്ന ഒന്നായിരുന്നു മിഷൻയാത്ര. നിത്യേനയുള്ള വിശുദ്ധ ബലിയർപ്പണവും, കുമ്പസാരവും എന്റെ ഒരുക്കത്തെ ഒത്തിരിയേറെ സ്വാധീനിച്ചു. ഇടയ്ക്ക് പനി പിടിച്ചെങ്കിലും പോകുന്നതിന് രണ്ടുദിവസം മുൻപ്

# hmgv´s « dmWnacnbbpsS lrZb` qanbnÃ

**ജീവിതം നൽകിയവന് അതിന്റെ പൂർണതയിൽ തിരിച്ചു നൽകാനുള്ളതാണ് ഈ ഭൂമിയിലെ എന്റെ ജിവിതകാലഘട്ടമെന്ന് അവരുടെ ജീവിതം എന്നെ പഠിപ്പിച്ചു.**

പനി പൂർണമായും വിട്ടുമാറി. കർത്താവിന്റെ വലിയ കരുതൽ ആ ദിവസങ്ങളിൽ ഞാൻ അനുഭവിച്ചു. യാത്രയിൽ എന്റെ കൂടെ ഒരാൾകൂടി ഉണ്ടാകുമെന്ന് വീട്ടിൽ ഞാൻ പറഞ്ഞിരുന്നു. അത് ഈശോ ആയിരുന്നു എന്ന് മിഷൻ സ്ഥലത്ത് എത്തിയ ശേഷം മാത്രമാണ് എന്റെ മാതാപിതാക്കൾ അറിഞ്ഞത്.



ട്രെയിൻ പുറപ്പെടുന്ന സമയം മനസ്സിൽ വന്നത് സീറോമലബാർ സഭയിൽ ബലിയർപ്പണം കഴിയുമ്പോൾ സഭാസമൂഹം ഒന്നിച്ച്ചെല്ലുന്ന പ്രാർഥനയായിരുന്നു "ഇനി ഒരു ബലിയർപ്പിക്കാൻ ഞാൻ വരുമോ ഇല്ലയോ എന്ന് അറിഞ്ഞുകൂടാ".

ട്രെയിൻ യാത്ര വല്ലാത്ത മടുപ്പ് ആയിരുന്നെങ്കിലും ആധ്യാത്മികവും മാനസികവുമായ ഒരുക്കത്തിന് എന്നെ ഏറെ സഹായിച്ചു.

മധ്യപ്രദേശിലെ ഖാണ്ഡവ ജില്ലയിലെ ഔലിയ ഇടവകയായിരുന്നു എനിക്ക് ലഭിച്ചത്. മുടങ്ങാതെ എല്ലാദിവസവും അഞ്ചും ആറും മണിക്കൂർ നീണ്ടു നിൽക്കുന്ന ആത്മീയ ഒരുക്കത്തിന്റെ ഭാഗമാകാൻ സാധിച്ചിരുന്നു. ആരാധനയും മറ്റു പ്രാർഥനകളുമൊക്കെയായി കൂടുതൽ ഈശോയോട് അടുക്കുവാൻ ഈ ദിവസങ്ങളിൽ സാധിച്ചു.

വൈകുന്നേരങ്ങളിലെ ഭവനസന്ദർശങ്ങളും കുടുംബകൂട്ടായ്മകളും വിശുദ്ധമാക്കാൻ ഈ ഒരുക്കങ്ങൾ എന്നെ സഹായിച്ചിരുന്നു. ഹിന്ദിയിൽ യാതൊരു പരിജ്ഞാനവുമില്ലാത്ത എനിക്ക് ഭാഷയോ സംസ്ക്കാരമോ ഒരു തടസ്സമായിരുന്നില്ല. അവിടത്തെ മുതിർന്നവരും കുട്ടികളും അവരിൽ ഒരാളായാണ് എന്നെയും കണ്ടിരുന്നത്. ഒരിക്കൽ പ്രായമുള്ള ഒരു അമ്മയോട് ഒരു മണിക്കൂറോളം സംസാരിക്കാൻ ഇടയായി. ഭാഷയുടെ അതിർവരമ്പുകളൊന്നും എന്നെ ബാധിച്ചില്ല. ഒരു പന്തക്കുസ്താ അനുഭവം എനിക്കവിടെ തൊട്ടറിയാൻ കഴിയുന്നുണ്ടായിരുന്നു.

മിഷൻ ദിനങ്ങളിലെ ഓരോ യാത്രകളും എനിക്ക് വേറിട്ട അനുഭവങ്ങളും പഠനങ്ങളുമായിരുന്നു. അനുകൂല സാഹചര്യങ്ങൾ ഇല്ലാതിരുന്നിട്ടുപോലും ക്രിസ്തുവിലുള്ള വിശ്വാസം കൈവിടാത്ത അനേകം ദൈവമക്കളെ കാണാനുള്ള ഭാഗ്യം ഉണ്ടായി. മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രം ലഭിക്കുന്ന വി.കുർബാന അവർക്കൊരു ആവേശമായിരുന്നു.

തകർന്നടിഞ്ഞ ദേവാലയത്തിനുള്ളിൽ ചാണകം മെഴുകിയ തറയിൽ ഇരുന്നുള്ള വിശുദ്ധ കുർബാന എന്നിലെ ചിന്താഗതികളെ മാറ്റിമറിച്ചു. ബലിയർപ്പണ സമയത്ത് ശുശ്രൂഷചെയ്യുവാനുള്ള കൃപയും എനിക്ക് ലഭിച്ചു.

**മിഷൻ ദിനങ്ങളിലെ ഒരോ യാത്രകളും എനിക്ക് വേറിട്ട അനുഭവങ്ങളും പഠനങ്ങളുമായിരുന്നു. അനുകൂലസാഹചര്യങ്ങൾ ഇല്ലാതിരുന്നിട്ടുപോലും ക്രിസ്തുവിലുള്ള വിശ്വാസം കൈവിടാത്ത അനേകം ദൈവമക്കളെ കാണാനുള്ള ഭാഗ്യം ഉണ്ടായി. മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രം ലഭിക്കുന്ന വി. കുർബാന അവർക്കൊരു ആവേശമായിരുന്നു.**


മിഷണറിയാകണം എന്ന ആഗ്രഹത്തെ ജ്വലിപ്പിച്ച വ്യക്തിയായിരുന്നു രക്തസാക്ഷിയായ സി. റാണി മരിയ. ഒരിക്കൽ സിസ്റ്ററെക്കുറിച്ച് പഠിക്കാൻ ഇടയായി. അന്നുമുതൽ സിസ്റ്ററിന്റെ കാലടികൾ പതിഞ്ഞ മണ്ണ് സന്ദർശിക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നു. അതിനുള്ള ഭാഗ്യവും എനിക്ക് ലഭിച്ചു.

സി. റാണി മരിയ മരണമടഞ്ഞ ഉദയ് നഗറും, ഇൻഡോറിലെ സിസ്റ്ററുടെ മിഷൻ സ്ഥലങ്ങളും കാണാൻ കഴിഞ്ഞു. മറ്റനേകം മിഷണറിമാരുടെ താമസസ്ഥലങ്ങളും ആശ്രമങ്ങളും ഈ സമയം കാണുവാനുള്ള ഭാഗ്യമുണ്ടായി.


ക്രിസ്തുവിനു വേണ്ടി ജീവിതം മാറ്റിവച്ച തീക്ഷ്ണമതികളായ മിഷണറിമാരുടെ ജീവിതം അടുത്തുനിന്ന് നോക്കി കാണാൻ സാധിച്ചത് മനസ്സിൽ വലിയ വേലിയേറ്റങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമായി. ജീവിതം നൽകിയവന് അതിന്റെ പൂർണതയിൽ തിരിച്ചു നൽകാനുള്ളതാണ് ഈ ഭൂമിയിലെ എന്റെ ജിവിതകാലഘട്ടമെന്ന് അവരുടെ ജീവിതം എന്നെ പഠിപ്പിച്ചു. എല്ലാവരുടെയും പ്രാർഥനയും കരുതലും ഒരു മാസക്കാലത്തെ എന്റെ ജീവിതത്തെ വഴിനടത്തുവാൻ സഹായിച്ചു ✦

സിനി ടോക്സ്

ജോസഫ് അന്ത്രപ്പേർ



*കുടുംബസമേതം യു.കെ.യിലെ സൗത്താംപ്ടണിൽ വസിക്കുന്ന ലേഖകൻ കെയ്റോസ് ഗ്ലോബലിന്റെ എഡിറ്റോറിയൽ കൗൺസിൽ അംഗമാണ്*
*josephja@gmail.com*




'ഒറ്റ തന്തക്കു പിറന്നവൻ' മലയാളി അവന്റെ പൗരുഷത്തിന്റെയും, ധൈര്യത്തിന്റെയും പരമോന്നത തലത്തെ നിർവചിക്കുവാൻ ഉപയോഗിക്കുന്ന മൂന്ന് വാക്കുകൾ! തികച്ചും അർഥശൂന്യവും, പൊള്ളയുമായി, അവസരത്തിലും അനവസരത്തിലും ആവർത്തിക്കപ്പെടുമ്പോഴും അവ വിരൽചൂണ്ടുന്ന മൗലികമായ ഒരു സത്യമുണ്ട്– പൈതൃകം മനുഷ്യനു എത്രത്തോളം അത്യന്താപേക്ഷിതമാണെന്ന്. മറ്റേതു കാലഘട്ടത്തിലെയും എന്നപോലെ ഇന്നിന്റെയും ബഹുഭൂരിപക്ഷം കുടുംബ-സാമൂഹിക പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം നമ്മുടെ ബഹുഭൂരിപക്ഷം പുരുഷന്മാർക്കും യഥാർഥ പിതാവിന്റെ തലത്തിലേക്കുയരുവാനുള്ള വിമുഖതയാണ്. ഷമ്മിയെപ്പോലെ ഹീറോ ആകാൻ ആഗ്രഹിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗവും.

ദൈവം സ്നേഹസമ്പന്നനായ പിതാവാണെന്നു ലോകത്തിനു വെളിപ്പെടുത്താൻ വന്ന ക്രിസ്തു, ലൂക്കാ 15-ൽ ആ പിതാവിനെ മൂന്ന് ഉപമകളിലൂടെ വരച്ചുകാട്ടുന്നുണ്ട്. വഴിതെറ്റിയ ആടിനെ തേടിപ്പോകുന്ന, കാണാതായ നാണയം സൂക്ഷ്മതയോടെ തേടി കണ്ടെത്തുന്ന, ധൂർത്തപുത്രന്റെ വരവിനായി ക്ഷമയോടെ കാത്തിരിക്കുന്ന പിതാവ്– ഓരോ തിരിച്ചുവരവിലും, കണ്ടെത്തലിലും മതിമറന്നാഹ്ലാദിച്ചുല്ലസിക്കുന്ന ദൈവം! ഈ പിതാവിന്റെ സ്നേഹത്തിന്റെ പ്രതിരൂപമാകുവാൻ വിളിക്കപ്പെട്ടനാണ് ഓരോ ക്രിസ്തു അനുയായിയും.

പിതൃത്വത്തിന്റെ കഥ പറയുന്ന, അതിന്റെ ഔന്നത്യങ്ങളുടെയും അതിലുപരി ച്യുതികളുടെയും, നികൃഷ്ടതകളുടെയും നേർചിത്രം പ്രേക്ഷകർക്ക് വരച്ചുകാട്ടുന്ന ചിത്രമാണ് 'കുമ്പളങ്ങി നൈറ്റ്സ്'. രണ്ടു കുടുംബങ്ങളുടെയും കുടുംബനാഥന്മാരുടെയും, സജിയുടെയും ഷമ്മിയുടെയും കഥ പറയുന്ന ചിത്രം.

നെപ്പോളിയന്റെ മക്കൾ– സജി, ബോണി, ബോബി, ഫ്രാങ്കി. വ്യത്യസ്തമായ കുടുംബപശ്ചാത്തലത്തിന്റെ പേരിൽ എല്ലാവരുടെയും പരിഹാസത്തിനു പാത്രമാകാൻ വിധിക്കപ്പെട്ടവർ. തങ്ങളെ മാനിക്കാത്ത, വിലകല്പിക്കാത്ത സമൂഹത്തെ തികഞ്ഞ നിസ്സംഗതയോടെ നോക്കിക്കാണുന്ന സജിയും ബോബിയും. ലോകത്തോടുള്ള പരിഭവം മുഴുവൻ പരസ്പരം കലഹിച്ചുതീർക്കുന്നവർ. ഇവരുടെ നിരന്തരമായ കലഹങ്ങൾ കാരണം വീട്ടിൽവരാത്ത മൂകനായ ബോണിയും, ഇതിനെല്ലാം ഇടയിൽ ജീവിതത്തെക്കുറിച്ചു ഒത്തിരി പ്രതീക്ഷകളുള്ള ഫ്രാങ്കിയും ഉൾപ്പെടുന്ന കുടുംബം.

കൂട്ടുകാരൻ പ്രശാന്ത് വഴി അവിചാരിതമായി ബേബിമോളെ പരിചയപ്പെടുന്നതും ആ പരിചയം പ്രണയമായി രൂപാന്തരപ്പെടുന്നതും, ഒന്നിനോടും ഒരു പ്രതിബദ്ധതയും ഇല്ലാത്ത ബോബിയുടെ ജീവിതത്തിൽ മാറ്റങ്ങൾക്കു കാരണമാകുന്നു. തന്മൂലം അവിചാരിതമായി കുടുംബനാഥനാകേണ്ടിവരുന്ന സജിക്ക് ബേബിമോളുടെ സഹോദരീഭർത്താവായ ഷമ്മിയുടെ അടുക്കൽ ബോബിയുടെ വിവാഹ ആലോചനയുമായി പോകേണ്ടിവരുന്നു. എല്ലാ കാര്യങ്ങളും കൃത്യതയോടും, സൂക്ഷ്മതയോടും ചെയ്യുന്ന ഷമ്മി സജിയുടെ നേർ വിപരീതമാണ്. ലക്ഷ്യങ്ങളും സ്വപ്നങ്ങളും നിയമങ്ങളും കൃത്യമായ കണക്കുകൂട്ടലുകളും ഉള്ള ഷമ്മി.

വിവാഹ ആലോചന ഷമ്മി പുച്ഛിച്ചുതള്ളുന്നതിന്റെ പരിണിത ഫലമായി ഉണ്ടാകുന്ന വഴക്കിലും, തുടർന്നുണ്ടാകുന്ന സംഭവവികാസങ്ങളിലും സജിയുടെ തെറ്റുമൂലം, കൂട്ടുകാരൻ വിജയ് മരിക്കുവാൻ ഇടയാകുന്നു. തന്റെ കൈയബദ്ധം മൂലമുണ്ടായ മരണത്തിൽ തളർന്നു നിൽക്കുന്ന സജി, വിജയുടെ പൂർണഗർഭിണിയായ ഭാര്യ സതിയെ കണ്ടുമുട്ടുന്നു. സതിയേയും കുഞ്ഞിനേയും പരിചരിക്കുവാൻ സ്വന്തം വീട്ടിലേയ്ക്കു കൊണ്ടുവരുന്നതിലൂടെ സജിയുടെ ജീവിതത്തിനു അർഥം കൈവരുന്നതോടൊപ്പം ഒരു കുടുംബനാഥനിലേയ്ക്കും പിതാവിലേക്കുമുള്ള അവന്റെ യാത്ര തുടങ്ങുകയുമാണ്. സ്നേഹം സജിയുടെയും ബോബിയുടെയും ജീവിതത്തിൽ കൊണ്ടുവരുന്ന മാറ്റങ്ങളും ആ മാറ്റങ്ങളിലൂടെ അവരുടെ കുടുംബത്തിനും ബന്ധങ്ങൾക്കും കൈവരുന്ന ഊഷ്മളതയുമാണ് കുമ്പളങ്ങി നൈറ്റ്സിന്റെ ഇതിവൃത്തം.


ഷമ്മിയിലൂടെ നമ്മുടെ സമൂഹത്തിലെ വികലമായ പിതൃത്വത്തിന്റെ കാരിക്കേച്ചർ വരച്ചുകാട്ടുന്നതിലും ചലച്ചിത്രം വിജയിച്ചിട്ടുണ്ട്. നിയമങ്ങളിൽ, ശരിതെറ്റുകളിൽ, സദാചാരചിന്തകളിൽ മാത്രം അധിഷ്ഠിതമായ, സ്നേഹം തീരെയില്ലാത്ത പിതൃധർമം.

പിതൃത്വത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചുള്ള പക്വമായ ഒരു ചലച്ചിത്രാവിഷ്കാരമാണ് കുമ്പളങ്ങി നൈറ്റ്സ്. ചിലപ്പോൾ അങ്ങനെ ഒരു കാഴ്ചപ്പാടോടുകൂടിയല്ല ചലച്ചിത്രം രൂപപ്പെടുത്തിയതെങ്കിൽപ്പോലും.

അനിതാ ബാബു

ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയാണ്.
anithajcyriac@gmail.com







# YOUCAT

So I beg you: Study this Catechism with Passion and perseverance. Make a sacrifice of your time for it. Study it in the quiet of your room; read it with a friend; from study groups and networks; share with each other on the internet. By all means continue to talk with each other about your faith.

*-Pope Benedict XVI*
*in the foreword to Youcat*

Sister Act എന്ന പ്രശസ്തമായ സിനിമയിൽ അവിചാരിതമായി ഒരു കൊലപാതകത്തിന് സാക്ഷിയാകുന്ന ഡെലോറിസ് എന്ന ഗായിക തന്റെ ജീവൻ സംരക്ഷിക്കാനായി സിസ്റ്റർ മേരി ക്ലാരൻസ് എന്ന പേരിൽ ഒരു മഠത്തിൽ അഭയം തേടുന്നു. ഒരു പോപ്പ് ഗായികയുടെ എല്ലാ സ്വാതന്ത്ര്യത്തിലും ജീവിച്ച ഡെലോറിസിന് മഠത്തിലെ ജീവിതവും, അച്ചടക്കത്തിലും പ്രാർഥനയിലും ജീവിക്കുന്ന സിസ്റ്റേഴ്സിന് ഡെലോറിസിന്റെ രീതികളും തുടക്കത്തിൽ അംഗീകരിക്കാനാവുന്നില്ല. എന്നാൽ സംഗീതത്തിൽ അതീവ പ്രാവീണ്യമുള്ള അവർ ചർച്ച് ക്വയറിന്റെ നേതൃത്വം ഏറ്റെടുക്കുന്നതോടെ ആ കൊച്ചുദേവാലയവും സിസ്റ്റർ മേരി ക്ലാരൻസും ലോക ശ്രദ്ധയാകർഷിക്കുന്നതാണ് സിനിമയുടെ ഇതിവൃത്തം. ഈ സിനിമയിൽ വളരെ ശ്രദ്ധേയമായ ഒരു ഭാഗമുണ്ട്. പ്രദേശത്തെ ഇടവക ദേവാലയത്തിൽ തിരുക്കർമങ്ങൾ നടക്കുമ്പോൾ പങ്കെടുക്കുന്നത് സന്യാസിനികളും, കുറച്ച് വൃദ്ധജനങ്ങളും മാത്രമാണ്. യുവജനങ്ങൾ ആ ഭാഗത്തേയ്ക്ക് തിരിഞ്ഞു നോക്കാറില്ല. എന്നാൽ സിസ്റ്റർ മേരി ക്ലാൻസിന്റെ നേതൃത്വത്തിൽ പുതുമയുള്ള ചടുലമായി ചിട്ടപ്പെടുത്തിയ ഗാനം പുറത്തേക്കൊഴുക്കുമ്പോൾ യുവാക്കൾ സ്വപ്നത്തിലെന്നതുപോലെ ദേവാലയത്തിലേയ്ക്ക് പ്രവേശിക്കുന്നു, ദേവാലയം നിറഞ്ഞുകവിയുന്നു, ആരാധന ആഘോഷമാകുന്നു. ഒരിക്കൽ വന്നവർ ദേവാലയത്തിന്റെ ഭാഗമായിത്തീരുന്ന കാഴ്ച നമുക്ക് വലിയ ഉൾക്കാഴ്ച നൽകുന്നു. യുവജനങ്ങളെ വിശ്വാസത്തിലേയ്ക്ക് ആകർഷിക്കുവാനും നിലനിറുത്തുവാനും അവരുടെ അഭിരുചിക്കനുസരിച്ച് ചിലമാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.




Catechism of the Catholic Church (CCC) സഭയുടെ ആധികാരിക മതബോധന ഗ്രന്ഥമാണ്. സഭാ പണ്ഡിതന്മാരും വൈദികരും ഒഴികെ, വല്ലപ്പോഴുമുള്ള ഒരു റഫറൻസിനല്ലാതെ യുവജനങ്ങൾ ഇത് വായിക്കാനിടയില്ല. എന്നാൽ സഭയുടെ ഭാവി തന്നെയായ യുവജനങ്ങളുടെ സഭാ പ്രബോധനങ്ങളിലുള്ള അജ്ഞത അത്യന്തം അപകടകരമാണ്. അതുകൊണ്ട് ജോൺ പോൾ രണ്ടാമൻമാർ പാപ്പയുടെ തീരുമാനത്തിൽ മെത്രാന്മാരുടെ ഒരു സംഘം CCC യുവജനങ്ങളുടെ ഭാഷയിൽ വിവർത്തനം ചെയ്തപ്പോൾ YOUCAT എന്ന പുസ്തകമുണ്ടായി. വിശ്വാസത്തെക്കുറിച്ചും പ്രാർഥനയെക്കുറിച്ചും ഒട്ടേറെ ചോദ്യങ്ങളുണരുന്ന പ്രായത്തിൽ ക്രൈസ്തവ വിശ്വാസം ജീവിതത്തിന്റെ 'മാർഗവും ലക്ഷ്യവു'മാണെന്ന ഉത്തരത്തിന് നാം വേറെങ്ങും തിരയേണ്ടതില്ല. What we believe, how we celebrate what we believe, how we live what we believe and how we pray എന്നീ നാലു ഭാഗങ്ങളിൽ ചെറിയ ചോദ്യങ്ങളും ഉത്തരങ്ങളുമായി YOUCAT നമ്മുടെ വിശ്വാസ ജീവിതത്തിന് വ്യക്തത നൽകുന്നു. ഈ പുസ്തകത്തെ എളുപ്പത്തിൽ സമീപിക്കുവാനും മനസ്സിലാക്കുവാനും YOUCAT STUDY GUIDE എന്ന ഒരു സഹായക ഗ്രന്ഥവും കൂടി ഉണ്ടെന്ന് അനുബന്ധമായി പറയട്ടെ.

സണ്ണി കോക്കാപ്പിള്ളിൽ



*കല, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, മാധ്യമം... എന്നിങ്ങനെ എല്ലാം ഈ പംക്തിയ്ക്ക് വിഷയമാണ്. ആനുകാലികമായി പങ്കുവയ്ക്കപ്പെടുന്ന ഈ കാര്യങ്ങളെ കെയ്റോസ് എങ്ങനെ നോക്കിക്കാണുന്നുവെന്ന് ഈ കോളം വ്യക്തമാക്കുന്നു. പ്രഭാഷകനും, വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ശ്രീ. സണ്ണി കോക്കാപ്പിള്ളിലാണ് ഇതിന്റെ ലേഖകൻ*

*ബന്ധപ്പെടാൻ: sunnykokkappillil@gmail.com*

# {]Ir-Xn-i-àn-IÄCf-In-bm-Sp-t¼mÄ

നൂറ്റാണ്ടിൽ ആവർത്തിച്ച മഹാപ്രളയത്തെക്കുറിച്ചുള്ള ഓർമക്കുറിപ്പുകൾ അയവിറക്കുന്ന മാസികകളും വാരികകളും വായനക്കാരുടെ കൈകളിലെത്തുന്നതിനു മുൻപുതന്നെ വീണ്ടുമതാവർത്തിച്ചു. കഴിഞ്ഞ തവണ തെക്കുഭാഗത്തായിരുന്നെങ്കിൽ ഇത്തവണ വടക്കുഭാഗത്തായി എന്നു മാത്രം. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്ന് പലവിധ നിരീക്ഷണങ്ങളും കാഴ്ചപ്പാടുകളും പുറത്തുവന്നുകഴിഞ്ഞു. കേരളത്തിലെ പൊതുബോധം ഗാഡ്ഗിൽ ആശയങ്ങളോട് അനുകൂലമായി ചിന്തിച്ചു തുടങ്ങി. എല്ലാവരും പരസ്പരം ആരോപണം ഉന്നയിക്കുമ്പോൾ ഇടയ്ക്കെവിടെയോ ചില യാഥാർഥ്യങ്ങൾ ഒളിഞ്ഞു കിടപ്പുണ്ട്.

മലകളിലെ വൃക്ഷങ്ങൾ വെട്ടി നശിപ്പിച്ചതാരാണ്? രാജാക്കന്മാരും ജന്മിമാരും ബ്രിട്ടീഷുകാരുംകൂടി പല കാലത്തായി മരങ്ങൾ മുറിച്ചു നശിപ്പിച്ച കുറ്റിക്കാടുകളാണ് കുടിയേറ്റക്കാർക്ക് ലഭിച്ചതെന്ന സത്യം പരിസ്ഥിതിവാദികൾ ഇന്നും അംഗീകരിക്കാൻ മടികാണിക്കുന്നു. കൂടുതൽ ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുവാൻ തിരുവിതാംകൂർ രാജാവ് കൃഷിക്കാരെ ഹൈറേഞ്ചിലേക്ക് കുടിയേറി പാർക്കാൻ അനുവദിച്ച കാര്യം ഇന്നു പലർക്കുമറിയില്ല. ആറായിരത്തോളം ക്വാറികൾ കേരളഭൂമിയിൽ സൃഷ്ടിക്കുന്ന പ്രകമ്പനത്തിന്റെ തീവ്രത സഹ്യപർവതത്തെ ഇളക്കിമറിക്കുന്നുവെന്ന കാര്യം ഇപ്പോഴെല്ലാവർക്കുമറിയാമെങ്കിലും അവരുടെ സ്വാധീനം ഇതു ചൂണ്ടിക്കാണിക്കുന്നവരെയെല്ലാം നിശ്ശബ്ദമാക്കാൻ പോന്നതാണ്.

നദികളെല്ലാം മണൽ വന്നു നിറഞ്ഞു. ഇത് വെള്ളപ്പൊക്കത്തിന്റെ രൂക്ഷത വർധിപ്പിക്കുന്നു. നിശ്ചിത അളവിൽ മണൽ വാരിയെടുത്താൽ കുറെയൊക്കെ പരിഹാരം കാണാം. എന്നാൽ, മണലിനു ബദലായി എംസാന്റ്



വ്യവസായമാക്കിയവരുടെ സ്വാധീനഫല മായി മണൽമാഫിയ എന്നൊരു ലോബിയെ നിജപ്പെടുത്തുകയും പുതിയൊരു പരിസ്ഥി തിവാദം രൂപപ്പെടുകയും ചെയ്തു.

ഇടനാട്ടിലും തീരപ്രദേശത്തുമുണ്ടാകുന്ന അതിരൂക്ഷ പ്രളയത്തിനടിസ്ഥാനം ചതു പ്പുകൾ മുഴുവനും നികത്തിയതാണെന്നത് കാണാതിരിക്കരുത്. മുൻകാലങ്ങളിൽ ഒഴുകി വരുന്ന ജലത്തെ ഉൾക്കൊണ്ടിരുന്ന വയലു കളും ചതുപ്പുകളും ദുരുപയോഗിക്കപ്പെട്ടു. മാത്രമല്ല, പെയ്തിറങ്ങുന്ന മഴവെള്ളത്തെ മുറ്റത്ത് ഒലിച്ചിറങ്ങാൻ മിക്കവരും സമ്മ തിക്കുന്നുമില്ല. കേരളത്തിലെ മിക്കവാറും മുറ്റങ്ങളിൽ കട്ടപതിച്ച് ജലം മുഴുവനും റോഡിലേക്കൊഴുക്കിയതിന്റെ ശിക്ഷാവിധി എല്ലാവരും അനുഭവിക്കേണ്ടിവരുന്നു. മുറ്റത്തു ചെളി ചവിട്ടാതെ നടക്കാനാണ് കട്ട വിരിച്ചത്. ജലപ്രളയമുണ്ടായ പലസ്ഥലങ്ങ ളിലും വീടുകളുടെ അകത്തും പുറത്തും ലോഡുകണക്കിനു ചെളി കുമിഞ്ഞു കൂടി യതും തിരിച്ചറിയേണ്ടതുണ്ട്.

കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് ആഗോളതാപനമാ



ണെന്നു പറയപ്പെടു ന്നു. ആഗോളതാപ നത്തിനു കാരണം വാഹനങ്ങൾ പുറ പ്പെടുവിക്കുന്ന കാർബൺ മോണോ ക്സൈഡാണ്. വാഹനങ്ങൾ കുറ യ്ക്കാൻ ആരെ ങ്കിലും സമ്മതി ക്കുമോ?

കേരളത്തിൽ മാത്ര മാണ് ആർഭാടപൂർ ണമായ ഭവനങ്ങൾ നിർമിക്കപ്പെടുന്നത്. പല രാജ്യങ്ങളിലും നിശ്ചിത വലുപ്പ ത്തിലധികം വിസ്തീർണമുള്ള ഭവനനിർമാണത്തിന് അനുമതിയില്ല. കൂടുതൽ വലിയ ഭവനങ്ങളുടെ നിർമാണത്തിന് പ്രകൃതിയിൽ നിന്നും അസംസ്കൃതസാധനങ്ങൾ അധികം ഉപയോഗിക്കേണ്ടിവരുന്നു. അനാവശ്യമായി പ്രകൃതിയെ ചൂഷണം ചെയ്യുന്ന ഒരു മേഖല യാണിത്. കൂടുതലായി കരിങ്കല്ല്, മണൽ എന്നിവ അനാവശ്യമായി ചെലവഴിക്കപ്പെടുന്നു.

ഇതിനെക്കാളുപരിയായി 40 ലധികം വൻകിട അണക്കെട്ടുകൾ ജലബോംബുകളായി കേര ളത്തിന്റെ കിഴക്കൻ മേഖലയിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഇവ ഭൂപ്രകൃതിയിൽ വരു ത്തുന്ന മാറ്റങ്ങളെ ഇനിയും പഠിക്കേണ്ട തുണ്ട്. വികസനത്തിന്റെയും ടൂറിസത്തി ന്റെയും പേരിൽ ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിൽ ഉയർന്നുപൊങ്ങുന്ന വൻകിട സൗധങ്ങൾ നിർമിക്കുന്നതും കുടിയേറ്റ കർഷകരല്ലെന്നോർക്കണം.

വീടു നഷ്ടപ്പെട്ടവർക്ക് എപ്പോഴെങ്കിലും എവിടെയെങ്കിലും ഒരു വീട് കിട്ടുമെന്നു പ്രത്യാശിക്കാം. എന്നാൽ, സ്ഥലം നഷ്ടപ്പെ ട്ടവർക്ക് ആരു പരിഹാരം ചെയ്യും? വരും കാലങ്ങളിലും ഇങ്ങനെ ആവർത്തിച്ചാൽ കേരളത്തിന്റെ അവസ്ഥയെന്താകും?


കേരളം നിലനിൽക്കണമെന്നാഗ്രഹിക്കുന്നു വെങ്കിൽ കർശനമായ നിയമങ്ങൾ ഉണ്ടായേ പറ്റൂ. വാഹനങ്ങളുടെ ആധിക്യത്തിന്, ഭവന ങ്ങളുടെ അമിത വലുപ്പത്തിന്, ചതുപ്പു നിക ത്തിയുള്ള കെട്ടിടനിർമാണത്തിന്, വലിയ അണക്കെട്ടുകൾ പണിയുന്നതിന് കർശന നിയന്ത്രണം കൂടിയേ തീരൂ. പണ്ടുണ്ടായി രുന്ന നദിയുടെ വീതിയും ആഴവും തിരിച്ചെ ടുക്കണം. മണ്ണിട്ടു മൂടിയ കുളങ്ങളും കിണറു കളും പൂർവ സ്ഥിതിയിലാകണം. അതീവ ദുർബല മേഖലയിലെ നിർമാണ പ്രവർത്തനങ്ങൾക്ക് കർശനമായ പരിധി നിശ്ചയിക്കണം. അത്തരം മേഖലകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കു കയോ ജീവിതോപാധി നൽകുകയോ ചെയ്യ ണം. മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് വലിയ സേവനമായി കരുതി അവർക്ക് സ്ഥിരമായ വരുമാനം നൽകണം. ഇതൊക്കെ പറയാൻ മാത്രമേ പറ്റുകയുള്ളൂ. കഴിഞ്ഞ വർഷത്തെ പ്രളയത്തിനുശേഷം ദുരന്തമനുഭവിച്ചവരുടെ പുനരധിവാസംപോലും കഴിയാത്ത ഈ നാളുകളിൽ എല്ലാം സ്വപ്നം കാണുക മാത്രമേ വഴിയുള്ളൂ.

## സന്യാസത്തെ പുച്ഛിക്കുന്നവരോട് പറയാനുള്ളത്

ഓഗസ്റ്റ് 24-ലെ ദീപികയിൽ സിസ്റ്റർ സോണിയ തെരേസ് ഡി.എസ്.ജെ.യുടെ ലേഖനം സന്യാസ ജീവിതത്തെ അവഹേളിക്കുന്നവർക്ക് ഒന്നാം തരം മറുപ ടിയാണ്. സന്യാസത്തെക്കുറിച്ചുള്ള ആക്ഷേപങ്ങൾ അതിരുകടന്നിട്ടും ആരും മറുപടി പറയാതിരിക്കുന്നത് മേന്മയായി കരുതാനാവില്ല. മൗനം കുറ്റകരമായി പലപ്പോഴും മാറാറുണ്ട്. അത്തരമൊരവസ്ഥയാണ് വയനാട്ടിലെ ഒരു എഫ്.സി.സി. സിസ്റ്ററും കോൺഗ്രിഗേഷനും തമ്മിലുള്ള പ്രശ്നത്തിൽ സംഭവിച്ചത്. മാധ്യമങ്ങളുടെ കുറ്റവിചാ രണയിൽ സഭ വെന്തുനീറിയിട്ടും വിശ്വാസികളിൽ ഒരു വിഭാഗം പോലും സഭയ്ക്കെ തിരെ ചിന്തിച്ചു തുടങ്ങിയിരുന്നു. കാരണം പ്രസ്തുത സിസ്റ്റർ ഉന്നയിച്ച ആരോപണ ങ്ങൾ ന്യായയുക്തമായിട്ടാണ് സമൂഹമാധ്യമങ്ങളും ചില ചാനലുകളും പത്രങ്ങളും ആഘോഷിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ ശരിയായ വസ്തുതകൾ വിശദമാക്കിയതിൽ സിസ്റ്റർ സോണിയ തെരേസ് അഭിനന്ദനമർഹിക്കുന്നു. സന്യാ സത്തെക്കുറിച്ചും സഭയെക്കുറിച്ചും വികലമായ ധാരണകൾ ബോധപൂർവം ചിലർ സമൂഹത്തിൽ വരുത്തുമ്പോൾ യഥാർഥ വസ്തുതകൾ ജനം അറിയാതെ തെറ്റിദ്ധരിക്ക പ്പെടുന്നു. വിമർശകരുടെ എല്ലാ ആക്ഷേപങ്ങൾക്കും മുഖമടച്ചുള്ള പ്രത്യുത്തരം ഈ ലേഖനം നൽകുന്നു. സന്യാസസഭാ നിയമങ്ങളെപ്പറ്റി ശരിയായി മനസ്സിലാക്കാൻ ഇത് വളരെ ഉപകാരപ്പെട്ടതിൽ അതിയായ സന്തോഷമുണ്ട്.

സ്മാർട്ട് കിഡ്സ്


ചിത്രീകരണം: വെങ്കി



കഥ: ആൽഡ്രിൻ ജോസഫ്

# ദൈവം എല്ലാം കാണുന്നു

പച്ചപ്പട്ടു വിരിച്ച പുഞ്ചപ്പാടം, ചെമ്മീൻ കെട്ടുകൾ, ശുദ്ധജലമൊഴുകുന്ന തോടുകൾ, പുഴകൾ, വരിവരിയായി നീന്തുന്ന താറാവിൻ കൂട്ടം. കടലിന്റെ കൈവരിയായി ഒഴുകുന്ന കനാലുകൾ ഇതാണ് ചക്കിയുടെയും ഉണ്ണിക്കുട്ടന്റെയും ഗ്രാമം.

സുന്ദരിയായ ഗ്രാമത്തിന്റെ ഒത്ത നടുക്കാണ് അവരുടെ കുഞ്ഞു വീട്. ചുറ്റും വെള്ളം, നെൽപ്പാടം. വീട്ടിൽ ഇവർ, ചേച്ചിയമ്മയും കുഞ്ഞനിയൻ വാവയുമാണെങ്കിലും സ്കൂളിലും കളിക്കളത്തില അടുത്ത കൂട്ടുകാരാണ്. ഉണ്ണിക്കുട്ടന് എന്തിനുമേതിനും ചേച്ചിയമ്മ വേണം. ഉണ്ണിക്കുട്ടന് ചോറ് വാരിക്കൊടുക്കാതെ ഒര വറ്റുപോലും ചക്കിക്കും ഇറങ്ങില്ല.! സ്കൂളിൽ പോകുന്നതും കളിക്കുന്നതും ഉറങ്ങുന്നതും ഒരുമിച്ചുതന്നെ. ചുരുക്കി പറഞ്ഞാൽ 'കട്ട ഫ്രണ്ട്സ്!'

ഒരു ദിവസം കളിച്ചു ക്ഷീണിച്ച് തെങ്ങിൻ തോട്ടത്തിൽ വിശ്രമിക്കുമ്പോൾ ചക്കി ഒരു കുഞ്ഞ് വെള്ളക്കയെടുത്ത് ഉണ്ണിയുടെ നേരെ എറിഞ്ഞു. കളിയായി ചെയ്തതാണെങ്കിലും ഉണ്ണിയുടെ തലമണ്ടയ്ക്കാണ് അത് കൊണ്ടത്, നന്നായി വേദനിച്ചു; ദേഷ്യം മൂത്ത് ഉണ്ണി കൈയിൽ കിട്ടിയ ഒരു മുഴുത്ത തേങ്ങയെടുത്തു..! അപകടം മണത്ത ചക്കി ഓടാൻ തുടങ്ങി. പിന്നാലെ ഉണ്ണിയും..! ഓടടാ ഓട്ടം.



ഓടിയോടി അവർ തോട്ടിൻകരയിലെത്തി. ചക്കി പറഞ്ഞു, "ഉണ്ണിക്കുട്ടാ എറിയരുത്, തേങ്ങയാണ്, ചേച്ചിക്കു പരിക്കു പറ്റും..!" പക്ഷേ, എറിയാൻ വരുന്ന ഉണ്ണിയോട് വേദമോതിയിട്ട് കാര്യമുണ്ടോ? ദേഷ്യത്തിൽ ഉണ്ണിക്കുട്ടൻ ആഞ്ഞ് ഒരേറു കൊടുത്തു, സൂത്രത്തിൽ ചക്കി മാറിക്കളഞ്ഞു. "ഭാഗ്യം, കൊണ്ടില്ല!"

പക്ഷേ, എറിഞ്ഞ തേങ്ങ ചെന്നു വീണത് താറാവിൻക്കൂട്ടത്തിലെ ഒരു തവിട്ടുമുണ്ടൻ താറാവിന്റെ തലയിലാണ്, നിർഭാഗ്യമെന്നു പറയട്ടെ അത് ചത്തുപോയി. കൺമുന്നിൽ കിടന്നു, പിടഞ്ഞ് പിടഞ്ഞാണ് താറാവ് ചത്തത്. രണ്ടു പേരും ആരും അറിയാതെ ചത്ത താറാവിനെ പ്ലാവിൻ ചുവട്ടിൽ കുഴിച്ചിട്ടു.

ഉണ്ണിക്കുട്ടൻ ചക്കിയോടു പറഞ്ഞു: "ചേച്ചിയമ്മേ അച്ഛനോട് പറയരുത് കേട്ടോ!" നിഗൂഢമായ ഒരു ചിരിയോടെ ചക്കി തലയാട്ടി. വീട്ടിലെത്തിയ ചക്കിയോട് അമ്മ, വീട് അടിച്ച് വൃത്തിയാക്കാൻ പറഞ്ഞു. ചക്കി അതുചെയ്യാൻ ഉണ്ണിയോട് പറഞ്ഞു. ഇല്ലെങ്കിൽ താറാവിനെ കൊന്നകാര്യം പറയുമെന്ന് പറഞ്ഞ് അവനെ ഭീഷണിപ്പെടുത്തി. പാവം ഉണ്ണി പേടിച്ച് ചേച്ചി പറയുന്ന പണികളെല്ലാം ചെയ്യാൻ തുടങ്ങി. പിന്നെ പിന്നെ ചക്കി ഇതൊരു തരമാക്കി.

ചക്കിയെ അമ്മ ഏൽപിക്കുന്ന പണിയെല്ലാം, ഭീഷണിപ്പെടുത്തി ഉണ്ണിക്കുട്ടനെക്കൊണ്ട് അവൾ ചെയ്യിപ്പിച്ചുകൊണ്ടിരുന്നു. സ്വന്തം ജോലികളും ചേച്ചിയമ്മയുടെ ജോലികളും ചെയ്ത് ഉണ്ണിയാകെ കഷ്ടത്തിലായി.

എല്ലാ ദിവസവും അതിരാവിലെ എഴുന്നേറ്റ് പാലും പാത്രവും വാങ്ങുക എന്ന ഉത്തരവാദിത്വം ചക്കിയുടേതാണ്. ഒരു ദിവസം തന്റെ ജോലി ഉണ്ണിക്കുട്ടനെ ഏൽപിച്ച് ചക്കി മൂടിപുതച്ച് കിടന്നുറങ്ങുമ്പോൾ ഉണ്ണി തണുത്ത് വിറച്ചു പോകുന്നത് കണ്ട് അച്ഛൻ ചോദിച്ചു: "കുറച്ചു ദിവസമായി ഉണ്ണിക്കുട്ടൻ ചേച്ചിയമ്മയുടെ ജോലികളൊക്കെ ചെയ്യുന്നുണ്ടല്ലോ" എന്താ കാരണം? ചോദ്യം കേട്ട് ഭയപ്പെട്ടെങ്കിലും, അച്ഛന്റെ സ്നേഹപൂർവമായ നിർബന്ധത്തിനു മുന്നിൽ ഉണ്ണിക്കു പിടിച്ചു നിൽക്കാനായില്ല. കരഞ്ഞുകൊണ്ട് താറാവിനെ കൊന്നതും, ആരും അറിയാതെ മറവു ചെയ്തതും ചേച്ചിയുടെ ഭീഷണിയും പറയവേ, അച്ഛൻ ഇടപെട്ടു; ഇതായിരുന്നോ കാരണം?

നീ തൊടിയിൽ കളിക്കുമ്പോൾ തേങ്ങ എറിഞ്ഞതും താറാവ് ചത്തതുമെല്ലാം ഉമ്മറപ്പടിയിൽ ഇരുന്ന് ഞാൻ കാണുന്നുണ്ടായിരുന്നു. "നിങ്ങൾക്ക് അപ്പോൾ തന്നെ എന്റെ അടുക്കൽ പറഞ്ഞാൽ മതിയായിരുന്നില്ലേ! വെറുതെ പേടിച്ച് വിറച്ച് ഭീഷണിയിൽ വഴങ്ങി എന്തിന് അമിതഭാരം ചുമക്കുന്നു നീ." ഉണ്ണിയുടെ കരച്ചിൽ നിന്നു, പേടിയും മാറി. പിന്നീട് എന്ത് സംഭവിച്ചാലും ഉണ്ണി ഭയംകൂടാതെ അച്ഛനോടും അമ്മയോടും എല്ലാം പറയാൻ തുടങ്ങി. അന്നുമുതൽ എന്തെന്നില്ലാത്ത സ്വാതന്ത്ര്യവും സന്തോഷവും ഉണ്ണിക്ക് അനുഭവിക്കാൻ കഴിഞ്ഞു.

സൗഹൃദത്തിന്റെ നല്ല ലക്ഷണമാണ് തുറന്ന് പറച്ചിൽ. തുറന്ന് പങ്കുവയ്ക്കാൻ ഇടമില്ലാത്തതാണ് നമ്മുടെ അസ്വസ്ഥതയ്ക്കും അസമാധാനത്തിനും കാരണം. എം.ടി. വാസുദേവൻ നായർ എന്ന അതുല്യനായ എഴുത്തുകാരന്റെ ഒരു നോവലിൽപറയുന്ന തിങ്ങനെയാണ്. "ഒരു പള്ളി, പള്ളിക്കുള്ളിലൊരു കൂട്, ആ കൂട്ടിൽ വെള്ളത്താടിയുള്ള ഒരു പുരോഹിതൻ, ആ പുരോഹിതന്റെ അടുക്കൽ ആരോടും പറയാനാവാത്ത സങ്കടങ്ങൾ തുറന്നുപറഞ്ഞ്, മനംനിറഞ്ഞ മന്ദഹാസത്തോടെ കടന്നു പോകുന്ന മനുഷ്യർ; നമ്മുടെ അമ്പലങ്ങളിലും ഇങ്ങനെയൊരു കൂട് ഉണ്ടായിരുന്നെങ്കിൽ?!"


കൂട്ടുകെട്ടുകൾ ശക്തമായി നിലനിറുത്താനുള്ള എളുപ്പവഴിയാണ് നമ്മിൽ രഹസ്യങ്ങൾ ഇല്ലാതിരിക്കുക എന്നത്. ദൈവം എല്ലാം കാണുന്നുണ്ട്, അറിയുന്നുണ്ട്. ഒന്നും മറച്ചുവയ്ക്കാതെ രഹസ്യം എല്ലാം പങ്കുവയ്ക്കാനായാൽ വലിയ സ്വാതന്ത്ര്യവും ധൈര്യവും സമാധാനവും നമുക്ക് അനുഭവിക്കാൻ കഴിയും. അതാണ് ദൈവം നൽകുന്ന സൗഹൃദത്തിന്റെ ആഴവും.



# ചിരിയും ചിന്തയും


കാർട്ടൂൺ: ജോയ്സ് കെ.ജോസ്


ആശയം: ജോസ് കുര്യൻ





# ഫ്രണ്ട്സ് ഓഫ് കെയ്റോസ്

യുവജനങ്ങളുടെ ഭാവിയിൽ പ്രത്യാശയുള്ളവർ, അവരുടെ തകർച്ചയിൽ ആശങ്കയുള്ള വർ, അവരുടെ സ്നേഹ ക്കൂട്ടായ്മയാണ് ഫ്രണ്ട്സ് ഓഫ് കെയ്റോസ്. കെയ്റോസ് വഴിയുള്ള സുവിശേഷ പ്രഘോഷണത്തെ അവർ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇതിനോടു ചേർന്നു പ്രവർത്തി ക്കാൻ നിങ്ങളും ആഗ്രഹിക്കു ന്നുവെങ്കിൽ അറിയിക്കുക. മാസം തോറും 200/500/1000/2000 എന്നിങ്ങനെ മാറ്റി വയ്ക്കുന്ന സംഖ്യകൾ യുവജനങ്ങളുടെ രക്ഷയിൽ വലിയ പങ്കു വഹി ക്കുന്നുണ്ട്.


\nßfpsS kw`mh\Iƒ Hm¨sse\mbn Ab°m≥: www.kairos.global
IqSpX¬ hnhcßƒ°v: റാണി ജോർജ് +91 9446563335 finance@kairos.global



കെയ്റോസ് മിനിസ്ട്രിയും ഇൻറർസെഷൻ മിനിസ്ട്രിയും സംയുക്തമായി നടത്തുന്ന നൈറ്റ് വിജിൽ

## കെയ്റോസ് ഗ്രേഷ്യാ നൈറ്റ്

മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ.
നിങ്ങളുടെ പ്രാർഥനാ ആവശ്യങ്ങൾ ഞങ്ങളെ അറിയിക്കൂ, ഞങ്ങളുണ്ട് നിങ്ങൾക്കായി പ്രാർഥിക്കാൻ.
സ്ഥലം: എമ്മാവൂസ്, കളമശേരി. സമയം: 7:30 PM - 1:00 AM
ദയവായി ബന്ധപ്പെടുക: **ആഷിൽ ജോസഫ്:** 97 444 908 17
Ô prayer@kairos.global



## യൂത്ത് റിട്രീറ്റ്

SVD{]mÀY\m\ntIX³,ISp¯pcp¯n,tIm«bw

റവ.ഡോ. കുര്യൻ മറ്റത്തിലിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ഒരുക്കുന്ന യുവജന ധ്യാനം എല്ലാമാസവും കടുത്തുരുത്തി SVD ധ്യാനകേന്ദ്ര ത്തിൽ വച്ച് നടക്കുന്നു. രണ്ടാം ശനിയാഴ്ചക്ക് തൊട്ടുമുൻപുള്ള വെള്ളിയാഴ്ച വൈകുന്നേരം തുടങ്ങി ഞായറാഴ്ച തീരുന്ന വിധത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

വിവരങ്ങൾക്ക്:
**80866 85404, 98478 37474**

2019 DATES:
SEP 13-15 \ OCT 11-13 \ NOV 8-10 \ DEC 13-15

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2019-21
Date of publication: 01/09/2019. ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041
Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662